Reg No C. 101, M. 2..

ഒററപ്രതിക്ക 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

| പുസ്തകം 24 | 1126 കർക്കടകം 9 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ജൂലൈ 25 | ലക്കം 40 |
|---|---|---|

# യൂദാസിന്റെ ദരിദ്രസ്നേഹം


(ഫാദർ അഗസ്റ്റിൻ മണക്കാട്ടു്)

ക്രിസ്തു ലാസറിനെ ഉയിർപ്പിച്ചിട്ടു് ദിവസങ്ങൾ അധികം കഴിഞ്ഞിട്ടില്ല. പെസഹാമഹോത്സവത്തിനു് ഇനി ആറുദിവസങ്ങളേയുള്ളു. ബഥാന്യായിൽ യേശുവിന്റെ ബഹുമാനാർത്ഥം കെങ്കേമമായ ഒരു വിരുന്നുസൽക്കാരം നടക്കുന്നുണ്ടു്. സുന്ദരിയെങ്കിലും തന്റെ വേശ്യാവൃത്തികൊണ്ടു് മഗ്ദലേന എന്നപേരു് സ്വായത്തമാക്കി കുപ്രസിദ്ധിനേടിയിരുന്ന ഒരു സ്ത്രീ, വിലയേറിയ പരിമളതൈലം നിറച്ച ഒരു കുപ്പിയുമേന്തി വിരുന്നുശാലയിൽ പ്രവേശിച്ചു. പുരുഷാരത്തിന്റെ ഇടയിൽക്കൂടി തിങ്ങിഞെരുങ്ങി ക്രിസ്തുനാഥന്റെ സമീപം ചെന്നുചേർന്നു. അവൾ കരഞ്ഞുകൊണ്ടു രക്ഷാനാഥന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗംവീണു് അവയെ വിനയാന്വിതമായി ചുംബിച്ചു. അവയിന്മേൽ വീണ കണ്ണീർക്കണങ്ങളെ അവൾ തന്റെ ഘനവേണികൊണ്ടു് തുടച്ചു; അനന്തരം ചെപ്പുതുറന്നു് അതിസുരഭിലമായ പരിമളതൈലംകൊണ്ടു് അവൾ തൃപ്പാദങ്ങളെ അഭിഷേകംചെയ്തു. ആ സുഗന്ധതൈലത്തിന്റെ പരിമളത്താൽ ഭവനപരിസരമെല്ലാം സുരഭീകൃതമായിത്തീർന്നു. തന്റെ ഉപകർത്താവും രക്ഷകനും ഏകദൈവകസുതനുമായ യേശുനാഥനോടു് തനിക്കുള്ള കൃതജ്ഞതയും സ്നേഹബഹുമാനാദരങ്ങളും പ്രകാശിപ്പിക്കുന്നതിനു് ലഭിച്ച അമൂല്യാവസരം ഫലപ്രദമാക്കിത്തീർക്കാൻ ഇടയായതിൽ അവൾ സംതൃപ്തയായി. ക്രിസ്തുനാഥന്റെ നേർക്കു് ചെയ്ത ഈ മഹനീയകൃത്യത്തിൽ പ്രേക്ഷകർ എല്ലാംതന്നെ അതിസന്തുഷ്ടരായിക്കാണപ്പെട്ടു.

എന്നാൽ, ആരോ ചില പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുന്നുണ്ടു്. നീരസപ്രദങ്ങളായ ചില മുറുമുറുപ്പുകൾ. ആരായിരിക്കാം; ശത്രുവോ മിത്രമോ? പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുത്തൻ; യൂദാസ് ഇസ്കറിയോത്തു്. എന്താണു് പറഞ്ഞതു്? "ഈ നഷ്ടം എന്തിനു? ഈ പരിമളതൈലം വിററിരുന്നെങ്കിൽ മുന്നൂറിലധികം ദിനാറാ കിട്ടുകയില്ലായിരുന്നോ? അതു് ദരിദ്രർക്കു കൊടുക്കാൻ പാടില്ലായിരുന്നോ?"

യൂദാസിന്റെ ദരിദ്രസ്നേഹം! സ്നേഹമോ വൈരമോ? കരുണയോ ധനമോഹമോ? സർവ്വജ്ഞനായ ക്രിസ്തു എന്തുപറയുന്നു? "എന്തിനു നിങ്ങൾ ഈ സ്ത്രീയെ അസഹ്യപ്പെടുത്തുന്നു? അവൾ അതു ചെയ്തുകൊള്ളട്ടെ. അവൾ ഒരു നല്ലപ്രവൃത്തി എന്നിൽ ചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദരിദ്രർ എല്ലായ്പ്പോഴും നിങ്ങളോടുകൂടെയുണ്ടു; നിങ്ങൾക്കു ഇഷ്ടമുള്ളപ്പോഴൊക്കെ അവർക്കു നന്മചെയ്യാം. എന്നാൽ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കയില്ല. ഇവൾ ഇവളുടെ ശക്തിയിൽപ്പെട്ടതെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു; എന്റെ ശവസംസ്കാരത്തിനായി ഇവൾ മുൻകൂട്ടി എന്റെ ശരീരത്തെ അഭിഷേകംചെയ്തിരിക്കുന്നു. ലോകത്തിൽ എവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ, അവിടെയെല്ലാം ഇവൾ ഇപ്പോൾചെയ്തിരിക്കുന്നതു് ഇവളുടെ ഓർമ്മയ്ക്കായി പ്രഖ്യാപനംചെയ്യപ്പെടുമെന്നു് സത്യമായി നിങ്ങളോടു് ഞാൻ പറയുന്നു."

യൂദാസിന്റെ ദരിദ്രസ്നേഹം! ദരിദ്രരോടുള്ള സ്നേഹംതന്നെയാണോ ഇതു? സുവിശേഷകൻ ഇതിനെപ്പററി എന്തുപറയുന്നുവെന്നു് നോക്കാം. "അവൻ ഇതു് പറഞ്ഞതു് പാവപ്പെട്ടവരെപ്പററി അവനു് അത്ര അനുകമ്പയുണ്ടായിരുന്നതുകൊണ്ടല്ല; പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടാണു്. പണസഞ്ചി അവന്റെ കൈവശമായിരുന്നതിനാലും അതിൽ നിക്ഷിപ്തമായവയുടെ കൈകാര്യം അവൻതന്നെ നടത്തിയിരുന്നതുകൊണ്ടുമാണു്." സുവിശേഷകന്റെ ഈ സമർത്ഥനം യൂദാസിന്റെ അനന്തരപ്രവൃത്തികൾ പ്രസ്പഷ്ടമാക്കി. മുന്നൂറുദിനാറിനാണയം വിലയുള്ള സുഗന്ധതൈലം സദ്ഗുരുവും ദൈവസുതനുമായ ക്രിസ്തുവിനുവേണ്ടി ചെലവഴിക്കുന്നതു് കണ്ടുസഹിക്കാൻ വയ്യാഞ്ഞ യൂദാസ്, തന്നെ അത്യധികം സ്നേഹിച്ച ആ ദിവ്യഗുരുവിനെ മുപ്പതു വെള്ളിക്കാശിനു് ശത്രുക്കൾക്കു് വില്ക്കാൻ തെല്ലും മടിച്ചില്ല. അവസാനം അവൻ നിരാശനായി കെട്ടിഞാന്നു മരിക്കയുംചെയ്തു. ഭയങ്കരം!




അൽഫോൻസാമ്മയുടെ അഞ്ചാമത്തെ ചരമവാർഷികം അടുത്ത ശനിയാഴ്ചയാണു്.

യൂദാസിന്റെ ദരിദ്രസ്നേഹം! ജനസാമാന്യത്തെ കൊള്ളചെയ്യുന്നതിനും ചൂഷണംചെയ്യുന്നതിനും കച്ചകെട്ടി ഇറങ്ങുന്നവരുടെ മിടുക്കുവിദ്യ; പാവപ്പെട്ടവരുടെ മറപററിനിന്നുകൊണ്ടു് കൊടുംവഞ്ചന നടത്തുന്നവരുടെ പ്രതിച്ഛായ; അധികാരം പിടിച്ചെടുക്കുന്നതിനുവേണ്ടി പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും ഉററമിത്രങ്ങളായി അഭിനയം നടത്തുന്ന രാഷ്ട്രീയപാർട്ടികളുടെ കൺകെട്ടുവിദ്യ; സ്വാർത്ഥലാഭത്തിനായി പാവപ്പെട്ട തൊഴിലാളിലക്ഷങ്ങളെ തോക്കിനിരയാക്കുന്ന നേതൃമ്മന്യന്മാരുടെ സാധുജനപ്രണയം. മുപ്പതു വെള്ളിക്കാശിനുവേണ്ടി മുപ്പാരിന്റേയും ഉടയവനെ വിററുകളയാൻ മടിക്കാത്ത ധനമോഹം!

യൂദാസിന്റെ ദരിദ്രസ്നേഹം! പാവപ്പെട്ടവരോടു് കരുണ കാണിക്കുന്നതു വളരെ നല്ലതാണു്. അതിനുള്ള സൗകര്യവും നമുക്കു് സുലഭമാണു്. കാരണം, ദരിദ്രർ എല്ലായ്പ്പോഴും നമ്മോടുകൂടിയുണ്ടു്. നമുക്കു് ഇഷ്ടമുള്ളപ്പോഴൊക്കെ അവർക്കു് നന്മചെയ്യാം. അതിനെ ആരും തടയുന്നില്ല. അതിനു് അനന്തമായ പ്രതിഫലം ക്രിസ്തുനാഥൻ വാഗ്ദാനംചെയ്തിട്ടുമുണ്ടു്. എന്നാൽ, നമ്മുടെ അസ്തിത്വത്തിനുതന്നെ കാരണമായ സർവ്വേശനോടു് നമുക്കുള്ള കടപ്പാടു് മാററിവയ്ക്കാമോ? മരണാനന്തരം അവിടുത്തെ സേവിക്കുന്നതിനുള്ള അവസരം നമുക്കു് ഉണ്ടാകയില്ലല്ലോ. സർവ്വസ്വത്തിന്റേയും ഉടയവൻ അവിടുന്നാണു്. അതു് നാം സമ്മതിക്കണം. അവിടുത്തെ കാരുണ്യത്താൽ പ്രദാനംചെയ്യാത്തവയായി നമുക്കു് ഒന്നുമില്ല. അവിടുന്നു് നമുക്കു് നൽകിയിട്ടുള്ളവയിൽനിന്നു് ഒരംശം അവിടുത്തെ പരമാധിപത്യം അംഗീകരിക്കുന്നതിനും അവിടുത്തെ മഹത്വം പ്രഖ്യാപിക്കുന്നതിനുമായി നാം വിനിയോഗിക്കുന്നെങ്കിൽ അതു് ഒരു ദോഷമല്ല; ദുർവിനിയോഗമല്ല; നഷ്ടമല്ല; ദരിദ്രവഞ്ചനയല്ല; അതു് സർവ്വേശനു് പ്രിയംകരമായ ഒരു സൽപ്രവൃത്തിയാണു്; കൃതജ്ഞതയാണു്; അനുഗ്രഹപ്രദായകമാണു്; അനുകരണീയമാണു്; അഭിലഷണീയമാണു്. അതുകൊണ്ടു് നമ്മുടെ ഭണ്ഡാകാരം പൊളിഞ്ഞുപോകയില്ല; നമ്മുടെ കുടുംബം കെട്ടുപോകയില്ല; നമ്മുടെ സന്താനങ്ങൾ പട്ടിണിയിൽ പെട്ടുപോകയില്ല; നമ്മുടെ അയൽക്കാർ ദാരിദ്ര്യത്തിൽ ആണ്ടുപോകയില്ല. കാരണം, ദൈവം സർവ്വസമ്പന്നനാണു്. അവിടുത്തേക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾക്കു് നൂറിരട്ടിയായി പ്രതിഫലം നൽകാൻ അവിടുത്തേക്കു് കഴിവുണ്ടു്. മറിയം മഗ്ദലേന ചെയ്ത സൽകൃത്യം സുവിശേഷം പ്രസംഗിക്കപ്പെടുന്നിടത്തെല്ലാം പ്രഖ്യാപിക്കപ്പെടും. ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന സൽകൃത്യങ്ങളും അനവരതം പ്രശംസിക്കപ്പെടുകയും അളവില്ലാതെ പ്രതിസമ്മാനിക്കപ്പെടുകയും ചെയ്യും.

യൂദാസിന്റെ ദരിദ്രസ്നേഹം! "ഈ നഷ്ടം എന്തിനു്; ഈ പരിമളതൈലം വിററു് ദരിദ്രർക്കു് കൊടുക്കാൻ പാടില്ലായിരുന്നോ?" എന്നു് യൂദാസിനെപ്പോലെ ആക്രോശിക്കുന്ന നാമമാത്രകത്തോലിക്കർ ഇന്നും നമ്മുടെ ഇടയിൽ ഇല്ലേ? ദൈവത്തിനു് പണം എന്തിനു? എന്തിനാണു് പെരുന്നാളുകൾക്കും ദിവ്യകർമ്മാദികൾക്കുമായി ഇത്രയേറെ സംഖ്യ ചെലവാക്കുന്നതു്? ദൈവാലയങ്ങൾക്കും മററു മതസ്ഥാപനങ്ങൾക്കും വേണ്ടി എത്ര ഭീമമായ ധനമാണു് വ്യയംചെയ്യുന്നതു്. മരിയൻകോൺഗ്രസ്സ്, ദിവ്യകാരുണ്യകോൺഗ്രസ്സ്, തിരുവുത്തരീയകോൺഗ്രസ്സ് ആദിയായവയ്ക്കുവേണ്ടി വാരിക്കോരി പണം ചെലവഴിക്കുന്നില്ലേ? ഫാത്തിമാമാതൃസ്വരൂപത്തിന്റെ ലോകപര്യടനം സംബന്ധിച്ചു് കോടിക്കണക്കിനു് ധനം പൊടിച്ചില്ലേ? എന്തിനു് ഈ നഷ്ടം! ഇവയെല്ലാം പാവപ്പെട്ടവർക്കുവേണ്ടി ചെലവഴിച്ചുകൂടായിരുന്നോ? മതപരമായ ഈ അനാവശ്യച്ചെലവുകൾ എല്ലാം ചുരുക്കി അഷ്ടിക്കു വകയില്ലാതെ കഷ്ടപ്പെടുന്ന ദരിദ്രലക്ഷങ്ങളെ സഹായിച്ചുകൂടയോ? മതത്തിന്റെ പേരി

# ജനാധിപത്യത്തിന്റെ സാക്ഷാത്തായ അടിസ്ഥാനം

(ഫാദർ പി. പറമ്പിൽ എം. എ.)

ഭാഗ്യസ്മരണനീയനായ പതിമൂന്നാം ലിയോ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് സോഷ്യലിസത്തിനു് എതിരായി, എല്ലാ മനുഷ്യർക്കും സ്വത്തുടമയ്ക്കു് ജന്മനാൽ അർഹതയുണ്ടു് എന്നു് തന്റെ വിശ്വവിഖ്യാതമായ ലേഖനത്തിൽ സമർത്ഥിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുകാർ ലോകത്തിലെ എല്ലാം വിപത്തുകൾക്കും നിദാനം സ്വകാര്യസ്വത്തുടമസ്ഥതയാണു് എന്നു് ഘോഷിക്കുന്നുണ്ടല്ലോ. മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് കുടുംബങ്ങളുടെ സുസ്ഥിരതയ്ക്കു് പ്രസ്തുത സ്വത്തവകാശം അത്യന്താപേക്ഷിതമാണെന്നാണു് നിർദ്ദേശിക്കുന്നതു്. പതിനൊന്നാംപിയൂസ് മാർപ്പാപ്പ ഭൗതികവസ്തുക്കളിന്മേലുള്ള അവകാശം കുറച്ചുമാത്രം വ്യക്തികളിൽ കേന്ദ്രീകരിച്ചുകാണുന്ന ആധുനികലോകത്തിലെ സമ്പ്രദായം ആക്ഷേപാർഹമെന്നു കരുതുകയും ലോകത്തിലെ വിഭവങ്ങൾ മനുഷ്യവ്യക്തികൾക്കു് എല്ലാവർക്കും ലഭിക്കത്തക്കവിധത്തിൽ അവകാശവിതരണം ചെയ്യേണ്ടതാണെന്നു നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടു്. 12-ാംപിയൂസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ടു് പ്രസ്തുത അവകാശത്തെ കൂടുതൽ വിപുലമായ അടിസ്ഥാനത്തിൽനിന്നാണു് വീക്ഷിക്കുന്നതു്. സ്വത്തുടമസ്ഥത വ്യക്തിസ്വാതന്ത്ര്യത്തിനു് ഒഴിച്ചുകൂടാത്ത ഒരുപാധിയായിട്ടാണു് തിരുമേനി പരിഗണിക്കുന്നതു്.

പ്രസ്തുതാശയം കേവലം നൂതനമായ ഒന്നല്ല. 13-ാംനൂററാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധനായ തോമാ മല്പാൻ അടിമകളേയും സ്വതന്ത്രന്മാരേയും തിരിച്ചറിയുന്നതു് ഈ മാനദണ്ഡം വെച്ചുകൊണ്ടാണു്. സ്വതന്ത്രന്മാർ ഭൂസ്വത്തുടമസ്ഥന്മാരും അടിമകൾ ഉടമാവകാശം നിഷേധിക്കപ്പെട്ടവരും ആണെന്നാണു് വിശുദ്ധന്റെ വാദമുഖം. അടിമകൾക്കു് അവരുടെ യജമാനന്മാരുടെ ഭരണത്തിനു് എതിരായി പ്രായോഗികമായ നിലയിൽ പ്രക്ഷോഭണം നടത്തുന്നതിനു് ശക്തിയില്ലാത്തതു് അവർക്കു് അസ്വതന്ത്രരായി ഐഹികവസ്തുക്കളിൽ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ടാണു്; പ്രത്യുത, സ്വതന്ത്രന്മാർക്കു് അവരുടെമേൽ അധികാരം ചെലുത്തുന്ന മേധാവികളുടെ ദുർഭരണത്തിനു് എതിരായി ബലപ്രയോഗം നടത്തുവാൻ സാധിക്കുന്നതു് അവർക്കുള്ള സ്വത്തുടമയുടെ പിൻബലംകൊണ്ടാണു്. ഇങ്ങനെ വ്യക്തിസ്വാതന്ത്ര്യത്തിനു് നിദാനമായി നിലകൊള്ളുന്നതു് ഐഹികവസ്തുക്കളിന്മേലുള്ള ഉടമാവസ്ഥയാകണം എന്നുതന്നെയാണു് വിശുദ്ധന്റെ അഭിപ്രായം. ആധുനികനൂററാണ്ടിന്റെ ആരംഭദശയിൽപ്പോലും രാഷ്ട്രീയസ്വാതന്ത്ര്യം ഭൂസ്വത്തുടമയിലാണു് സ്ഥിതിചെയ്യുന്നതു് എന്ന അഭിമതം പല രാജ്യങ്ങളിലും പ്രകടമായി കണ്ടിരുന്നു.

അമേരിക്കൻ ഡിമോക്രസിയുടെ ആരംഭദശയിൽ വോട്ടവകാശം ഭൂസ്വത്തു് കൈവശം ഉള്ളവർക്കേ അനുവദിക്കപ്പെട്ടിരുന്നുള്ളു. ഈ നിർദ്ദേശത്തിൽ അന്തർലീനമായി കിടക്കുന്ന തത്വം സമ്മതിദാനത്തിനു് അത്യാവശ്യമായ സ്വാതന്ത്ര്യം ഭൂവുടമസ്ഥന്മാർക്കേ ഉണ്ടാകയുള്ളു എന്നും, സ്വത്തു് കൈവശം ഇല്ലാത്തവർക്കു് മതിയായ സ്വാതന്ത്ര്യത്തോടുകൂടി വോട്ടുചെയ്യുവാൻ അസാദ്ധ്യമാണെന്നും ഉള്ളതാണു്. ഈ അഭിപ്രായത്തിനു് കാലാന്തരത്തിൽ മാററം വന്നിട്ടുണ്ടെങ്കിലും ആധുനികനൂററാണ്ടിൽ ചില രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന സമ്മതിദാനക്രമത്തിൽ ഉള്ള അഴിമതികൾ പ്രസ്തുതാഭിപ്രായത്തെ അനുകൂലിക്കുന്ന മട്ടിൽ ഉള്ളതാണെന്നു് തോന്നിപ്പോകും.

12-ാംപിയൂസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ടു് മനുഷ്യവ്യക്തിമാഹാത്മ്യത്തിനു് അത്യന്താപേക്ഷിതമായ ഒരുഘടകമായിട്ടാണു് ഭൂസ്വത്തവകാശത്തെ പരിഗണിക്കുന്നതു്. അവിടുന്നു് 1942-ൽ പ്രക്ഷേപണംചെയ്ത ക്രിസ്തുമസ് സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്. "വ്യക്തിമാഹാത്മ്യത്തിനു് അതിന്റെ സ്വാഭാവികാടിസ്ഥാനംപോലെ നിലകൊള്ളുന്നതാണു് ഭൂവിഭവങ്ങളെ സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുവാനുള്ള അവകാശം. പ്രസ്തുതാവകാശത്തിൽനിന്നു് ഉദിക്കുന്ന ഒരു ചുമതലയാണു് കഴിയുമെങ്കിൽ എല്ലാ മനുഷ്യവ്യക്തികൾക്കും സ്വകാര്യസ്വത്തുടമസ്ഥത കൈവരുത്തിക്കൊടുക്കുക എന്നതു്.

സാമുദായികസമാധാനം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണം സഫലമായി പരിണമിക്കണമെങ്കിൽ അതിനു്, തൊഴിലാളിയെ അവന്റെ വ്യക്തിപരമായ അവകാശത്തിനു് കടകവിരുദ്ധമായ സാമ്പത്തികാടിമത്തത്തിൽ നിപതിക്കാതെ സൂക്ഷിക്കുന്നതിനു് ശേഷിയുണ്ടാകണം." 1944 സെപ്റ്റംബർ ഒന്നാം തീയതി പ്രസ്തുതാശയത്തെ തുടർന്നുകൊണ്ടു് പരിശുദ്ധപിതാവു് പ്രസ്താവിക്കുന്നു. "സ്വത്തു് സാമ്പത്തികസ്വാതന്ത്ര്യത്തെ മാത്രമല്ല രാഷ്ട്രീയവും, സാംസ്കാരികവും, മതപരവുമായ സ്വാതന്ത്ര്യത്തെയുംകൂടി കൈവരുത്തുന്ന ഒന്നാണു്. അതു് മനുഷ്യനു് യുക്തിപൂർവ്വമായ സ്വാതന്ത്ര്യത്തോടുകൂടി അവന്റെ ധാർമ്മികചുമതലയെ നിർവ്വഹിക്കുന്നതിനു് ഏററവും പര്യാപ്തവും സുസ്ഥിരവുമായ ഒരു ബാഹ്യാടിസ്ഥാനത്തെ പ്രദാനംചെയ്യുന്നു. സ്ഥൂലവിഭവങ്ങളെ ഉപയോഗിക്കുന്നതിനുള്ള അവകാശം സംരക്ഷിച്ചാൽ മനുഷ്യവ്യക്തിമാഹാത്മ്യം സുരക്ഷിതമാകും."

സോഷ്യലിസമോ, കമ്മ്യൂണിസമോ, ജീവസന്ധാരണത്തിനു് ആവശ്യമായ സാമഗ്രികൾ മനുഷ്യനു് പ്രദാനംചെയ്തു എന്നു വന്നാൽതന്നെ വ്യക്തിസ്വാതന്ത്ര്യത്തെയും ആത്മാഭിമാനത്തെയും സംരക്ഷിക്കുന്നതിനു് ഈ പ്രസ്ഥാനങ്ങൾക്കു് സാദ്ധ്യമല്ല. രാഷ്ട്രത്തിന്റെ ശക്തി ഉപയോഗിച്ചു് ഐഹികജീവിതത്തിനു് ആവശ്യമായ വിഭവവിതരണം നടത്താൻ സാധിക്കുമെന്നു് അഭിപ്രായപ്പെടുന്നവർ സ്വകാര്യസ്വത്തുടമയെ മാനിക്കുന്നവരല്ല. ബാഹ്യവിഭവങ്ങളെ സ്വന്തമായി ഉപയോഗിക്കുവാൻ ഉള്ള അവകാശം ഏററവും പ്രാഥമികമായ ഒന്നാണു്. ഈ അവകാശം നടപ്പിൽവരുത്തുന്ന ഒരു പ്രസ്ഥാനം മാത്രമാണു് സ്വകാര്യസ്വത്തുടമ. പ്രസ്തുതാവകാശത്തെ ദുഷ്പ്രയോഗിക്കുമ്പോൾ അനുഭവപ്പെടുന്ന ഒരു വിപത്താണു് ഐഹികവസ്തുക്കൾ ഏതാനും വ്യക്തികളിൽമാത്രം കേന്ദ്രീകരിച്ചു് അവ സാർവ്വത്രികമായി മനുഷ്യോപയോഗത്തിനു് ലഭിക്കാതെവരുന്നതു്. ഈദൃശദുഷ്പ്രയോഗം സ്വകാര്യസ്വത്തുടമയുടെ മൗലികലക്ഷ്യത്തെ തകിടംമറിക്കുന്നു.

ഭൂവിഭവങ്ങൾ കുറച്ചുമാത്രം വ്യക്തികളുടെ അധീനത്തിൽ കേന്ദ്രീകരിക്കപ്പെടുകയും ഭൂരിപക്ഷം സാമാന്യജനങ്ങൾ നിർദ്ധനതയിൽ ആണ്ടുകൊണ്ടു മനുഷ്യവ്യക്തിക്കു് യോജിക്കാത്ത സാമ്പത്തികാടിമത്തത്തിൽ പെട്ടുപോകയും ചെയ്യുന്ന അവസ്ഥ തിരുസഭാദർശങ്ങൾക്കു് വിരുദ്ധമാണു്. ദൈവനിശ്ചയത്തിനു് അനുയോജ്യവും മനുഷ്യസ്വഭാവത്തിനു ചേർന്നതുമായ രീതിയിൽ സ്വകാര്യസ്വത്തുടമസ്ഥാവകാശം നടപ്പിൽ വരുത്തിയാലേ ഈശ്വരച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനു് സ്വാതന്ത്ര്യത്തോടും അഭിമാനത്തോടുംകൂടി ജീവസന്ധാരണം ചെയ്തു് ഇഹത്തിൽ ജീവിതോദ്ദേശം സഫലീകരിച്ചു് മുക്തി നേടുന്നതിനു് ഒരു പ്രേരണയായി ഭവിക്കൂ.

എല്ലാ മനുഷ്യർക്കും ജീവസന്ധാരണത്തിനു് അത്യാവശ്യമായ ഭൂസ്വത്തു് ഉണ്ടായിരിക്കണമെന്നാണല്ലോ പരിശുദ്ധപിതാവു് നിർദ്ദേശിക്കുന്നതു്. മനുഷ്യസമുദായത്തിൽ ഒട്ടാകെ വിതരണംചെയ്തു കാണണം എന്നു് ഉദ്ദേശിക്കുന്ന സ്വത്തു് വിവിധസമ്പ്രദായത്തിൽ ഉള്ളതു് ആകാം. കൃഷിസ്ഥലമോ, യന്ത്രശാലയുടെ ഉടമസ്ഥതയോ, കച്ചവടമോ മുതലായ ഏതെങ്കിലും സുസ്ഥിരമായ ഏർപ്പാടു് ആയാലും മതിയാകും. സ്വന്തപ്രയത്നഫലമായി പ്രസ്തുതധനാർജ്ജനമാർഗ്ഗങ്ങളിൽനിന്നു് പരാശ്രയംകൂടാതെ ജീവസന്ധാരണത്തിനു് അത്യാവശ്യമായ വിഭവങ്ങൾ കൈവരുവാൻ സാധിക്കണമെന്നേയുള്ളു.

തിരുമേനിയുടെ ആദർശത്തിനു മുമ്പിൽ വിലങ്ങടിച്ചു കിടക്കുന്ന പല പ്രസ്ഥാനങ്ങളും ആധുനികലോകത്തിൽ സുലഭമായികാണാം. അവയിൽ ചിലതിനെ മാത്രം പരിഗണിക്കാം. ഒരു വ്യക്തിയോ അല്ലെങ്കിൽ കുറെ ആളുകൾ കമ്പനിയായി ചേർന്നോ നടത്തുന്ന വമ്പിച്ചതോതിലുള്ള വ്യവസായശാലകൾ ഇവയിൽപ്പെടും. ഈ പ്രസ്ഥാനങ്ങളിൽനിന്നു് ലഭിക്കുന്ന ലാഭം ഒരു ആൾക്കോ അല്ലെങ്കിൽ ചുരുക്കം ചില ആളുകൾക്കു് മാത്രമോ ഉള്ളതായിരിക്കും. ആയിരക്കണക്കിനു് തൊഴിലാളികൾ ഇവയിൽ ജോലിചെയ്യേണ്ടതായിവരും. ഇവരുടെ സമ്പാദ്യം ഇവർക്കു് ഉപജീവനമാർഗ്ഗം പ്രദാനംചെയ്യുന്നുണ്ടെങ്കിലും സാമ്പത്തികസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരാണു് ഇവരെല്ലാം. മനുഷ്യവ്യക്തിമാഹാത്മ്യത്തിനു് അടിസ്ഥാനമായ സാമ്പത്തികസ്വാതന്ത്ര്യം ഇവർക്കാർക്കുംതന്നെയില്ല.

വ്യക്തിയുടമയിലോ, കൂട്ടുടമയിലോ ഉള്ള യന്ത്രശാലകൾ വർദ്ധിച്ചുവരുന്തോറും സാമ്പത്തികാടിമത്തത്തിൽ വീണുപോകുന്ന ആളുകളുടെ സംഖ്യയും വർദ്ധിക്കും. ഇതിനുള്ള പരിഹാരം വളരെയധികം വ്യക്തികൾക്കു് ഉടമസ്ഥാവകാശം സിദ്ധിക്കത്തക്ക നിലയിലുള്ള യന്ത്രശാലകൾ സൃഷ്ടിക്കയോ അല്ലെങ്കിൽ ചെറിയ സംഘം ആളുകളുടെ ഉടമസ്ഥതയിൽ പരിമിതതോതിലുള്ള നിരവധി യന്ത്രശാലകൾ ഏർപ്പെടുത്തുകയോ ചെയ്യുന്നതായിരിക്കും. ഇവയിൽ രണ്ടാമത്തെ പ്രസ്ഥാനം പരസ്പരസഹായ സംഘാടിസ്ഥാനത്തിന്മേൽ നിർമ്മിക്കപ്പെടുന്നതായിരിക്കും ശരിയായ പരിഹാരമാർഗ്ഗം എന്നാണു് തിരുമേനിയുടെ അഭിപ്രായം. പ്രസ്തുതാഭിമതം നടപ്പിൽവരുത്തുന്നതിനു് ചില പ്രയാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. എങ്കിലും സാമാന്യജനക്ഷേമത്തെ ഉന്നംവെച്ചു് പ്രവർത്തിക്കുവാനുള്ള ക്രിസ്തീയ മനസ്ഥിതിയിൽനിന്നു് പുറപ്പെടുന്ന പരിശ്രമങ്ങൾക്കും നിയമനിർമ്മാണങ്ങൾക്കും ഇവയെ തരണംചെയ്യാൻ സാധിക്കണം.

(തുടരും)

## ഉപകാരസ്മരണ



മണ്ണാറത്തു് മത്തായി എസ്തപ്പാനോസ്
കലയന്താനി

---

ൽ നടക്കുന്ന ഈ അഴിമതികൾക്കു് ഒരന്തം വരുത്തേണ്ട കാലം അതിക്രമിച്ചുപോയെന്നു് അലറിക്കൊണ്ടിരിക്കുന്ന കത്തോലിക്കരായ അധുനാതനയൂദാസന്മാർ ഇന്നും ധാരാളമുണ്ടു്. പ്രകൃത്യാ ധനേച്ഛുക്കളും ദുർമ്മോഹികളും വഞ്ചകന്മാരുമായ ഇക്കൂട്ടർ പാവപ്പെട്ടവരുടെ ഉദ്ധാരണത്തെക്കാൾ സ്വാർത്ഥലാഭമാണു് അഭിവാഞ്ഛിക്കുന്നതെന്നു് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു്. കാമക്രോധലോഭമോഹാദികൾക്കു് വശീഭവിച്ചു് നാട്ടിനും വീട്ടിനും കൊള്ളാത്ത ഒരുതരം പച്ചപ്പരിഷ്ക്കാരികളാണു് ഇവർ എന്നു് അവരുടെ ആഭ്യന്തരജീവിതം പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണു്. ചിത്തമരത്തിൽനിന്നു് നല്ലഫലം പുറപ്പെടുക അസാദ്ധ്യമാണല്ലോ. ഇങ്ങനെയുള്ളവരുടെ അന്ത്യവും യൂദാസിന്റേതിൽനിന്നു് വിഭിന്നമായിരിക്കയില്ല. മതപരമല്ലാത്ത അനാവശ്യകാര്യങ്ങൾക്കായി എത്ര സംഖ്യയാണു് വ്യയംചെയ്യുന്നതു്. മദ്യപാനാസക്തി, ആഡംബരഭ്രമം, അമിതഭോഗേച്ഛ, വ്യർത്ഥവിനോദപ്രിയം, ദുർവ്വാശി മുതലായവ സാധിക്കുന്നതിനായി ഭീമമായ സംഖ്യ ചെലവഴിക്കുന്നതിൽ ആരും ആകുലപ്പെടുന്നില്ല. കേവലം തല്ക്കാലികവും ശാരീരികവുമായ കാര്യങ്ങൾക്കായിട്ടുള്ള ധനവ്യയം ഉപകാരപ്രദമെങ്കിൽ സനാതനവും സർവ്വപ്രധാനവുമായ പരമാത്മപ്രാപ്തിക്കുപകരിക്കുന്ന കാര്യങ്ങൾക്കുവേണ്ടിയുള്ള വ്യയം ഒരു നഷ്ടമാകുന്നതെങ്ങനെ? എന്നും ലോകത്തിലുണ്ടായിരിക്കുന്ന ദരിദ്രരോടു് കരുണകാണിക്കുന്നതു് അഭിനന്ദനീയമാണു്. എന്നാൽ സർവ്വനന്മകളുടേയും ദാതാവായ സർവ്വേശ്വരൻ ന്യായമായി അർഹിക്കുന്നതു് യഥോചിതം നൽകുന്നതുകൊണ്ടു് ലോകം ദാരിദ്ര്യത്തിൽ ആണ്ടുപോകയില്ല. "അങ്ങയുടെ ആരാധന ലോകത്തെ ദാരിദ്ര്യമഗ്നമാക്കുന്നില്ല" എന്ന "ഗീതാഞ്ജലി" കർത്താവായ രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ പ്രകൃതത്തിൽ സ്മരണീയമാണു്.

---

## പ്രത്യേക അറിയിപ്പ്

സത്യദീപം പുറപ്പെടുന്ന ബുധനാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ പത്രക്കെട്ടയക്കുന്നതിനു കൂടുതൽ തപാൽ ചിലവു വേണ്ടിവരുന്നതുകൊണ്ടു് ബുധനാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ പത്രക്കെട്ടയക്കുന്നതല്ല. അതിനാൽ പത്രം പുറപ്പെടുന്ന ബുധനാഴ്ചതന്നെ പത്രക്കെട്ട അയച്ചുതരേണ്ടതിലേക്കായി ചൊവ്വാഴ്ചകളിൽ പത്രവില മുൻകൂറായി ആപ്പീസിൽ അടച്ചിരിക്കേണ്ടതാണെന്നുള്ള വിവരം മാന്യ ഏജൻറന്മാരെ അറിയിച്ചുകൊള്ളുന്നു. പത്രക്കെട്ട പോസ്റ്റാപ്പീസിൽനിന്നും വാങ്ങിക്കാൻ ഏർപ്പാടുകൾ ചെയ്യേണ്ടതാണു്.

മാനേജർ, സത്യദീപം

---

കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

ഡയറക്ടറന്മാർ

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്ക ജോസഫ്
ബി. എ. ബി. എൽ.

കുട്ടനുരുത്തി
കാരാമയിൽ സി. ഒ. ബ്രദേഴ്സ്
സ്വൎണ്ണ വ്യാപാരം
പരിഷ്കരിച്ച പണിവാസന—പരിപൂൎണ്ണ ഉത്തരവാദിത്വം

ചെറുകഥ

# ജോലിക്കാരൻ

(ജി. സി. ടീലാർ)

അല്പം ഉയൎന്നു് ഒരു ചെറുകുന്നിന്റെ മുകളിലാണിരിക്കുന്നതു് ആ കെട്ടിടം. ചെറുതെങ്കിലും വളരെ വൃത്തിയുണ്ടു്. തൊട്ടുതാഴത്തായി ഇടതുവശം ചേൎന്നു് കരിങ്കൽ കുഴിച്ചുണ്ടാക്കിയ ഒരു കുളം കാണാം. അതിന്റെ വക്കത്തുകൂടി അല്പ ദൂരം താഴേക്കു നടന്നാൽ ചെന്നു നില്ക്കുന്നതു റോഡിൽ. പച്ചപ്പട്ടു വിരിച്ച മട്ടിൽ നീണ്ടുകിടക്കുന്ന നെൽപ്പാടങ്ങളും അവയ്ക്കടുത്തുനിന്നും ഉയൎന്നു വിരിഞ്ഞടിയുന്ന പാറക്കെട്ടുകളും, തണൽവിരിച്ചുകൊണ്ടു് അവയ്ക്കുമുകളിൽ തല നീട്ടിനില്ക്കുന്ന തെങ്ങിൻതോപ്പുകളും മനോഹരമായ ഒരു കാഴ്ച നൽകുന്നു. ആ വീടിന്റെ മുററത്തുനിന്നു് ചുററുപാടും നോക്കിയിട്ടു് അഭിമാനംകൊള്ളാറുണ്ടു്, മി. തോമ്മസ്. പരസേവനം ഒരു വ്രതമായി എടുത്തിരിക്കുന്ന ആളാണദ്ദേഹമെന്നു പരിചയമുള്ളവർ പറയുന്നു. അദ്ദേഹത്തോടു ചേൎന്നുനില്ക്കുന്ന ആളുകളാണു് മിസ്സസ് തോമ്മസ്സും കുട്ടികളും.

"സ്നേഹിതാ, കത്തോലിക്കാസഭയെപ്പോലെ സാധുജനസംരക്ഷണം നിൎവ്വഹിക്കുന്ന ഒരു സ്ഥാപനം ഭൂമുഖത്തു വേറെയില്ല. 354 ആശുപത്രികൾ, 675 ഡിസ്പെൻസറികൾ, 86 കുഷ്ഠരോഗാശുപത്രികൾ, 13 ക്ഷയരോഗ ചികിത്സാകേന്ദ്രങ്ങൾ, 18 സ്ഥാപനങ്ങൾ ഊമന്മാൎക്കും ചെകിടന്മാൎക്കും കുരുടന്മാൎക്കുംവേണ്ടി—ഈ ഭാരതത്തിൽത്തന്നെ കത്തോലിക്കാസഭ ചെയ്യുന്നതിന്റെ ഒരു കണക്കാണു ഞാൻ പറഞ്ഞതു്. ഇതുപോലെ എത്ര രാജ്യങ്ങളിൽ! എന്നിട്ടും ലോകം അതു വിലമതിക്കാത്തതു് ആശ്ചര്യകരമായിരിക്കുന്നില്ലേ?" ചോദിച്ചു മി. സെബാസ്റ്റ്യൻ. തോമ്മസ് ചിന്താമഗ്നനായി അല്പനേരം ഇരുന്നുപോയി. എന്നിട്ടു പറഞ്ഞു: "കത്തോലിക്കാസഭയുടെ സാധുജനസേവനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നവരുണ്ടു്. കണ്ണടച്ചവളെ അപലപിക്കുന്നവരുമുണ്ടു്. ലോകം എന്നു പറയുമ്പോൾ അപലപിക്കുന്നവർമാത്രം എന്നാണോ നാം മനസ്സിലാക്കേണ്ടതു്?"

"അങ്ങനെ മനസ്സിലാക്കണമെന്നില്ല. പക്ഷെ ഭൂരിപക്ഷംപേരും അപലപിക്കുന്നവരാണെങ്കിൽ?"

"ശരി, ഇന്നു് അപലപിക്കുന്നവരായിരിക്കാം ഒരു ഭൂരിപക്ഷം. കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ് അനുഭാവികളും അതിൽ ഉൾപ്പെടും."

"മാത്രമല്ല, ഭൂരിപക്ഷം തൊഴിലാളികളും എന്നുകൂടി പറയണം."

"സമ്മതിക്കുന്നു. കമ്മ്യൂണിസ്റ്റുകാരുടെ വലയിൽ കുടുങ്ങി അനേകം തൊഴിലാളികളും കത്തോലിക്കാസഭയെ അപലപിക്കുന്നുണ്ടായിരിക്കാം."

"ആകട്ടെ, കത്തോലിക്കാസഭയ്ക്കു് തൊഴിലാളികളുടെ കല്ലേറുകൊള്ളാതെ ഒഴിഞ്ഞു നില്ക്കുവാൻ സാധിക്കുമെന്നു് മി. തോമ്മസ് വിചാരിക്കുന്നുണ്ടോ?"

"തീൎച്ചയായും. ഏകദേശം 60 കൊല്ലങ്ങൾക്കു മുമ്പാണു് മഹാനായ 13-ാം ലെയോൻ മാർപ്പാപ്പാ "റേരും നൊവാരും" എന്ന ചാക്രികലേഖനം പുറപ്പെടുവിച്ചതു്. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: തൊഴിലാളിവൎഗ്ഗത്തിൽപ്പെട്ട ഭൂരിപക്ഷംപേരേയും അത്ര അനീതിയായി ഇക്കാലത്തു ഞെരുക്കിക്കൊണ്ടിരിക്കുന്ന ദുരിതത്തിനും കഷ്ടപ്പാടിനും ഒരു പരിഹാരം കണ്ടുപിടിച്ചേ മതിയാവൂ... ഓരോരുത്തനും തന്റെ ഓഹരിപ്രകാരമുള്ള ജോലി നിൎവ്വഹിച്ചുകൊള്ളണം. ഇപ്പോൾത്തന്നെ ബൃഹത്തായി തീൎന്നിരിക്കുന്ന ഈ തിന്മ താമസംകൊണ്ടു് പരിഹാരം തീരെ കിട്ടാത്ത ഒരു നിലയിൽ എത്താതിരിക്കുവാൻവേണ്ടി ആ ജോലി ഉടനടി നിൎവ്വഹിച്ചുകൊള്ളണം. പരിശുദ്ധമതത്തിന്റെ ആചാൎയ്യന്മാരെല്ലാവരും തങ്ങളുടെ മനസ്സിന്റെ പൂൎണ്ണചൈതന്യത്തെയും സഹനത്തിന്റെ, സമസ്തശക്തിയേയും പ്രകൃതവിഷയത്തിൽ വിനിയോഗിക്കണം. ഇതിൽക്കൂടുതൽ ശക്തിയായ ഭാഷ ക്രിസ്തുമതത്തിന്റെ ഒരു പരമാദ്ധ്യക്ഷൻ ഉപയോഗിക്കേണ്ടതുണ്ടോ?"

"റേരും നൊവാരും വളരെ വിശിഷ്ടമായ ഒരു തിരുവെഴുത്താണു്. അതുപോലെതന്നെയാണു് പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ "ക്വാദ്രജേസ്സിമോ ആന്നോ" എന്ന ചാക്രികലേഖനവും. പക്ഷേ അതു രണ്ടിനെയും അടിസ്ഥാനപ്പെടുത്തി കത്തോലിക്കാസഭ എന്താണു ചെയ്തിരിക്കുന്നതു് എന്നാണെന്റെ ചോദ്യം."

"സെന്റ് വിൻസെന്റ് ഡി പോൾ സംഘക്കാരും ലീജിയൻ ഓഫ് മേരി എന്ന സംഘടനക്കാരും ലോകത്തിൽ ഇന്നെന്തെല്ലാം നന്മചെയ്തുകൊണ്ടിരിക്കുന്നു എന്നറിയാമോ?"

"അറിയാം. അവർ വളരെയെല്ലാം ചെയ്യുന്നുണ്ടു്. എന്നാൽ അതെല്ലാം ക്രിസ്തീയ സ്നേഹത്തെ (Christian Charity) അടിസ്ഥാനപ്പെടുത്തിയുള്ള പ്രവൎത്തനങ്ങൾ മാത്രമാണു്. ക്രിസ്തീയ നീതിയെ (Christian Justice) അടിസ്ഥാനപ്പെടുത്തി നാം എന്താണു ചെയ്യുന്നതു്?"

"ഓ, ഇപ്പോൾ മനസ്സിലായി മി. സെബാസ്റ്റ്യന്റെ വിവക്ഷ. നമ്മെക്കാൾ അവശതയനുഭവിക്കുന്നവരോടു നാം അനുകമ്പ പ്രദൎശിപ്പിക്കുന്നു; അവരെ സഹായിക്കുന്നു. എന്നാൽ നമ്മുടെ അനുകമ്പയെ കാംക്ഷിക്കാത്ത അരോഗദൃഢഗാത്രരായ ഒരുകൂട്ടം ആളുകളുണ്ടു്. അവർ നമ്മിൽനിന്നും അവകാശപ്പെടുന്നു, നീതി. അങ്ങനെയല്ലേ?"

"അതുതന്നെ ഞാൻ പറയുന്നതു". കമ്മ്യൂണിസ്റ്റുകാർക്കാവശ്യമില്ലാത്ത ദീനരെയും അംഗവിഹീനരെയും നാം സംരക്ഷിക്കുമ്പോൾ അവർ തേടിനടക്കുന്ന തൊഴിലാളികളെ നാം വിസ്മരിച്ചുകളയുന്നു."

"ഞാൻ ഇത്രമാത്രം ചുഴിഞ്ഞാലോചിച്ചിരുന്നില്ല. നിങ്ങളുടെ വിശദീകരണത്തിനു വളരെ ഉപകാരം, മി. സെബാസ്റ്റ്യൻ."

വൈകുന്നേരം. പടിഞ്ഞാറുനിന്നും മന്ദമാരുതൻ അടിച്ചുകൊണ്ടിരുന്നു. മി. തോമ്മസ് കാററുംകൊണ്ടു് പൂമുഖത്തങ്ങനെ ഇരിക്കയാണു് ഒരു ചാരുകസേരയിൽ. ബേബിക്കുഞ്ഞു് നീന്തിനീങ്ങി അദ്ദേഹത്തിന്റെ കാലിൽ പിടികൂടി. വാത്സല്യംതുളുമ്പുന്ന ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടു് അദ്ദേഹം അവനെ കോരിയെടുത്തു് ഒരു ചുംബനം. കൊച്ചിനെ കാണാഞ്ഞു തെറമ്മ ഓടിവന്നു. അപ്പോൾ ആ കൊച്ചുകള്ളൻ വല്യപ്പന്റെ കൈകൾക്കിടയിൽ ഒളിക്കുന്നതാണു കണ്ടതു്. "അപ്പുറത്താരാണു വന്നിരിക്കുന്നതു തെറമ്മേ?" മി. തോമ്മസ് മകളോടു ചോദിച്ചു.

"അതു നമ്മുടെ ശങ്കരൻ. ഇന്നാളുകൊണ്ടുപോയതെല്ലാംകൂടി അലക്കിക്കൊണ്ടുവന്നതാ."

"മാസം രണ്ടു കഴിഞ്ഞല്ലോ അതെല്ലാം കൊണ്ടുപോയിട്ടു്."

"ഓ, അവരൊക്കെ അല്ലേലും ഇങ്ങനാ. പറയുന്ന നേരത്തെങ്ങും കൊണ്ടുവരികയില്ല."

"എന്നാൽ അയാളോടു് ഇപ്പുറത്തോട്ടൊന്നു വരാൻപറ."

തെറമ്മയിൽനിന്നുമുള്ള സന്ദേശം കേട്ടപ്പോൾ ശങ്കരനു് അല്പം ആശങ്കയുണ്ടായി. തോമ്മാച്ചൻ വലിയ കണിശക്കാരനും അന്യരിൽനിന്നും കണിശം ആവശ്യപ്പെടുന്നവനുമാണെന്നു് അയാൾക്കറിയാമായിരുന്നു. അയാളുടെ നടപ്പിനൊരു തേങ്ങൽ; പൂമുഖത്തിന്റെ ഇളംതിണ്ണയിൽ അയാൾ വന്നുനിന്നു. തോമ്മസ് തലതിരിച്ചു് ഇളംതിണ്ണയിലേക്കു നോക്കിയിട്ടു്: "ഹാ, ശങ്കരൻ; ഇങ്ങോട്ടു് അല്പമൊന്നടുത്തുനിന്നേ. ഒരു കാൎയ്യം പറയട്ടെ" ആ സ്വരത്തിൽ ഒരു മാധുൎയ്യം തങ്ങിനിന്നിരുന്നു. അയാൾക്കു ധൈൎയ്യമായി.

"ആകട്ടെ, തനിക്കു ദിവസം എന്തു കിട്ടും ഈ ജോലിയിൽനിന്നു്?" തുടൎന്നു മി. തോമ്മസ്. അല്പനേരംനിന്നു് അയാൾ കണക്കുകൂട്ടി. എന്നിട്ടുപറഞ്ഞു: "ഇപ്പഴത്തെ നെരക്കുവെച്ചാണെങ്കി ഒരഞ്ചുരൂപാ ശരാശരി കൂട്ടാം."

"ഓഹോ. എന്നാൽ ശങ്കരൻ ഒന്നുകൂടി കൂട്ടിക്കോൾക. 30 × 5 = 150. 150 രൂപാ ശമ്പളക്കാരനാണു് ശങ്കരൻ, മനസ്സിലായോ?"

"കണക്കുകൊണ്ടു് അങ്ങനെയൊക്കെ പറയാം. ഇതു ഞങ്ങൾക്കു വല്ലതും ഉതകുമോ?"

"എന്തുകൊണ്ടുതകുകയില്ല? വല്ലവരും തട്ടിയെടുത്തുകളയുമോ?"

"ഒട്ടുമുക്കാലും പല ചെലവായിട്ടങ്ങു പോകും."

"ഏതെല്ലാമാണു് ഈ പല ചെലവു്? കള്ളുഷാപ്പിൽ കുറേ?"

"അങ്ങനെ കുറച്ചു പോകും. ഇതെല്ലാം എടുത്തുപൊക്കി അലക്കേണ്ടേ?"

"പിന്നെ സിനിമാകാണുവാൻ കുറേ പോകില്ലേ?"

"കുറച്ചങ്ങനേം പോകും. വല്ലോം ഒരു രസംവേണ്ടേ ജീവിക്കുമ്പം."

"ആകട്ടെ, എല്ലാംകഴിഞ്ഞു് വീട്ടിൽ കൊടുക്കാനെന്തു കിട്ടും?"

"ചെലപ്പം ഒരു രൂപാ; ചെലപ്പം ഒന്നര."

"ദുഷ്ടാ, ഭാൎയ്യയും അമ്മയും മൂന്നുനാലു കുഞ്ഞുങ്ങൾക്കുംകൂടിയാണോ ഇതു്!"

ശങ്കരൻ ശബ്ദിച്ചില്ല. ചിന്താമഗ്നനായി അങ്ങനെ നിന്നുപോയി. അപ്പോൾ വല്ലതും പറഞ്ഞാൽ അയാളുടെ തലയിൽ ഇറങ്ങുമെന്നു തോമ്മസ് വിചാരിച്ചു. "ശങ്കരൻ, ഞാനൊരു കാൎയ്യം പറഞ്ഞുകൊള്ളട്ടെ. 160 രൂപായാണു് എന്റെ ശമ്പളം. ശങ്കരന്റേതിനെക്കാൾ പത്തുരൂപാ കൂടുതൽ. ഈ കുടുംബം വളരെ സുഭിക്ഷതയിൽ കഴിഞ്ഞുകൂടുന്നു എന്നാണല്ലോ നിങ്ങളുടെയൊക്കെ വിചാരം. വാസ്തവമാണതു്. ലഹരിസാധനങ്ങളൊന്നുംതന്നെ ഞാനുപയോഗിക്കയില്ല. സിനിമ കാണുവാൻ ഞാൻ പോകാറുമില്ല. ഈ സുഖങ്ങളൊക്കെ എനിക്കും അനുഭവിക്കുവാൻ പാടില്ലേ? കുടുംബത്തോടു എനിക്കാദ്യമായി ഒരു ചുമതലയുണ്ടു്. എന്റെ ഭാൎയ്യയും കുഞ്ഞുങ്ങളും ഭക്ഷണത്തിനില്ലാതെയും ഉടുക്കുവാനില്ലാതെയും വലയുമ്പോൾ ഞാൻ സിനിമാകണ്ടും മദ്യംസേവിച്ചും നടക്കുന്നതു് നീതിയല്ലെന്നെനിക്കറിയാം. കഷ്ടിച്ചു 30 രൂപാ എന്റെ ചെലവുകൾക്കായി ഞാനെടുത്തുകൊണ്ടു് 130 രൂപായാണു് ഞാൻ മാസംതോറും വീട്ടിലേക്കു നൽകിക്കൊണ്ടിരിക്കുന്നതു്. മിതവ്യയത്തിൽ എന്നെയും വെല്ലുന്ന ആളാണു ഭാൎയ്യ. അതുകൊണ്ടു് നല്ല ഒരു തുക മാസംതോറും മിച്ചംവയ്ക്കുവാൻ ഞങ്ങൾക്കു സാധിക്കുന്നു. ഞങ്ങളെപ്പററി നിങ്ങൾ പറയാറുള്ളതു് മുതലാളികൾ എന്നാണല്ലോ. ഒരാൾ മുതലാളിയാകുന്നതെങ്ങനെയെന്നു ഞാൻ എന്റെ അനുഭവത്തിൽനിന്നും പറഞ്ഞു തന്നു ധരിപ്പിച്ചു. തനിക്കും ഞങ്ങളെപ്പോലെ മുതലാളിയായി ഉയരാം. കിട്ടുന്ന പണം മിതമായി ചെലവിടുവാൻ പഠിച്ചാൽ മതി. മദ്യപാനവും സിനിമാഭ്രമവും നിറുത്തുക. കിട്ടുന്ന പണം മുഴുവനും വീട്ടിൽകൊടുത്തു് അതിൽ പകുതികൊണ്ടു് അന്നന്നത്തെ ചെലവു കഴിക്കണം. ഒരു രൂപാ ഒന്നര രൂപാകൊണ്ടു് ദിവസംപ്രതി കഴിഞ്ഞുകൂടുന്നവൎക്കു് രണ്ടര രൂപാ ഒരു സുഭിക്ഷതതന്നെ ആയിരിക്കും. ഉള്ളതുകൊണ്ടു് എല്ലാവരും കൂടികഴിഞ്ഞു് കുടുംബജീവിതം സൌഭാഗ്യകരമാകുമ്പോൾ മദ്യത്തിൽനിന്നോ സിനിമായിൽനിന്നോ കിട്ടുന്നതിനെക്കാൾ ശാശ്വതമായ ഒരാനന്ദം തനിക്കു ലഭിക്കുകയും ചെയ്യും."

ശങ്കരൻ കൃതാൎത്ഥനായി. ഒരു മുതലാളിയായി ഉയരുവാനുള്ള ആവേശം അയാളിൽ കുടികൊണ്ടു. എന്നിട്ടു പറയുകയാണു്: "ഞങ്ങളോടിങ്ങനെ കാൎയ്യം പറയാൻ ഒററരുത്തനൊണ്ടാരുന്നെങ്കിൽ എത്ര നല്ലതായിരുന്നു. ഇത്തിരി കാൎയ്യോം ഒക്കെ മനസ്സിലായതിന്നല്ലേ. എന്റെ ഭഗോതീ, ഞാൻ കള്ളുഷാപ്പിലും സിനിമാക്കൊട്ടേലും ചെലവാക്കിയ ചക്രമൊണ്ടാരുന്നെങ്കിൽ!"

"കൊള്ളാം, ഇപ്പഴെങ്കിലും കാൎയ്യം മനസ്സിലായല്ലോ. ഇന്നുമുതൽ ജോലി കൃത്യമായിട്ടു ചെയ്യുകയുംവേണം. ഇന്നു കൊണ്ടുപോയാൽ സാധനങ്ങളൊക്കെ എന്നു തിരിയെ കൊണ്ടുവരാം?"

"ഇന്നേക്കു പതിനഞ്ചാംപക്കം; സൂക്ഷ്മം."

"അതു വേണ്ടാ. ഇന്നേക്കു് ഇരുപതാംപക്കം കൊണ്ടുവന്നാൽമതി. എന്നാൽ ഞാൻ പറഞ്ഞതീയതി തെററിക്കയും ചെയ്യരുതു്. ശങ്കരനു കൃത്യനിഷ്ഠയുണ്ടോ എന്നറിയാനുംകൂടി വേണ്ടിയാണു്."

ശങ്കരൻ വളരെ സന്തുഷ്ടനായി. ചില അനൎഘപാഠങ്ങൾ നൽകിയ ഒരു ഗുരുഭൂതനായിത്തന്നെ തോമ്മസിനെ അയാൾ കരുതുകയുംചെയ്തു. തന്റെ ജോലിസ്ഥലത്തുപോയി അയാൾ ആദ്യമായി ഓൎത്തതു തന്റെ ഗുരുഭൂതനെയായിരുന്നു. അന്നുമുതൽ അയാൾ പരിപൂൎണ്ണമായി ഉപേക്ഷിച്ചുകളഞ്ഞു മദ്യപാനം. സിനിമായ്ക്കും പോകില്ലെന്നായി. കൂടുതൽ കൃത്യനിഷ്ഠയോടുകൂടി ജോലിചെയ്യുവാൻ തുടങ്ങിയപ്പോൾ ദിവസം ശരാശരി ഏഴെട്ടുരൂപായാണു അയാൾക്കു കിട്ടിക്കൊണ്ടിരുന്നതു്. വീട്ടിലെ പട്ടിണിമാറി. കുഞ്ഞുങ്ങളും ഭാൎയ്യയും അമ്മയും നല്ലവസ്ത്രങ്ങൾ ധരിച്ചു് കുറിയും തൊട്ടു പുറത്തിറങ്ങുന്നതു കാണുമ്പോൾ ശങ്കരനുതന്നെ ഒരഭിമാനവും ആനന്ദവും. കള്ളുഷാപ്പിലെ ചീത്തകേൾക്കുന്നതിനെക്കാൾ എത്ര ആഹ്ലാദജനകമാണു് എന്റെ ജാനകിയുടെ പാട്ടും നൃത്തവും എന്നു് അയാൾ തന്റെ 8 വയസ്സു് പ്രായമുള്ള മകളെപ്പററി പല സ്നേഹിതന്മാരോടും പറഞ്ഞുതുടങ്ങി.

"കൊള്ളാം ശങ്കരൻ, ഞാൻ പറഞ്ഞ തീയതിക്കുതന്നെ സാധനങ്ങൾ തിരി



"കൊള്ളാം! ശങ്കരൻ ഞാൻ പറഞ്ഞ തീയതിക്കുതന്നെ സാധനങ്ങൾ തിരിച്ചുകൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ടൊരു സമ്മാനം തരുവാൻ ഞാൻ നിശ്ചയിച്ചിരിക്കയാണു്!"

# ബ. "അമ്മ"യുടെ ജീവിതവൃത്താന്തങ്ങൾ

(ഫാദർ ജെ. വട്ടയ്ക്കാട്ട്)

പുണ്യശ്ലോകയായ സിസ്റ്റർ അൽഫോൻസായുടെ അപരനാമമാണ് അമ്മ. ഈ ഓമനപ്പേരിലാണ് മഠത്തിൽ സിസ്റ്റർ അൽഫോൻസാ അറിയപ്പെട്ടിരുന്നത്. ഈ അമ്മയുടെ ജീവിതത്തിലെ ചില വൃത്താന്തങ്ങളെപ്പററി ലേഖകൻ ഭരണങ്ങാനം മഠത്തിലുള്ള ചില ബ. കന്യാസ്ത്രീകളിൽനിന്നു ഗ്രഹിച്ചിട്ടുള്ള ഏതാനും വിവരങ്ങളാണ് ഈ ലേഖനത്തിലെ ഉള്ളടക്കം.

## ക്ലേശസഹിഷ്ണുത

ബ. അമ്മയുടെ ദുരിതസല്ലാരസന്നദ്ധത ഒന്നുവേറെതന്നെ ആയിരുന്നു. വി. കമലിയൂസ് തൻെറ ഒരു തീരാവ്യാധിയെ "കർത്താവിൻെറ കരുണ" എന്നു പേർ വിളിച്ച് താലോലിച്ചിരുന്നതായും, മുപ്പത്തിയെട്ടു നീണ്ടവർഷം രോഗശയ്യയെ ശരണീകരിച്ച വി. ലുദവീനാ തൻെറ കാൽമുട്ടിൽ ഉണ്ടായിരുന്ന ഒരു വ്രണത്തിലെ പുഴുക്കളെ "എൻെറ ഓമനകളേ" എന്നു അഭിസംബോധനചെയ്തിരുന്നതായും, വി. ബനഡിക്ട് ലബ്രെ എന്ന ഭിക്ഷു താൻ ധരിച്ചിരുന്ന മലിനവസ്ത്രത്തിൽനിന്നു പറന്നുപോയ ഈച്ചകളെ പിടിച്ച് അവയുടെ ഉപദ്രവം ഏല്ക്കുവാൻ സ്വന്തം ഉടുതുണിയിൽ വെച്ചിരുന്നതായുംമററും നാം വിശുദ്ധരുടെ ജീവചരിത്രത്തിൽ വായിക്കുന്നുണ്ട്. ഈദൃശസംഭവങ്ങളോട് സദൃശ്യമുള്ളവ നാം അൽഫോൻസാമ്മയുടെ ജീവിതചര്യയിലും കാണുന്നുണ്ട്. ദീർഘനാൾ രോഗിണിയായികിടന്നു അതിദുസ്സഹവേദനയനുഭവിച്ച അവസരത്തിലും ബ. അമ്മ സന്തോഷചിത്തയായിരുന്നു. "എൻെറ കരിശ്" എന്നു പറഞ്ഞുകൊണ്ട് സ്വന്തം യാതനകളെ ബ. അമ്മ സ്വാഗതം ചെയ്യാൻ മടിച്ചില്ല. സമീപവത്തിനികളായ ബ. സഹോദരികളുടെ കട്ടിലിൽ കടികൊണ്ടിരുന്ന മൂട്ടകളെ ബ. അമ്മ വേട്ടയാടിപ്പിടിക്കുകയും അവയിൽ ചിലതിനെ സ്വന്തം കിടക്കയിൽ നിക്ഷേപിക്കയും ചെയ്തിരുന്നുപോൽ. എന്നാൽ ഈ പ്രാണികൾ ഒന്നുപോലും ബ. അമ്മയുടെ ശയ്യയിൽ കടികൊണ്ടിരുന്നില്ല.

## "കൂട്ടക്രമ"നിഷ്ഠ

രോഗബാധിതയായി, തീർത്തു കിടപ്പിലായിരുന്ന സിസ്റ്റർ അൽഫോൻസാ മഠത്തിലെ "കൂട്ടക്രമം" അനുസരിപ്പാൻ ബാദ്ധ്യസ്ഥയല്ലായിരുന്നു. മേലധികാരികൾ ബ. അമ്മയെ ഈദൃശക്രമപാലനത്തിൽനിന്നു ഒഴിവാക്കിയിരുന്നുവത്രെ. എന്നാൽ ബ. അമ്മയുടെ മനോവൃത്തിയെന്ത്? നിവൃത്തിയുള്ളപ്പോളെല്ലാം ഈ പൊതുജീവിതക്രമം പാലിപ്പാൻ അമ്മ ബദ്ധശ്രദ്ധയായിരുന്നു. ഒരിക്കൽ അമ്മയുടെ മേശപ്പുറത്ത് എന്തോ ഭക്ഷണസാധനങ്ങൾ ഇരിക്കുന്നതുകണ്ട് ഒരു പെൺകുട്ടി ഇങ്ങനെ ഒരു ചോദ്യം എറിഞ്ഞു: "എന്താണമ്മെ! ഇതു കഴിക്കാത്തത്?" "പൊതുഭക്ഷണത്തിനുള്ള മണിയടിക്കാത്തതുകൊണ്ടാണ്. മണിയടിക്കുമ്പോൾ കഴിച്ചാൽ കൂട്ടക്രമം പാലിക്കുന്നതുകൊണ്ടുള്ള യോഗ്യതയും എനിക്കു കിട്ടുമല്ലോ" എന്നായിരുന്നു അമ്മയുടെ മറുപടി. ആസന്നമരണയായികിടന്നയവസരത്തിൽപ്പോലും ബ. അമ്മയ്ക്കു ഒരു സഹോദരി കുടിപ്പാൻ സോഡാ പൊട്ടിച്ചു കൊടുത്തപ്പോഴും "കൂട്ടഭക്ഷണ"ത്തിനുള്ള മണിയടിക്കുന്നതു കേൾപ്പാൻ ഈ വിരത്യാഗിനി പാർത്തിരുന്നുവെന്നതും പ്രസ്താവ്യമത്രെ.

## ശത്രുസ്നേഹം

"ത്രേസാമ്മയുടെ സ്നേഹം കൂടുതൽ സമ്പാദിക്കുവാൻ അവളെ കൂടുതൽ ഉപദ്രവിച്ചാൽ മതി" എന്നു വിശുദ്ധ അമ്മത്രേസ്യായെപ്പററി ജനങ്ങൾ പറഞ്ഞിരുന്നതു നമ്മുടെ ബ. അമ്മയെ സംബന്ധിച്ചും അന്വർത്ഥമത്രെ. തന്നോടപകാരം ചെയ്തിട്ടുള്ളവരോട് സിസ്റ്റർ അൽഫോൻസാ കൂടുതൽ സ്നേഹം പ്രകടിപ്പിച്ചിരുന്നു. ഒരിക്കൽ ഒരു സഹോദരി അമ്മയെ തെററിധരിച്ച് എന്തോ അപവാദങ്ങൾ വേറൊരാളോട് പറഞ്ഞതായി അമ്മയറിഞ്ഞു. ഉടനെതന്നെ ആ സഹോദരിയെ രഹസ്യത്തിൽ അടുത്തുവിളിച്ച് തൻെറ പക്കൽ ഉണ്ടായിരുന്ന അരിഷ്ടകപ്പി തുറന്നു അതിൽനിന്നു ആ മധുരാസവം അമ്മ പകരുകയാണ് ചെയ്തത്. മററൊരിക്കൽ, ബ. അമ്മ കുളിക്കുന്നതിനു കുളിമുറിയിലേക്കു സാവധാനം നീങ്ങിയപ്പോൾ, ഒരു സിസ്റ്റർ പുറകെവന്നു ഹാസ്യസ്വരത്തിൽ "ഇതാ പോകുന്നു ഒരു ഭ്രാന്തി, ആനുകൂല്യങ്ങൾ വേണ്ടുവോളം കിട്ടാൻ സുഖക്കേട് അഭിനയിച്ചു നടക്കുകയാണ്; എല്ലാദിവസവും ചൂടുവെള്ളംവേണംപോലും കുളിക്കാൻ" എന്നു ശകാരിച്ചു. ഈ ശകാരവർഷത്തിനു അമ്മയുടെ മറുപടിയോ? അമ്മ ഇതിനു ഒന്നും മിണ്ടിയില്ല. കുറച്ചുകഴിഞ്ഞു ബ. അമ്മയെ കാണുന്നതു തൻെറമേൽ കുററാരോപണംചെയ്ത ആ ബ. കന്യാസ്ത്രീക്കു മാധിപയുടെ അനുമതിയോടുകൂടി താനേററം കാര്യമായി സൂക്ഷിച്ചിരുന്ന ഒരു ക്രൂശിതരൂപം സമ്മാനിക്കുന്നതായിട്ടാണ്.



J. P. Vaikam

## ദാരിദ്ര്യപ്രതിപത്തി

ദാരിദ്ര്യത്തെ സന്യാസവ്രതമെന്നനിലയിലും, പുണ്യമെന്ന നിലയിലും ബ. അമ്മ സനിഷ്കർഷം അഭ്യസിച്ചിരുന്നു. ദാരിദ്ര്യവ്രതമുള്ളവർക്കു ദാരിദ്ര്യമെന്ന പുണ്യമില്ലെന്നുവരാം. ഉദാഹരണമായി, സന്യാസവ്രതങ്ങൾ കൈവരിച്ച ഒരു സിസ്റ്റർ തനിക്കു പുതിയ ഉടുപ്പുകൾ ആവശ്യമുണ്ടെന്നുതോന്നി മാധിപയെ വിവരമറിയിക്കുന്നുവെന്നു വിചാരിക്കുക; മാധിപയാകട്ടെ ഇക്കാര്യം നിരാകരിക്കുന്നു; ആവശ്യക്കാരിയായ കന്യാസ്ത്രീ പുതിയ ഉടുപ്പുകൾ കൂടാതെ കഴിയുന്നു, ശ്രേഷ്ഠത്തിയമ്മയുടെ കല്പനയെപ്പററി അതൃപ്തിപ്രദർശിപ്പിച്ചുകൊണ്ട്. ഈ സഹോദരിക്കു ദാരിദ്ര്യമെന്ന പുണ്യമില്ലെന്നു സിദ്ധം. ബ. അമ്മ ഈ തത്വങ്ങൾ നന്നായി മനസ്സിലാക്കിയിരുന്നു. ദാരിദ്ര്യവ്രതത്തെ സംരക്ഷിക്കുന്നതിനുള്ള ഒരു കരുത്തേറിയ കോട്ടയായിട്ടാണ് ദാരിദ്ര്യപുണ്യത്തെ ബ. അമ്മ പരിഗണിച്ചിരുന്നത്. ഒരിക്കൽ ബ. അമ്മയ്ക്കു ഉപയോഗിക്കുന്നതിനു നല്ല ഉടുപ്പുകൾ ഇല്ലെന്നുകരുതി, തൻെറ ബന്ധത്തിൽപ്പെട്ട ഒരു ബ. വൈദികൻ കുറച്ചുതുണി കൊണ്ടുവന്നു സിസ്റ്റർ അൽഫോൻസായ്ക്കു കൊടുപ്പാൻ മാധിപയെ ഏല്പിച്ചു. ഈ വിവരം സിസ്റ്റർ അൽഫോൻസാ അറിയുകയുംചെയ്തു. മാധിപയെന്തുചെയ്തു? സിസ്റ്റർ അൽഫോൻസായ്ക്കു ഉടനെ പുതിയ ഉടുപ്പുകൾ ആവശ്യമില്ലെന്നു കണ്ടതിനാൽ ഈ തുണി മററേതോ ആവശ്യത്തിനായി ഉപയോഗിച്ചു. സിസ്റ്റർ അൽഫോൻസായോട് ഇതെപ്പററി ആലോചിക്കുകപോലും ചെയ്യാതെ തനിക്കു കിട്ടിയ തുണി ഇതരാവശ്യങ്ങൾക്കു വിനിയോഗിക്കപ്പെട്ടതിൽ ബ. അമ്മയ്ക്കു നീരസമുണ്ടാകുമെന്നു മാധിപ വിചാരിച്ചു. എന്നാൽ ഇതിൽ അല്പംപോലും അതൃപ്തി അമ്മയ്ക്കുണ്ടായില്ല. ഇതെപ്പററി തൻെറ ഒരു മിത്രം ബ. അമ്മയോടു സംസാരിച്ചപ്പോൾ ദാരിദ്ര്യമെന്ന സുകൃതം അഭ്യസിക്കേണ്ട ആവശ്യകതയെ അനുസ്മരിപ്പിക്കയത്രെ ചെയ്തത്.

എത്ര നിസ്സാരമായ സാധനവും അമ്മ നഷ്ടപ്പെടുത്തിയിരുന്നില്ല. ഉപയോഗയോഗ്യമായ ചെറിയ സാധനങ്ങൾ—നൂൽക്കഷണങ്ങൾ, തുണിത്തുണ്ടുകൾ മുതലായവ — വല്ലയിടത്തും കിടക്കുന്നതുകണ്ടാൽ അവയെല്ലാം പെറുക്കിയെടുത്ത് സൂക്ഷിച്ചിരുന്നു. സ്വന്തം ഉപയോഗത്തിനു അനുവദിക്കപ്പെട്ടിരുന്ന സാധനങ്ങൾ ഒന്നിനോടും അമ്മയ്ക്കു തെല്ലും പത്ഥ്യമില്ലായിരുന്നു; താൻ ഉപയോഗിക്കുന്ന പാദരക്ഷകൾ, വസ്ത്രങ്ങൾ, മരുന്നു, കയിൽ (സ്പൂൺ), കൊന്ത, പുസ്തകം മുതലായ സാധനങ്ങൾ ആവശ്യക്കാർക്കു കൊടുപ്പാൻ അമ്മ സദാ സന്നദ്ധയായിരുന്നു. മഹാനായ വിശുദ്ധ ഗ്രിഗറിയുടെ ജീവചരിത്രത്തിലെ ഒരു സംഭവം പ്രകൃതത്തിൽ സ്മർത്തവ്യമാണ്. റോമിൽ ഉണ്ടായിരുന്ന ഒരു ധനികൻ അക്കാലത്തു തൻെറ വമ്പിച്ചധനമെല്ലാമുപേക്ഷിച്ച് ഒരു വിജനപ്രദേശത്തുപോയി സന്യസിക്കാൻ തുടങ്ങി. ഇക്കാലഘട്ടത്തിലാണ് മഹാനായ ഗ്രിഗറി തൻെറ പിത്രാർജ്ജിതധനമെല്ലാം ധർമ്മകാര്യങ്ങൾക്കായി ദാനംചെയ്തത്. ഈ വിവരം നമ്മുടെ സന്യാസിയറിഞ്ഞു. ഒരു ദിവസം ഇദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ, ദൈവത്തിൻെറ പക്കൽ വിനയപൂർവ്വം ഒരു ചോദ്യം കാഴ്ചവച്ചു. ഏന്തു? താനോ, ഗ്രിഗറിയോ ദൈവത്തിൻെറ പക്കൽ കൂടുതൽ യോഗ്യൻ, എന്നു. രണ്ടുപേരിലും ദൈവം പ്രസാദിച്ചിരിക്കുന്നുവെന്നു മറുപടിലഭിച്ചു. സന്യാസി ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. സങ്കടത്തോടെ ഇങ്ങനെ ദൈവത്തോടു കേണപേക്ഷിച്ചു: "കർത്താവേ, ഞാനാണെങ്കിൽ എൻെറ വസ്തുവകകൾ എല്ലാം നിന്നെപ്രതി ഉപേക്ഷിച്ചു ഇവിടെവന്നിരിക്കുന്നു; ഗ്രിഗറിയോ തൻെറ പണമെല്ലാം പാവങ്ങൾക്കു കൊടുത്തുവെങ്കിലും തൻെറ പിത്രാർജ്ജിതസ്വത്തിന്മേൽ ഉള്ള അവകാശം ഇതുവരെ കൈവെടിഞ്ഞിട്ടില്ലല്ലോ. അതിനാൽ ഞാൻ അല്ലയോ കൂടുതൽ ത്യാഗം നിന്നെപ്രതി ചെയ്തിട്ടുള്ളത്?" "ശരി, നീയെന്നെപ്രതി നിൻെറ സ്വത്തെല്ലാം ഉപേക്ഷിച്ചു; ആ കറുത്ത പൂച്ചയോ? നീ നിൻെറകൂടെ കൊണ്ടുവന്നിരിക്കുന്ന ആ കറുത്ത പൂച്ചയോടു നിനക്കുള്ള പ്രതിപത്തിയോളം മാത്രമേ ഗ്രിഗറി തൻെറ വസ്തുവകകളോടും കാണിക്കുന്നുള്ളു." ഇതായിരുന്നു സന്യാസിയുടെ ആവലാതിക്കു ദൈവത്തിൽനിന്നും ലഭിച്ച മറുപടി.

ഈ കഥാസാരം ബ. അമ്മ സദാ ഹൃദിസ്മരിച്ചു പ്രവർത്തിച്ചിരുന്നുവെന്നു ദ്രഷ്ടാക്കൾക്കു അനുഭവവേദ്യമായിരുന്നു. വിസ്തരഭയത്താൽ അമ്മയുടെ ശുചിത്വം, പരഹൃദയജ്ഞാനം മുതലായ വിശേഷഗുണങ്ങളെപ്പററി ഇപ്പോൾ പ്രതിപാദിക്കുന്നില്ല. ക്രിസ്തീയപുണ്യങ്ങളുടെ ഒരു വിളനിലമായിരുന്ന ബ. അമ്മയെന്നു ഈ പുണ്യചരിതയെ അടുത്തു പരിചയപ്പെടുവാൻ ഭാഗ്യം സിദ്ധിച്ചവർ തലകുലുക്കി സമ്മതിക്കുന്നു.

---

ച്ചുകൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട് ഇന്നൊരു സമ്മാനംതരുവാൻ ഞാൻ നിശ്ചയിച്ചിരിക്കയാണ്." എന്തു സമ്മാനമായിരിക്കുമോ എന്നു ശങ്കരൻ ഓർത്തുപോയി. മി. തോമ്മസ് കൂടിയ നിരക്കിലുള്ള കൂലി എണ്ണി ശങ്കരൻെറ കൈയിൽകൊടുത്തിട്ട് പറഞ്ഞു: "ഇത് സാധനങ്ങൾ എല്ലാം അലക്കികൊണ്ടുവന്നതിൻെറ കൂലി. 15 രൂപാ ഇല്ലേ എന്നു നോക്കണം."

"ഒണ്ടേ, പതിനഞ്ചൊണ്ട്. തൊമ്മച്ചനെ എനിക്കെന്താ അവിശ്വാസമൊണ്ടോ?"

പത്തുരൂപായുടെ ഒരു നോട്ടുനീട്ടിയിട്ട്: "ഇതിരിക്കട്ടെ, കൃത്യനിഷ്ഠ പാലിച്ചതിനു." ശങ്കരൻ അത്ഭുതപ്പെട്ടുപോയി. അല്പനേരം സംശയിച്ചുനിന്നിട്ടു പറഞ്ഞു: "ഇതെല്ലാം എൻെറ പേരിൽ കണക്കെഴുതി ഇട്ടേക്കാൻ. ഇവിടത്തെ അലക്കുകൂലിയെല്ലാം ഒരു മൊതലായിട്ടു കെടക്കട്ടെ. ഇപ്പോൾ എൻെറ വീട്ടിൽ കുശാലാ." സസന്തോഷം അതിനു സമ്മതിച്ചു തോമ്മസ്.

വർഷം രണ്ടുകഴിഞ്ഞു. ശങ്കരൻെറ കൂലി ഒരു വൻതുകയായി പരിണമിച്ചിരിക്കയാണ്. ഒരു വീടും പറമ്പുംകൂടി വാങ്ങിക്കുവാൻ ഏർപ്പാടുചെയ്തിട്ട് ശങ്കരൻ തോമ്മസിൻെറ അടുക്കൽ വന്നു. "കണക്കൊന്നു നോക്കിയേക്കാൻ. ഒരു വീടും പറമ്പുംകൂടി ഏർപ്പാടുചെയ്തിട്ടുണ്ട്." അതു കേട്ടപ്പോൾ തോമ്മസിനുണ്ടായ ആഹ്ലാദമൊന്നും പറയാനില്ല. കണക്കുനോക്കി 500 രൂപാ കൊടുത്തു. 50 രൂപാ സമ്മാനവും.

---

ഫാത്തിമാബാലസമിതി

## സ്നേഹിതനെ അനുകരിക്കണം

പ്രിയകുഞ്ഞുങ്ങളേ,

സ്നേഹത്തിനു ഒരു സ്വഭാവമുണ്ട്. സ്നേഹിക്കപ്പെടുന്ന ആളിനോടു തുല്യമായിത്തീരുവാൻ പരിശ്രമിക്കുകയെന്നുള്ളതാണത്. നിങ്ങൾക്കു സ്നേഹിതന്മാരുണ്ട്. പരസ്പരം ഗാഢമായി സ്നേഹിക്കുന്ന നല്ല സ്നേഹിതന്മാരെ അല്ലെങ്കിൽ സ്നേഹിതകളെ നിങ്ങൾ കണ്ടിട്ടുമുണ്ട്. എന്താണു നിങ്ങളുടെ അനുഭവം? ഒരുവൻ, മിക്കവാറും എല്ലാ കാര്യങ്ങളിലും അപരനോടു തുല്യനാകുവാൻ ബദ്ധപ്പെടുന്നു. സ്നേഹിതൻ വസ്ത്രം ധരിച്ചിരിക്കുന്ന വിധത്തിൽ തനിക്കും വസ്ത്രം ധരിക്കണം. അയാൾ മുടി ചീകി ശരിപ്പെടുത്തിയിരിക്കുന്നതുപോലെ തനിക്കും ചെയ്യണം. അയാൾക്കു ഒരു പ്രത്യേകതരം വസ്ത്രമുണ്ടെങ്കിൽ അത്തരം ഒന്നു തനിക്കും വാങ്ങണം. അയാൾക്കു ഒരു വിശേഷസാധനമുണ്ടെങ്കിൽ അതുപോലൊന്നു തനിക്കും വേണം. അയാൾ സംസാരിക്കുന്നതുപോലെ സംസാരിക്കണം. അയാൾ നടക്കുന്നതുപോലെ നടക്കണം. അയാൾ പ്രവർത്തിക്കുന്നതുപോലെയെല്ലാം പ്രവർത്തിക്കണം. ഇങ്ങനെ പുറമെയുള്ള കാര്യങ്ങളിലെല്ലാം സ്നേഹിതനോടു സാമ്യംവഹിക്കുവാൻ നിങ്ങൾ ഉത്സാഹിക്കുന്നു.

ബാഹ്യമായവയിൽ മാത്രം സ്നേഹിതനെ അനുകരിക്കുന്നതുകൊണ്ട് അയാൾ തൃപ്തിപ്പെടുന്നില്ല. ആന്തരികമായ അയാളുടെ ആശയങ്ങളും അഭിപ്രായങ്ങളും സ്നേഹദ്വേഷവിഷയങ്ങളും തൻേറതാക്കുവാൻ അയാൾ ശ്രമിക്കുന്നു. പുളിരസം നല്ലതാണെന്നാണ് ഒരുവനു വിചാരമെങ്കിൽ അപരനും അതുതന്നെ വിചാരം. ഒരാൾക്കു ഒരു കളി താല്പര്യമെങ്കിൽ മറേറയാൾക്കും അതുതന്നെ താല്പര്യം. ഒരുവനു പകരംവീട്ടണമെന്നു ഉദ്ദേശ്യമുണ്ടെങ്കിൽ അപരനും അതുതന്നെ ഉദ്ദേശ്യം. ഒരാൾക്കു ക്ഷമിക്കണമെന്നാണെങ്കിൽ കൂട്ടുകാരനും അങ്ങനെതന്നെ. ഒരുവനു മററൊരുത്തനോടു സ്നേഹമാണെങ്കിൽ കൂട്ടുകാരനും സ്നേഹമാണ്. വേറൊരുവനോടു ദ്വേഷമാണെങ്കിൽ മിത്രത്തിനും അങ്ങനെതന്നെ. ഒരാൾക്കു ദുഃഖമെങ്കിൽ അപരനും ദുഃഖം. ഒരുവനു സന്തോഷമെങ്കിൽ മറേറയാൾക്കും സന്തോഷം. ഇങ്ങനെ ഒരു യഥാർത്ഥസ്നേഹിതൻ തൻെറ സ്നേഹിതൻെറ ബാഹ്യവും ആന്തരികവുമായ സകലവ്യാപാരങ്ങളിലും സംഗതികളിലും അയാളെപ്പോലെയാകുവാൻ ആഗ്രഹിക്കുന്നു. അതിനായി പരിശ്രമിക്കുന്നു. അയാളെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. ഇതാണ് സ്നേഹത്തിൻെറ പ്രകൃതി.

ലോകത്തിലുള്ള നല്ല സ്നേഹിതന്മാരോടുള്ള സ്നേഹത്തിൻെറ ഫലങ്ങൾതന്നെയാണ് നിങ്ങളുടെ ആദർശവും സാക്ഷാൽ സ്നേഹിതനുമായ ബാലനായ ഈശോയോടുള്ള സ്നേഹത്തിൽനിന്നും ഉളവാകേണ്ടതു. ഈശോയെ നിങ്ങൾ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ അങ്ങയെപ്പോലെ ആയിത്തീരുവാൻ നിങ്ങൾ പരിശ്രമിക്കണം. എല്ലാസംഗതികളിലും അങ്ങയെ അനുകരിക്കുവാൻ ഉത്സാഹിക്കണം. അവിടുന്നു ദൈവമാണെങ്കിലും നമുക്കു അനുകരിക്കാവുന്നതും അനുകരിക്കേണ്ടതുമായ പല കാര്യങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിലുണ്ട്. ആവശ്യവും പ്രാപ്തിയുമനുസരിച്ച് എല്ലാസംഗതികളിലും ഈശോയെ അനുകരിക്കുന്നതിനു നിങ്ങൾ ഉത്സുകരാകണം. ബാഹ്യമായ അങ്ങയുടെ പ്രവൃത്തികളെമാത്രം നിങ്ങൾ അനുകരിച്ചാൽ പോരാ, പ്രത്യുത അവിടുത്തെ ആശയങ്ങളും തത്വങ്ങളും വിചാര

# ബ്രിട്ടന്റെ ആദർശങ്ങൾ

## മാർപ്പാപ്പാ തിരുമനസ്സിലെ അഭിനന്ദനം

"പരിശുദ്ധസിംഹാസനത്തിൽനിന്നു പ്രഖ്യാപനം ചെയ്തിട്ടുള്ള ആദർശങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുയോജ്യമായ നയവും ആദർശങ്ങളും ബ്രിട്ടീഷ് ഗവർമ്മെന്റിനും ജനങ്ങൾക്കുമുള്ളതായി അറിയുന്നതിൽ നമുക്കു് അതിയായ സന്തോഷമുണ്ടു്" എന്നാണു് വത്തിക്കാനിലേക്കു് നിയമിതനായിരിക്കുന്ന ബ്രിട്ടീഷ് മിനിസ്റ്റർ സർ വാൾട്ടർറോബർട്ട്സ് മാർപ്പാപ്പായുടെ മുൻപാകെ സന്നിഹിതനായി നിയമനപത്രിക സമർപ്പിച്ചപ്പോൾ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചതു്. വത്തിക്കാൻ അധികൃതരും സ്വിസ്സ് ഗാർഡു കൂടി ബ്രിട്ടീഷ് പ്രതിനിധിയെ ബഹുമാനപൂർവ്വം സ്വീകരിച്ചു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സർ റോബർട്ട്സിനോടു ഇംഗ്ലീഷിൽ സംസാരിക്കുകയും ഇംഗ്ലണ്ടിലെ രാജാവിനും രാജകുടുംബാംഗങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ ലഭ്യമാകുവാൻ പ്രാർത്ഥിക്കുന്ന വിവരം രാജാവിനെ അറിയിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു. തിരുമനസ്സുകൊണ്ടു് ലോകസ്ഥിതിയെ പരാമർശിച്ചു ഇപ്രകാരം പ്രസ്താവിച്ചു:

"ഇന്നു ജനതതി സ്വാതന്ത്ര്യത്തിനും സമാധാനത്തിനുമായി കേഴുന്നു. ദൈവത്തിലും ദൈവത്തിന്റെ മാർഗ്ഗത്തിലുമുള്ള ദൃഢമായ വിശ്വാസത്താലും ക്രിസ്തുസഭയുടെ സന്മാർഗ്ഗതത്വങ്ങളുടെ നിരുപാധികമായ അംഗീകരണത്താലും മാത്രമേ ആദ്ധ്യാത്മികമൂല്യങ്ങളായ സ്വാതന്ത്ര്യവും സമാധാനവും ലഭ്യമാകുകയുള്ളുവെന്നു കഴിഞ്ഞകാലം വ്യക്തമാക്കിയിരിക്കുന്നു."

സർ വാൾട്ടർ റോബർട്ട്സ് ഇപ്രകാരം പ്രസ്താവിച്ചു:

"പാശ്ചാത്യലോകവും പൗരസ്ത്യലോകവും തമ്മിലുള്ള സംഘട്ടനം ഒഴിച്ചുവെയ്ക്കുവാനും, സമരഭീതി ഇല്ലാതാക്കുവാനും, സമുദായനീതിയും, ക്ഷേമവും, യഥാർത്ഥമായ മതതീക്ഷ്ണതയും പുനർജ്ജീവനും ജനതതികൾ യോജിച്ചു സമാധാനത്തിന്റെ മാർഗ്ഗത്തിൽ അവരുടെ പൊതുലക്ഷ്യത്തിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നതിനുള്ള വ്യവസ്ഥിതി സംജാതമാക്കുവാനും ബ്രിട്ടീഷ് ഗവർമ്മെന്റ് പരമാവധി യത്നിക്കുന്നതാണു്."

---

ങ്ങളും അഭിപ്രായങ്ങളും നിങ്ങളുടേതാക്കിത്തീർക്കണം. അവിടുന്നു കാണുന്ന വിധത്തിൽ ഓരോ സംഗതികളും നിങ്ങൾ കാണണം. അവിടുന്നു മനസ്സിലാക്കുന്ന രീതിയിൽ നിങ്ങൾ മനസ്സിലാക്കണം. അവിടുത്തെ അഭിപ്രായങ്ങൾ നിങ്ങൾക്കുണ്ടാകണം. അവിടുന്നു തീരുമാനം ചെയ്യുന്ന വിധത്തിൽ ഓരോ സംഗതികളെക്കുറിച്ചു് നിങ്ങളും തീരുമാനിക്കണം. അവിടുന്നു മനസ്സാകുന്നതു് നിങ്ങളും മനസ്സാകണം. അവിടുന്നു സ്നേഹിക്കുന്നതു് നിങ്ങളും സ്നേഹിക്കണം. അവിടുന്നു ദ്വേഷിക്കുന്നതു നിങ്ങളും ദ്വേഷിക്കണം. ഇങ്ങനെ ബാഹ്യവും ആന്തരികവുമായ വിഷയങ്ങളിൽ നിങ്ങൾ അങ്ങേയോടു് സദൃശരാകണം. ഇങ്ങനെ ചെയ്യുങ്കിൽമാത്രമേ നിങ്ങൾ ഈശോയുടെ സാക്ഷാൽ സ്നേഹിതന്മാരാകയുള്ളു; ഈശോ നിങ്ങളുടെ ഉറ്റമിത്രമാണെന്നു നിങ്ങൾക്കു് അഭിമാനിക്കുവാൻ കഴികയുള്ളു.

ഇപ്രകാരം മിശിഹായെ നിങ്ങൾ അനുകരിക്കണമെന്നാണു് 11-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തന്റെ വിശ്വലേഖനത്തിൽ പറഞ്ഞിട്ടുള്ളതു്. വിദ്യാഭ്യാസകാലത്തു വിദ്യാർത്ഥികൾ എന്തു ചെയ്യണമെന്നു് പറഞ്ഞിരിക്കുന്നിടത്തു് അവിടുന്നു ഇപ്രകാരം പ്രസ്താവിക്കുന്നു: "മിശിഹായുടെ മാതൃകയും പ്രബോധനങ്ങളുമാകുന്ന അതിസ്വാഭാവിക വെളിച്ചത്താൽ പ്രശോഭിതമായ നല്ല വിവേചന (right reason) യനുസരിച്ചു സ്ഥിരമായും നിജമായും വിചാരിക്കുകയും വിധിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അതിസ്വാഭാവിക മനുഷ്യരായിത്തീരണം യഥാർത്ഥമായ ക്രിസ്തീയവിദ്യാഭ്യാസം ചെയ്യുന്ന ആൾ."

ബാലനായ ഈശോയെപ്പോലെ ആയിത്തീരുകയെന്നതു സ്കൂളിൽ പോയി പഠിക്കുന്ന കുട്ടികൾക്കു മാത്രമുള്ള ഒരു ചുമതലയല്ല കുട്ടികളായ എല്ലാവർക്കുമുള്ള ഒരു കടമയാണു്. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികളായ എല്ലാവരും ക്രിസ്തുവിനെപ്പോലെയാകുവാൻ ബാദ്ധ്യസ്ഥരാണു്; കുട്ടികൾ ബാലനായ ഈശോയെപ്പോലെയാകണം. യുവാക്കന്മാരും യുവതികളും യുവാവായ ഈശോയെപ്പോലെയായിത്തീരണം. പ്രായം ചെന്നവർ പ്രായപൂർത്തിവന്ന ഈശോയെപ്പോലെയും. അനുകരിക്കാവുന്നവയും അനുകരിക്കേണ്ടവയുമായ എല്ലാ സംഗതികളിലും ഈശോയെ അനുകരിക്കണം. ഈ വസ്തുത കുഞ്ഞുമക്കളെല്ലാവരും ശരിയായി മനസ്സിലാക്കി ബാലനായ ഈശോയെപ്പോലെയായിത്തീരുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുക. പ്രസ്തുത ആഗ്രഹം സാധിക്കുന്നതിനുവേണ്ടി നിങ്ങളുടെ പ്രാപ്തിയിൽപ്പെട്ട എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിനു് ഉത്സുകരായിരിക്കുക. ബാലനായ സ്നേഹനാഥൻ നിങ്ങളെ ഓരോരുത്തരേയും തന്റെ ബാലകരം ഉയർത്തി അനുഗ്രഹിക്കട്ടെ.

"സത്യപ്രതിജ്ഞകളുള്ളൊരു
മിത്രമോർത്താ-
ലത്യന്തശക്തികലരുന്നൊരു
കോട്ടതന്നെ
സ്തുത്യർഹനാമവനെയാർക്കു ലഭി
ച്ചുവോ? സ-
മത്യർഹമാം നിധിയവന്നു കര
സ്ഥമല്ലോ."

(പ്രസംഗികൻ VI: 14)

എന്നു് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി എന്തറിയാം?

ഉത്തരം

1924-ൽ ഈ പാർട്ടി സംജാതമായി. എന്നാൽ കാലവിളംബമെന്യേ അതു നിരോധിക്കപ്പെട്ടു. തദനന്തരം അതിലെ അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങൾ കോൺഗ്രസ്സുകൊടിക്കീഴിൽ നിഗൂഢമായി തുടർന്നു വന്നു. ട്രേഡ്യൂണിയനുകളും വിദ്യാർത്ഥിസംഘടനകളും സ്വന്തം പിടിയിൽ വരുത്തുവാനാണു് അവർ പ്രധാനമായി പരിശ്രമിച്ചതു്. ഇക്കഴിഞ്ഞ മഹായുദ്ധത്തിന്റെ ആരംഭത്തിൽ അവരതിനോടു് സഹകരിക്കാതെ നില്ക്കുകയാണു് ചെയ്തിരുന്നതു്. "സാമ്രാജ്യ ദുർമ്മോഹികളുടെ യുദ്ധം" എന്നു് അവരതിനെ മുദ്രയടിച്ചിരുന്നു. എന്നാൽ 1942-ൽ റഷ്യ യുദ്ധത്തിൽ ചേർന്നതോടെ അതു ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാരുടെ ദൃഷ്ടിയിൽ ജനകീയാദർശങ്ങൾ സംരക്ഷിക്കാനുള്ള ഒരു യുദ്ധമായി (People's War) രൂപാന്തരപ്പെട്ടു. അതിനുശേഷം ബ്രിട്ടീഷു യുദ്ധയത്നങ്ങളെ അവർ പിന്താങ്ങുവാൻ തുടങ്ങി. തൽഫലമായി 1943-ൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിരോധനം പിൻവലിക്കപ്പെട്ടു. കോൺഗ്രസ്സു നയപരിപാടികളോടു കമ്മ്യൂണിസ്റ്റുകാർ പ്രദർശിപ്പിച്ചുവന്ന വിരുദ്ധമനോഭാവംനിമിത്തം 1945-ൽ അവരെല്ലാം കോൺഗ്രസിൽനിന്നും ഔദ്യോഗികമായി ബഹിഷ്കരിക്കപ്പെട്ടു. അതുമുതൽ ഒരു സ്വതന്ത്രകക്ഷിയെന്ന നിലയിൽ അവർ പ്രവർത്തനമാരംഭിച്ചു. ലോകത്തിലെ മറ്റെല്ലാ കമ്മ്യൂണിസ്റ്റു പാർട്ടികളുമെന്നപോലെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയും റഷ്യയോടു ചേർന്നുനിന്നാണു് പ്രവർത്തിക്കുന്നതു. ഈ പാർട്ടിയുടെ അക്രമപരിപാടികൾനിമിത്തം കഴിഞ്ഞ വർഷത്തിൽ കേന്ദ്രഗവർമ്മെന്റും തിരു-കൊച്ചി ഉൾപ്പെടെയുള്ള മിക്ക പ്രാദേശികഗവർമ്മെന്റുകളും അതിനെ നിരോധിക്കയുണ്ടായി. പ്രസ്തുത നിരോധനം മാറിക്കിട്ടുന്നതിനു് കമ്മ്യൂണിസ്റ്റുനേതാക്കൾ വാദിച്ചുവരുന്നുണ്ടെങ്കിലും പാർട്ടി അക്രമപരിപാടികൾ പരിത്യജിക്കാത്തിടത്തോളം കാലം അതിന്റെ നിരോധനം നീക്കുകയില്ലെന്നാണു് പ്രസിഡന്റ് രാജേന്ദ്രപ്രസാദ് കുറെനാൾമുമ്പു് പ്രസ്താവിച്ചതു്. (The World Year Book).

## ചോദ്യോത്തരപംക്തി

ചോ: "റോമൻ കത്തോലിക്കരും കമ്മ്യൂണിസ്റ്റുകാരും തമ്മിലുള്ള വിരോധത്തിന്റെ മൂർച്ച കൂട്ടുന്നതേയുള്ളു ഇവർ ഇരുകൂട്ടരും ആധുനികനശീകരണായുധങ്ങൾ സംഭരിക്കുവാൻ പണിപ്പെടുന്നുണ്ടു്" എന്നു പ്രോട്ടസ്റ്റന്റുകാരുടെ വകയായി പ്രസിദ്ധപ്പെടുത്തുന്ന "കേരളദീപം" മാസികയിൽ പ്രസ്താവിച്ചുകാണുന്നു. ഈ പ്രസ്താവം ശരിയാണോ?

ഉ: പ്രസ്തുത പ്രസ്താവം കത്തോലിക്കരെ സംബന്ധിച്ചിടത്തോളം തികച്ചും വാസ്തവവിരുദ്ധമായിരിക്കുന്നു. കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ യാതൊരു ആയുധസംഭരണവും നടക്കുന്നില്ല. കമ്മ്യൂണിസത്തെ പരാജയപ്പെടുത്തുന്നതിനു സഭ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ സാമൂഹികനീതിപാലനവും ജീവിതനവീകരണവുമാണു്. 1950 ജൂലൈമാസത്തിൽ പരിശുദ്ധപിതാവു 12-ാംപിയൂസു് മാർപ്പാപ്പാ പ്രസിദ്ധപ്പെടുത്തിയ "സുമ്മി മെരേറിസ്" എന്ന വിശ്വലേഖനം ഇതിനു പ്രത്യക്ഷമായ തെളിവത്രെ. പ്രസ്തുത തിരുവെഴുത്തിൽ തിരുമേനി ഇപ്രകാരം ആഹ്വാനം ചെയ്തിരിക്കുന്നു: "അനരീക്ഷ്യ ഭയാനകമായ കാർമേഘപടലങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ, എല്ലാ ജനതകളുടെയും സ്വാതന്ത്ര്യവും അഭിമാനവും ക്ഷേമവും ഹൃദയപൂർവ്വം ആഗ്രഹിക്കുന്ന നാം എല്ലാ പൗരന്മാരേയും അവരുടെ ഭരണകർത്താക്കളേയും യഥാർത്ഥമായ ഐക്യമനോഭാവവും സമാധാനവും പുലർത്താൻ ഉൽബോധിപ്പിക്കുകയല്ലാതെ മറ്റൊന്നും കരണീയമായിട്ടില്ല" തുടർന്നു്, തിരുമനസ്സുകൊണ്ടു് ആധുനിക യുദ്ധോപകരണങ്ങൾ വരുത്തിക്കൂട്ടുന്ന സമൂലനാശത്തെപ്പറ്റി പ്രതിപാദിക്കുകയും സമാധാനാർത്ഥം ദൈവസമക്ഷം പ്രാർത്ഥനകൾ സമർപ്പിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്നു. ആകയാൽ "കേരളദീപ"ത്തിന്റെ ആരോപണം തീർച്ചയായും അടിസ്ഥാനരഹിതമാണു്.

ചോ: "ഈ അടുത്തകാലത്തു് ഫാത്തിമാമാതാവിന്റെ പ്രതിമയെ എഴുന്നള്ളിച്ചുകൊണ്ടു അവർ ലോകമൊട്ടുക്കും നടത്തിയ പ്രചരണവേല കമ്മ്യൂണിസത്തിന്റെ നേക്കുള്ള സമരകാഹളം മുഴക്കലല്ലാതെ മറ്റൊന്നുമല്ല" എന്നു കേ. ദീ. ജൂലൈ ലക്കത്തിൽ എഴുതിയിട്ടുള്ളതിനെപ്പറ്റി എന്തുപറയുന്നു?

ഉ: ഫാത്തിമാമാതാവിന്റെ പ്രതിമയും എഴുന്നള്ളിച്ചുകൊണ്ടു് മുഴക്കിയ "സമരകാഹളം" സായുധസമരത്തിനുള്ള ഒരാഹ്വാനമല്ലായിരുന്നുവെന്നതു് ഏവർക്കും അറിയാവുന്നതാണു്. "പ്രാർത്ഥിക്കുക, പ്രായശ്ചിത്തമനുഷ്ഠിക്കുക", ഇതാണു് ഫാത്തിമാസന്ദേശത്തിന്റെ രത്നച്ചുരുക്കം. പ്രസ്തുത സന്ദേശത്തെ ജനങ്ങളെ അനുസ്മരിപ്പിക്കുന്നതിനായിട്ടാണു് മാതൃസ്വരൂപവും വഹിച്ചുകൊണ്ടു് തീർത്ഥകസംഘം ലോകമെങ്ങും പര്യടനം നടത്തിയതു്.

ചോ: "ആ സമരം വിജയിപ്പിക്കുന്നതിനു സഭ നിർദ്ദേശിച്ചിട്ടുള്ള ആയുധം ഫാത്തിമാമാതാവിനോടുള്ള പ്രാർത്ഥനയാണെങ്കിലും, പ്രാർത്ഥന ഫലിക്കാതെവരുമെങ്കിൽ ആധുനികമായ നശീകരണായുധങ്ങൾകൊണ്ടു് അതിനെ വകവരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതാദൃശായുധങ്ങൾ സംഭരിക്കാൻ എല്ലാ കത്തോലിക്കാ രാഷ്ട്രങ്ങളും പണിപ്പെടാതിരിക്കയില്ല. കാരണം കമ്മ്യൂണിസത്തെ നശിപ്പിച്ചിട്ടല്ലാതെ ലോകസമാധാനം സംസ്ഥാപിതമാകാൻ കഴിയുന്നതല്ല എന്നാണു് പ്രസ്തുത സഭാനേതൃത്വം പ്രഖ്യാപിച്ചിട്ടുള്ളതു്," എന്നു പ്രസ്തുത മാസിക തുടർന്നു പ്രസ്താവിക്കുന്നുണ്ടു്. ഇതു ശരിയാണോ?

ഉ: "നീയല്ലെങ്കിൽ നിന്റെ അച്ഛൻ" എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്നതാണു് ഈ വ്യാഖ്യാനം. ഫാത്തിമാസന്ദേശത്തിന്റെ ആന്തരാർത്ഥം എന്തെന്നു കേരളദീപത്തിനു അറിവുണ്ടെന്നു ഈ ഉദ്ധരിച്ച വാക്യങ്ങൾ വ്യക്തമാക്കുന്നു. കമ്മ്യൂണിസത്തിന്റെമേൽ വിജയം വരിക്കുന്നതിനു സഭ നിർദ്ദേശിക്കുന്ന മാർഗ്ഗം പ്രാർത്ഥനയാണെന്നുവരികിലും, കത്തോലിക്കാരാഷ്ട്രങ്ങൾ ഏതാദൃശായുധങ്ങൾ സംഭരിക്കാൻ "പണിപ്പെടാതിരിക്കയില്ല" എന്നായിരിക്കുന്നു ഇപ്പോഴത്തെ വാദം. "പണിപ്പെടാതിരിക്കയില്ല" എന്ന പ്രസ്താവവും "പണിപ്പെടുന്നുണ്ടു്" എന്ന പ്രസ്താവവും (ആദ്യത്തെ ചോദ്യം) തമ്മിൽ വ്യത്യാസം ഉണ്ടു് എന്നുള്ളതു അനുസ്മരിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും, ഈ വിഷയംസംബന്ധിച്ചു് സഭയുടെ നില സുവ്യക്തമാണു്. നിരീശ്വരത്വത്തിലും ഭൗതികവാദത്തിലും അടിയുറച്ചിരിക്കുന്നതും മനുഷ്യനു ജന്മനാ സിദ്ധമായിരിക്കുന്ന, സ്വകാര്യസ്വത്തുടമസ്ഥതയ്ക്കുള്ള അവകാശത്തെ നിഷേധിക്കുന്നതും മനുഷ്യരെ അക്രമത്തിനു് പ്രേരിപ്പിക്കുന്നതുമായ കമ്മ്യൂണിസവുമായി യാതൊരു ഒത്തുതീർപ്പിലെത്തുന്നതിനും കത്തോലിക്കാസഭയ്ക്കു നിർവാഹമില്ല. പക്ഷേ "കേരളദീപം" സൂചിപ്പിക്കുന്നതുപോലുള്ള ഒരു സമരപരിപാടി സഭയ്ക്കില്ല.

രാഷ്ട്രങ്ങളെ സംബന്ധിച്ചു പറകയാണെങ്കിൽ, മേൽ പ്രസ്താവിച്ചവിധം ആയുധസംഭരണം നടത്തുന്ന കത്തോലിക്കാരാഷ്ട്രങ്ങൾ ഏവയെന്നു "കേരളദീപം" ചൂണ്ടിക്കാണിക്കുന്നില്ല എന്നുവരികിലും സ്വയരക്ഷാർത്ഥം കത്തോലിക്കാരാഷ്ട്രങ്ങളും ആയുധസംഭരണം ചെയ്യുന്നുണ്ടാകാം. ആക്രമണം കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളിൽനിന്നോ മറ്റേതു രാഷ്ട്രങ്ങളിൽനിന്നോ ഉണ്ടായാലും സ്വയം സംരക്ഷിക്കുന്നതിനുവേണ്ടി മറ്റു രാഷ്ട്രങ്ങൾക്കു ചെയ്യാവുന്നതുപോലെ കത്തോലിക്കാരാഷ്ട്രങ്ങൾക്കും ആയുധമേന്താവുന്നതാണു്. മററുള്ളവരുടെ നീതിവിരുദ്ധമായ ആക്രമണത്തിനു കത്തോലിക്കാരാഷ്ട്രങ്ങൾ വഴങ്ങിക്കൊടുക്കണമെന്നു യാതൊരു് നിയമവും അനുശാസിക്കുന്നില്ല. സ്വയരക്ഷാർത്ഥമുള്ള യുദ്ധങ്ങൾ (Defensive wars) നിഷിദ്ധങ്ങളല്ല; അക്രമപരമായ യുദ്ധങ്ങളാണു് (Offensive wars) നിഷിദ്ധങ്ങളായിരിക്കുന്നതു്.

ചോ: "എന്നാൽ ക്രിസ്തുമതം ഒരിക്കലും വാൾ കൊണ്ടു് പ്രചരിപ്പിക്കത്തക്കതല്ല. "വാളെടുക്കുന്നവരൊക്കെയും വാളാൽ നശിച്ചുപോകും" (മത്തായി 26.52) എന്നാണു് ക്രിസ്തു പത്രോസ്ശ്ലീഹായോടു പറഞ്ഞതു്" എന്നുള്ള "കേ. ദീ."ന്റെ പ്രസ്താവം ശരിയാണോ?

ഉ: പ്രസ്താവം ശരിയാണു്. പക്ഷേ കത്തോലിക്കാസഭ "വാൾകൊണ്ടു്" മതം പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഒന്നാണെന്നു ഈ പ്രസ്താവം പ്രസ്തുത സന്ദർഭത്തിൽ നൽകുന്ന സൂചന യാഥാർത്ഥ്യത്തിനു കടകവിരുദ്ധമാണെന്നേയുള്ളു.

---

അഖിലകേരള കമ്മലീത്താ

## മൂന്നാംസഭായോഗം

ഉത്തരീയ ജൂബിലിവർഷം അവസാന ഞായറാഴ്ചയായ ജൂലൈ 29-ാംനു- വൈകുന്നേരം 3 മണിക്കു സെന്റ് ആൽബർട്ട് ഹാളിൽ അൽമായ കമ്മലീത്താ മൂന്നാംസഭാംഗങ്ങളെ ഉദ്ദേശിച്ചും, കർമ്മലമാതാവിന്റെയും വി. അമ്മത്രേസ്യായുടേയും വിവിധ മൂന്നാംസഭകളുടെ പ്രതിനിധികളെ പ്രത്യേകം ക്ഷണിച്ചുകൊണ്ടും ഒരു യോഗം ചേരുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ, ഈ പരസ്യം ഒരു ക്ഷണമായി സ്വീകരിച്ചു പ്രസ്തുത സമ്മേളനത്തിൽ മൂന്നാംസഭാംഗങ്ങളെല്ലാവരും സന്നിഹിതരാകണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു്

ഫാ. ഏൻജൽ മേരി ഒ. സി. ഡി.
ജനറൽ ഡയറക്ടർ

## പരാജയപ്പെട്ടു

തിരു-കൊച്ചി മന്ത്രിസഭാക്കുഴപ്പം അവസാനിപ്പിക്കുവാൻ എറണാകുളത്തെത്തിയിരുന്ന അഖിലേന്ത്യാ കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ കലാവെങ്കിട്ടറാവു ഇക്കഴിഞ്ഞ വ്യാഴാഴ്ച തിരിച്ചുപോയിരിക്കുന്നു. വിവിധഗ്രൂപ്പുകളുമായി അദ്ദേഹം എറണാകുളത്തുവച്ചു നടത്തിയ സംഭാഷണങ്ങൾ ഒരു ഒത്തുതീർപ്പിലുമെത്താതെ പരാജയമടഞ്ഞുപോയി. സംഭാഷണങ്ങളുടെ വിശദവിവരങ്ങൾ അദ്ദേഹം കേന്ദ്രപാർലമെന്ററിബോർഡിലേക്കു് സമർപ്പിക്കുന്നതും ജൂലൈ 25-ാംനു കൂടുന്ന കേന്ദ്രപാർലമെന്ററിബോർഡു് ഇതിനൊരു തീരുമാനമുണ്ടാക്കുന്നതുമാണെന്നാണു് അദ്ദേഹം പറഞ്ഞതു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 24 | ERNAKULAM, JULY 25, 1951 | No. 46


# സമുദായബോധമുള്ള മുതലാളിത്തവ്യവസ്ഥിതി

മുതലാളിത്തവ്യവസ്ഥിതിയെ, ക്രൂപ്പീറാഷിസത്തെ, സർവ്വത്ര അപലപിച്ചുകൊണ്ടിരിക്കുകയാണല്ലോ. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും ഈ അപലപനത്തിൽ മുന്നിട്ടുനില്ക്കുന്നു. എന്നാൽ അപലപിക്കുന്നവർ മുതലാളിത്തവ്യവസ്ഥിതിയിൽ നല്ല അംശങ്ങളും ചീത്ത അംശങ്ങളും ഉണ്ടെന്നുള്ള വസ്തുത പരിഗണിക്കാറില്ല. മുതലാളിത്തവ്യവസ്ഥിതി കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തികചരിത്രത്തിൽ അതിന്റെ ചീത്തയായ അംശങ്ങൾ മുഴപ്പിച്ചുകാണിച്ചിരുന്നു. മൂലധനം മുടക്കി വ്യവസായപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന മുതലാളികൾ അവരുടെ സ്വന്തം ആദായം മാത്രമേ ലക്ഷ്യംവച്ചു പോന്നിരുന്നുള്ളു. ആ പ്രവർത്തനങ്ങൾ അവരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികളുടേയോ പൊതുവിൽ സമുദായത്തിന്റേയോ അവകാശങ്ങളേയും സുസ്ഥിതിയേയും എങ്ങനെ ബാധിക്കുന്നുവെന്നു ചിന്തിക്കാൻപോലും അവർ സന്നദ്ധരായിരുന്നില്ല. പ്രസ്തുതാവകാശങ്ങളേയും സുസ്ഥിതിയേയും മുൻനിർത്തിയുള്ള ആരുടേയും ഇടപെടലിനെ അവർ എതിർത്തുകൊണ്ടിരുന്നു. മതത്തിനാകട്ടെ രാഷ്ട്രത്തിനാകട്ടെ പൊതുജനാഭിപ്രായത്തിനാകട്ടെ തങ്ങളുടെ പ്രവർത്തനങ്ങളിൽ യാതൊരു നിയന്ത്രണവും ചെലുത്തുവാൻ അധികാരമോ അവകാശമോ ഇല്ലെന്നായിരുന്നു അവരുടെ ശാഠ്യം; അതിന്റെ ഫലമായി മുതലാളിത്തവ്യവസ്ഥിതി യഥാർത്ഥത്തിൽ ലോകത്തിൽ പൊതുവേ അസമാധാനത്തിനും മത്സരങ്ങൾക്കും കാരണമായിത്തീർന്നു.

എന്നാൽ മുതലാളിത്തവ്യവസ്ഥിതി സ്വതവേ ചീത്തയാണോ? കഴിഞ്ഞകാലത്തെ സാമ്പത്തികചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട ദൂഷ്യങ്ങൾ മുതലാളിത്തവ്യവസ്ഥിതിയുടെ അവശ്യഘടകങ്ങളാണോ? ജീവിതവിഭവങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും സ്വകാര്യവ്യക്തികൾ തനിച്ചോ സംഘടിച്ചോ പ്രവർത്തനം നടത്തുകയും, അതിനായി ശമ്പളവും കൂലിയുംകൊടുത്തു് ആളുകളെ ഏർപ്പെടുത്തുകയും, തങ്ങൾ മുടക്കുന്ന മൂലധനത്തിന്റെ പലിശയായും തങ്ങളുടെ സാമർത്ഥ്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും പ്രതിഫലമായും ആദായമെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് സാമാന്യമായി മുതലാളിത്തവ്യവസ്ഥിതി. ഇതിൽ സ്വതവേ ചീത്തയായ യാതൊരംശവും ഇല്ല. കൂലിക്കാർക്കും ശമ്പളക്കാർക്കും നീതിയാലും സ്നേഹത്താലും അവകാശമുള്ള പ്രതിഫലം കൊടുക്കുകയും, ഉപഭോക്താക്കളായ പരമാവലിയുടെ പൊതുവായ ഗുണത്തെ പരിഗണിക്കുകയും ചെയ്തുകൊണ്ടുള്ള മുതലാളിപ്രവർത്തനങ്ങളിൽ അപലപനീയമായൊന്നുമില്ല. ഇതരന്മാരുടെ ന്യായമായ അവകാശങ്ങൾക്കു ഭംഗംവരുത്താതെ ഇഷ്ടമുള്ള തൊഴിലുകളിൽ ഏർപ്പെടുവാൻ വ്യക്തികൾക്കും സംഘടനകൾക്കുമുള്ള പ്രകൃതിദത്തമായ അവകാശത്തിന്റെ പ്രയോഗംമാത്രമാണതു്. തന്നെയുമല്ല ന്യായമായ തോതിൽ ആദായംപറ്റുവാൻ പ്രസ്തുതസമ്പ്രദായം അവകാശവും സൗകര്യവും പ്രദാനംചെയ്യുന്നതിനാൽ പുതിയ പുതിയ പ്രവർത്തനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും, അതുവഴിയായി രാജ്യത്തിലെ ഉല്പാദനവിതരണങ്ങൾ കാര്യക്ഷമമായി പുരോഗമിപ്പിക്കുന്നതിനും, അങ്ങനെ രാജ്യത്തിന്റെ ആകമാനമായ വരുമാനവും വിഭവസമ്പത്തും വർദ്ധിപ്പിക്കുന്നതിനും വ്യക്തികൾക്കും സംഘടനകൾക്കും ശക്തമായ പ്രേരണയുണ്ടാവുകയും ചെയ്യുന്നു. ആകയാൽ, യാതൊരു ഗുണദോഷവിവേചനവും കൂടാതെ മുതലാളിത്തവ്യവസ്ഥിതിയെ അപലപിക്കുന്നതു് യുക്തിപൂർവ്വകമല്ല; മേൽവിവരിച്ചവിധം സമുദായബോധത്തോടുകൂടിയ മുതലാളിത്തവ്യവസ്ഥിതി രാജ്യത്തിനു പൊതുവേ ഗുണപ്രദമാകയാൽ അതിനെ സ്വാഗതംചെയ്യുകയാണ് ബുദ്ധിപൂർവ്വകം. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതി ഈ വസ്തുതയെ ഉദാഹരിക്കുന്നുണ്ട്.

### യു. എസ്. ഏ. യിലെ ഉല്പാദനം

ഒന്നാമതായി യു. എസ്. ഏ. യിലെ മുതലാളിത്തം ആ രാജ്യത്തെ അനുസ്യൂതാവിഭവസമ്പന്നമാക്കിത്തീർത്തുകൊണ്ടിരിക്കുന്നു. ലോകത്തിലാകെയുള്ള ജീവിതവിഭവങ്ങളുടെ ഏകദേശം മൂന്നിലൊന്നു് ആ രാജ്യത്താണ് ഉല്പാദിപ്പിക്കപ്പെടുന്നതു്. ലോകത്തിലെ വ്യവസായോല്പന്നങ്ങളിൽ പകുതിയോളം ഉണ്ടാക്കപ്പെടുന്നതും അവിടെത്തന്നെയാണ്. എന്നുവരികിലും ലോകത്തിലെ ജനസംഖ്യയിൽ മൂന്നിലൊന്നും, ലോകത്തിലെ കരഭൂമിയിലോ പ്രകൃതിവിഭവസമ്പത്തിലോ മൂന്നിലൊന്നും അമേരിക്കയിലില്ലെന്നു് നമുക്കറിയാം. നേരെമറിച്ച് ലോകത്തിലെ പ്രകൃതിവിഭവസമ്പത്തിൽ ഏകദേശം 15-ലൊന്നുമാത്രമേ ആ രാജ്യത്തുള്ളു. അങ്ങനെയെങ്കിൽ മററു രാജ്യങ്ങളെ അപേക്ഷിച്ച് അമേരിക്കയിൽ ഇത്ര വർദ്ധമാനമായ തോതിൽ ഉല്പാദനം നടക്കുകയും ഉല്പന്നങ്ങളുണ്ടാവുകയും ചെയ്യുന്നതിന്റെ രഹസ്യമെന്തായിരിക്കാം? അമേരിക്കാക്കാർ ഉല്പാദകശക്തിയിൽ ഏററവുമധികം താല്പര്യമുള്ളവരാകുന്നു. ഓരോ വ്യക്തിയും നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന തോതിൽ ഉല്പാദനംചെയ്യുന്നതിനെയാണ് തങ്ങളുടെ ഭൗതികമായ ക്ഷേമം വളരെയധികം ആശ്രയിച്ചിരിക്കുന്നതെന്നു് അവർ വിശ്വസിക്കുന്നു. ഈ ഉല്പാദനവർദ്ധനവ് മിക്കവാറും മുഴുവൻ ആശ്രയിച്ചിരിക്കുന്നതു് ഏററവും വിപുലമായ തോതിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനേയും, യന്ത്രം നടത്തുവാൻ വിറകും വെള്ളവും സ്വാധീനപ്പെടുത്തുന്നതിന്റെ വൈപുല്യത്തെയുമാണെന്നും അവർക്കറിയാം. ആകയാൽ മനുഷ്യമാംസപേശികൾക്കുപകരം ഉല്പാദനം ത്വരിതപ്പെടുത്തുവാൻ അവർ യന്ത്രമാംസപേശികൾ ഏർപ്പെടുത്തുന്നു. അതിന്റെ ഫലമായി രാജ്യത്തിലെ ജനങ്ങൾക്കു സമൃദ്ധിയുണ്ടാകത്തക്കവണ്ണം രാജ്യത്തെ അവർ ധനസമ്പന്നമാക്കുകയുംചെയ്യുന്നു.

### യു. എസ്. ഏ. യിലെ വിതരണം

അമേരിക്കയിലെ തൊഴിൽപ്രവർത്തകന്മാർക്കറിയാം വർദ്ധമാനമായ ഉല്പാദകശക്തിയുടെ ഫലം ഭൂരിപക്ഷജനങ്ങളുടേയും വർദ്ധമാനമായ വരുമാനമായിരിക്കണമെന്നു; തൊഴിലാളിയുടെ വർദ്ധമാനമായ ജോലിസ്ഥിരതയായിരിക്കണമെന്നു്; ഉപഭോക്താവിന്റെ വർദ്ധമാനമായ സംതൃപ്തിയായിരിക്കണമെന്നു്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉല്പാദനശക്തിയുടെ ഫലം തൊഴിൽപ്രവർത്തകരുടെ ആദായവർദ്ധനവ് മാത്രമായിരിക്കണമെന്നുള്ള ബോധം അമേരിക്കാക്കാർക്കില്ല. 1939-നും 1949-നും ഇടയ്ക്കുള്ള 10 കൊല്ലത്തിനുള്ളിൽ യു. എസ്. ഏ. യിലെ തൊഴിലാളികളിൽ 30 ശതമാനത്തിന്റെ വരുമാനം കൊല്ലത്തിൽ 3000 ഡോളറോ അതിലധികമോ ആയി വർദ്ധിച്ചു. അതായതു് 1939-ലെ 15 ശതമാനം 1949-ൽ 26 ശതമാനമായി ഉയർന്നു. നേരെമറിച്ച് രാജ്യത്തിലെ ആകെയുള്ള വരുമാനത്തിൽ ഏററവും കൂടിയതുക തങ്ങളുടെ ഭാഗമായി ലഭിച്ചിരുന്ന ആളുകളുടെ വരുമാനം കഴിഞ്ഞ 50 വർഷങ്ങൾക്കുള്ളിൽ ഗണ്യമായവിധം ഇടിയുകയാണുണ്ടായതു്. ഇതിന്റെ അർത്ഥം രാജ്യത്തിലെ ആകെയുള്ള വരുമാനം ഓരോകൊല്ലം ചെല്ലുന്തോറും കൂടുതൽ കൂടുതൽ സമീകൃതമായി വിതരണംചെയ്യപ്പെടുന്നുവെന്നാണല്ലോ. സാമ്പത്തികസോപാനത്തിന്റെ ഉന്നതപടിയിൽനിന്നിരുന്നവർ കീഴോട്ടിറങ്ങുകയും താഴ്ന്നപടിയിൽ നിന്നിരുന്നവർ മേലോട്ടുകയറുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്നർത്ഥം.

അവസരസമത്വത്തിന്റെ കാര്യത്തിലും യു. എസ്. ഏ. യിലെ മുതലാളിത്തവ്യവസ്ഥിതി പ്രശംസാർഹമായിട്ടാണു വർത്തിച്ചിട്ടുള്ളതു്. അമേരിക്കയിലെ മുന്നണിയിൽ നില്ക്കുന്ന ഏതാനും ബുദ്ധിജീവികൾ ഈയിടെ പരിശോധിക്കുകയുണ്ടായി, വ്യക്തികൾക്കു വളരുവാനും വികസിക്കുവാനുമുള്ള അവസരങ്ങളുടെ കാര്യത്തിൽ 1900-നുശേഷം ആ രാജ്യത്തു നടന്നിട്ടുള്ളതെന്താണെന്നു്. അമേരിക്കാക്കാർ പൊതുവിൽ ഭൗതികമായും, മാനസികമായും, ആദ്ധ്യാത്മികമായും പുരോഗമിച്ചോ പിന്നോക്കംപോയോ എന്നായിരുന്നു അവരുടെ പരിശോധന. മൂന്നുവിധത്തിലും അമേരിക്കാക്കാർ പുരോഗമിച്ചുവെന്നാണ് അവരെത്തിച്ചേർന്ന നിഗമനം.

### രാഷ്ട്രസാൽക്കരണം സിദ്ധൗഷധമല്ല

സ്വകാര്യവ്യക്തികൾ ഒററയായോ സംഘടിതമായോ തൊഴിൽ പ്രവർത്തനങ്ങൾ നടത്തുന്ന മുതലാളിത്തവ്യവസ്ഥിതിയിലെ സമ്പ്രദായത്തോടു് കമ്മ്യൂണിസ്റ്റുകാർക്കും മാർക്സ്യൻ സോഷ്യലിസ്റ്റുകാർക്കും പരമവിരോധമാണെന്നു പ്രസിദ്ധമാണല്ലോ. ആ സമ്പ്രദായം സ്വതവേ ചൂഷണമാണെന്നും, സകല ഉല്പാദനവും വിതരണവും സമുദായത്തിന്റെ നാമത്തിൽ രാഷ്ട്രം ഏറെറടുത്തു നടത്തേണ്ടതാണെന്നും, എന്നാൽമാത്രമേ നിലവിലുള്ള ഭീമമായ സാമ്പത്തികാസമത്വങ്ങൾ നീങ്ങി സാമ്പത്തികസമീകരണം നടപ്പിൽ വരികയുള്ളുവെന്നുമാണ് അവരുടെ മുറവിളി. സ്വകാര്യപ്രവർത്തനങ്ങൾക്കു കുറച്ചൊക്കെയെങ്കിലും സ്ഥാനം നല്കിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ കോൺഗ്രസ്സ് ഗവമ്മെൻറുകളെ മുതലാളിത്തഗവമ്മെൻറുകളെന്നു മുദ്രയടിച്ചു് അപലപിക്കുവാൻപോലും അക്കൂട്ടർ മടിക്കുന്നില്ല. എന്നാൽ ഇസ്സങ്ങളേയും മുദ്രാവാക്യങ്ങളേയും കേവലം വിസ്മരിച്ചുകൊണ്ടും കടുത്ത യാഥാർത്ഥ്യങ്ങളെ പരിഗണിച്ചുകൊണ്ടും കോൺഗ്രസ്സ് ഗവമ്മെൻറുകൾ സ്വകാര്യപ്രവർത്തനങ്ങൾക്കു സ്ഥാനം നല്കുവാൻ ഇനിയും നിശ്ചയിച്ചിരിക്കുകയാണെന്നുള്ളതു് ആശ്വാസകരംതന്നെ. കോൺഗ്രസ്സ് ഗവമ്മെൻറു് നിയമിച്ച പ്ലാനിംഗ്കമ്മീഷൻ ഈയിടെ സമപ്പിച്ച പഞ്ചവത്സരപദ്ധതിയിൽ സ്വകാര്യപ്രവർത്തനങ്ങൾക്കു സ്ഥാനം നൽകിയിട്ടുണ്ട്. ആ പദ്ധതിയെ ശുപാശ്ചെയ്തുകൊണ്ടു് ശ്രീ നെഹ്റു ഈയിടെ ബാംഗ്ലൂരിൽകൂടിയ ഏ. ഐ. സി. സി. സമ്മേളനത്തിൽ പ്രസ്താവിച്ചതിങ്ങനെയാണ്: "ചിലയാളുകൾ രാഷ്ട്രസാൽക്കരണത്തെപ്പററി സംസാരിക്കുന്നതു് സാമ്പത്തികപ്രശ്നത്തിനു് അതാണു പരിഹാരമെന്ന മട്ടിലാണ്. യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ രാഷ്ട്രസാൽക്കരണത്തെപ്പററി ചിന്തിച്ചെങ്കിലേ അതൊരു നല്ല ആശയമായിരിക്കുകയുള്ളു. ഏതിനേയും ഗുണദോഷവിവേചനം ചെയ്യുവാനുള്ള അവസാനത്തെ മാനദണ്ഡം മുദ്രാവാക്യങ്ങളല്ല, പ്രത്യുത കൺമുമ്പിൽവച്ചിരിക്കുന്ന സാമുദായികലക്ഷ്യമാണ്. ആ സാമുദായികലക്ഷ്യംകൊണ്ടു വേണം സകലത്തേയും ഗുണദോഷവിവേചനം ചെയ്യാൻ." ഏററവും ബുദ്ധിപൂർവകമായ ഈ തത്വമനുസരിച്ചു, അടുത്തു പ്രസിദ്ധംചെയ്ത കോൺഗ്രസിന്റെ പ്രകടനപത്രികയിൽ സ്വകാര്യപ്രവർത്തനങ്ങൾക്കുള്ള സ്ഥാനം ഉൾക്കൊള്ളിച്ചിരിക്കുന്നു. "നമ്മുടെ സമ്പത്തികനയത്തിൽ പബ്ളിക് വൃത്തം മാത്രമല്ല, പ്രൈവററു് വൃത്തവും ഉണ്ടായിരിക്കും. എന്നാൽ പ്രൈവററു് വൃത്തം നാഷണൽ പ്ലാനിന്റെ ലക്ഷ്യങ്ങൾ സ്വീകരിക്കുകയും അതിനോടു് ഇണങ്ങിച്ചേരുകയും വേണ്ടിയിരിക്കുന്നു." ഈ അവസാനവാക്യത്തിന്റെ അർത്ഥം സ്വകാര്യപ്രവർത്തനങ്ങൾ അവ നടത്തുന്നവരുടെ ആദായം മാത്രം ലക്ഷ്യംവയ്ക്കാതെയും, രാജ്യത്തിന്റെ പൊതുവായ ഗുണത്തിനു് അനുയോജ്യവും ആയിരിക്കണമെന്നാണല്ലോ. യു. എസ്. ഏ. യിലെ സ്വകാര്യപ്രവർത്തനങ്ങളെപ്പററി മുകളിൽ നൽകിയ വിവരങ്ങൾ പ്രകടനപത്രികയിലെ പ്രസ്തുത നിശ്ചയത്തെ തികച്ചും നീതീകരിക്കുവാൻ പര്യാപ്തമാണ്.

### ഒരു മന്ത്രിയുടെ എതിരഭിപ്രായം

കേന്ദ്രത്തിലെ ഉല്പാദനവകുപ്പിന്റേയും മററും മന്ത്രിയായ ശ്രീ ഗാഡ്ഗിൽ പ്രകടനപത്രികയിലെ പ്രസ്തുതഭാഗത്തെ ഇപ്രകാരം എതിർത്തു: "നാം രാജ്യവാസികളുടെമുമ്പിൽ ചെന്നു് അവരെ ആഹ്വാനം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സ്വകാര്യപ്രവർത്തനത്തെപ്പററി നാം ഇനിയും സംസാരിക്കാതിരിക്കുകയും അതിനു കുറച്ചൊക്കെ സ്ഥാനമുണ്ടെന്നു പറയാതിരിക്കുകയും ചെയ്യണം...... ഉല്പാദനമാർഗ്ഗങ്ങൾ ഗവമ്മെൻറിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ആകാത്തപക്ഷം, സാമുദായികനീതി സുനിശ്ചിതമാക്കുവാൻ സാദ്ധ്യമല്ല. സ്വകാര്യവ്യവസായത്തിനു് ഈ പരിവർത്തനദശയിൽ അനുവദിക്കാവുന്ന വൃത്തം വളരെ ചെറുതായിരിക്കണം; അതു ക്രമേണ ചുരുങ്ങിവരികയും, ഒടുവിൽ സാമ്പത്തികരംഗം മുഴുവൻ പ്ലാൻ ചെയ്യപ്പെട്ട ഒരു രംഗമായിത്തീരുകയും വേണം. പ്ലാൻ ചെയ്യപ്പെടുന്ന സാമ്പത്തികരംഗം പ്രവർത്തനം നടത്തുന്നതു് കൺട്രോളുകളാകുന്ന യന്ത്രോപകരണംവഴി ആയിരിക്കണം താനും."

ഈ എതിരഭിപ്രായം ശ്രീ നെഹ്റുവിന്റെ താഴെകാണുന്ന മറുപടിക്കുശേഷം തിരസ്കരിക്കപ്പെട്ടു.

### നെഹ്റുവിന്റെ മറുപടി

"പ്ലാനിംഗ് സ്വേച്ഛാധിപത്യപരമാകാം. ചില രാജ്യങ്ങളിൽ അതു് അങ്ങനെയായിരുന്നു. എന്നാൽ പ്ലാനിംഗ് ജനാധിപത്യപരമാകാൻ പാടുണ്ട്; തത്വത്തിൽ അതു തീർച്ചയാണ്, പ്രയോഗത്തിൽ അങ്ങനെയായിരിക്കുമെന്നാണ് എന്റെ പ്രതീക്ഷ...... നാം ജനാധിപത്യത്തിന്റെ സാരാംശത്തിൽ വിശ്വസിക്കുന്നു. ആകയാൽ പുരോഗമനത്തിലേക്കുള്ള ഗതി കുറെയൊക്കെ സാവധാനത്തിലായാലും, ജനാധിപത്യരീതികൾ തന്നെ നാം മുറുകെപ്പിടിക്കുകയാണ്. സ്വേച്ഛാധിപത്യരീതികൾക്കു വേഗത കൂടും. എന്നാൽ ആ ഗതിവേഗം കൈവരുന്നതോടുകൂടി അനന്യമായ വിലയുള്ള മറെറാന്നു നമുക്കു നഷ്ടപ്പെട്ടുമെന്നു നമുക്കു ബോധമുണ്ട്. വ്യക്തിയുടെ വികസനം നമുക്കു് നഷ്ടപ്പെടും. മനുഷ്യവ്യക്തികൾ വികാസം പ്രാപിക്കുന്നുണ്ടെന്നു നമുക്കു വിശ്വാസമാണ്. അതു നമുക്കു നഷ്ടപ്പെടും, നാം സ്വേച്ഛാധിപത്യരീതികൾ സ്വീകരിച്ചാൽ. അവസാനലക്ഷ്യം വച്ചു പറഞ്ഞാൽ, മനുഷ്യജീവികളുടെ വ്യക്തിത്വം വികസിക്കാൻ നാം അനുവദിക്കാത്തപക്ഷം, സമുദായത്തിന്റെ അടിത്തറ തീർച്ചയായും ഇടിഞ്ഞുപോകും. ഒരുതരം ജനാധിപത്യപരമായ പ്ലാനിംഗ് ഉണ്ടാകാനാണ് നമ്മുടെ ശ്രമം. ഏതു പ്ലാനിംഗിലും കുറെയൊക്കെ കൺട്രോൾ ഉണ്ടായിരിക്കുമെന്നതിൽ സംശയവുമില്ല. പരിപൂർണ്ണമായ കൺട്രോളല്ല പ്രത്യുത അതിന്റെ ഒരംശം മാത്രം. ആ അംശം വർദ്ധിച്ചുകൊണ്ടിരുന്നേക്കാം. ആ സംഗതി അതു ബാധകമാകുന്ന ജനങ്ങൾ സഹകരണത്തോടുകൂടി തീരുമാനിക്കേണ്ടതാണ്."

### രാമസ്വാമിമുതലിയാരുടെ വിദഗ്ദ്ധാഭിപ്രായം

രാജ്യകാര്യങ്ങളിൽ ദീർഘകാലത്തെ പരിചയം സമ്പാദിച്ചിരിക്കുന്ന വിദഗ്ദ്ധനായ സർ. ഏ. രാമസ്വാമിമുതലിയാർ ഈയിടെ മദ്രാസിലെ ഒരു ജൂബിലിസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണ്. സകലതും രാഷ്ട്രത്തിന്റെ വകയാക്കുന്ന രാഷ്ട്രസാൽക്കരണവും പരിപാടിയും രാജ്യത്തിനു് ഗുണകരമല്ലെന്നു് അദ്ദേഹം വ്യക്തമാക്കി.

"ഒരു ലഘുപരിധിക്കപ്പുറം രാഷ്ട്രസാൽക്കരണം രാഷ്ട്രത്തിനു നന്മ ചെയ്യുകയില്ലെന്നുള്ളതിൽ സംശയമില്ല. 40 കൊല്ലത്തെ രാഷ്ട്രീയജീവിതത്തിനുശേഷമാണ് സുനിശ്ചിതമായ ഈ അഭിപ്രായത്തിൽ ഞാൻ എത്തിയിരിക്കുന്നതു്. മററു നേതാക്കന്മാരോടൊപ്പം ഞാനും രാഷ്ട്രസാൽക്കരണത്തിനുവേണ്ടി വാദിക്കുകയും പ്രക്ഷോഭണം നടത്തുകയും ചെയ്തിട്ടുണ്ടു്. ഇംഗ്ലണ്ടിലെ ജനങ്ങളുടെ ജീവിതസ്ഥിതി നോക്കിയാൽ രാഷ്ട്രസാൽക്കരണം അവിടെ എന്തുചെയ്തുവെന്നു കാണാവുന്നതാണു്. പല രാഷ്ട്രസാൽക്കരണവാദികളും അവകാശപ്പെട്ടിരുന്നതുപോലെ രാഷ്ട്രസാൽക്കരണം ഇംഗ്ലണ്ടിൽ അനുഗ്രഹമായിട്ടല്ല പരിണമിച്ചതു്. റെയിൽവെ പോലെ പൊതുക്ഷേമകരങ്ങളായ ചില പ്രസ്ഥാനങ്ങൾ മാത്രമേ ഗവമ്മെൻറു നിയന്ത്രണത്തിലാകാവൂ. ഇങ്ങനെ ചില വ്യത്യസ്തങ്ങളൊഴിച്ചാൽ വ്യവസായപരങ്ങളായ പ്രവൃത്തനങ്ങൾ നടത്തുവാൻ പററിയ ഏജൻസി ഗവമ്മെൻറല്ല. ഗവമ്മെൻറു് വ്യവസായപ്രവൃത്തനങ്ങളുടെ മാനേജ്മെൻറും ഉടമസ്ഥതയും വഹിച്ചുതുടങ്ങിയാൽ വ്യവസായലോകത്തു മുന്നോട്ടിറങ്ങി പ്രവൃത്തിക്കുന്ന സ്വതന്ത്രോദ്യമക്കാർ താനേ ഇല്ലാതാകുന്നതും വ്യവസായത്തിൻെറ സ്വഭാവം താനേ പാടേ മാറുന്നതുമാണു്. ഗവമ്മെൻറിൻെറ ഭാഗത്തു് അതൊരു പരാജയമല്ല. എല്ലാററിനും ക്ലിപ്തചട്ടങ്ങൾ അനുസരിച്ചു പ്രവൃത്തിക്കുന്ന ഗവമ്മെൻറിൻെറ സ്വാഭാവികഗതിയിൽ ആ പരാജയകാരണം അന്തർലീനമാണു്. ഗവമ്മെൻറു മാനേജ്മെൻറിൻെറ ഫലമായി വ്യവസായവികസനത്തിൻെറ പ്രാഥമികലക്ഷ്യംതന്നെ വിസ്മരിക്കപ്പെടുന്നു. മുതലാളിത്തത്തിൽനിന്നു സഹകരണതത്വത്തിലേക്കുള്ള ഗതി സ്വാഭാവികമാണു്. മുതലാളിത്തത്തിനു തെററില്ല. അതിനാൽ രാഷ്ട്രസാൽക്കരണംകൊണ്ടു നമ്മുടെ ന്യൂനതകൾ പരിഹരിക്കപ്പെടുകയില്ല."

എത്ര സാരസർവസ്വമായ അഭിപ്രായം! പ്രകൃതിന്യായപ്രകാരം രാഷ്ട്രത്തിൻെറ സ്ഥാനവും ലക്ഷ്യവും കൃഷിവ്യവസായങ്ങൾ നടത്തുന്ന മുതലാളിയുടെയോ ജന്മിയുടേയോ അല്ല. ആ ജോലികൾ രാഷ്ട്രത്തിനു താഴെയുള്ള വ്യക്തികൾക്കോ സംഘടനകൾക്കോ ആണു് പ്രകൃതിനിയമംതന്നെ നിശ്ചയിച്ചുവച്ചിട്ടുള്ളതു്. അവർ ആ ജോലികൾ പൊതുജനാവലിയുടെ പൊതുഗുണത്തിനു് അനുയോജ്യമായി നടത്തുന്നുണ്ടോയെന്നു് മേൽനോട്ടം വഹിക്കുവാനും, അങ്ങനെ നടത്തുവാൻ വേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും അവർക്കു നൽകുവാനും, അവയിൽനിന്നു വ്യതിചലിക്കാതിരിക്കുവാൻ ആവശ്യകമായ നിയന്ത്രണങ്ങൾ ചെലുത്തുവാനും മാത്രമേ രാഷ്ട്രത്തിനു പ്രകൃതിനിയമംതന്നെ അധികാരം നൽകിയിട്ടുള്ളൂ. അതേസമയംതന്നെ കൃഷിയും വ്യവസായവും നടത്തുന്ന സ്വകാര്യാധ്യക്ഷന്മാർ, വ്യക്തികളും സംഘടനകളും, പരമാർത്ഥമായ സമുദായബോധമുള്ളവരായിരിക്കണം. തങ്ങളുടെ പ്രവൃത്തനങ്ങൾ സമുദായസേവനമാണെന്നുള്ള ബോധ്യം അവർക്കുണ്ടായിരിക്കണം. അങ്ങനെയുമായാൽ യു. എസ്സ്. ഏ. യിലെപ്പോലെ ഇവിടത്തേയും മുതലാളിത്തം രാജ്യത്തെ ധനസമ്പന്നമാക്കാനും ആ ധനസമ്പത്തു കഴിയുന്നിടത്തോളം സമീകൃതമായി വിതരണം ചെയ്യപ്പെടാനും തീർച്ചയായും പ്രയോജനപ്പെടും.

## അടുത്ത ആഴ്ചയിൽ

ജൂലൈ
29 ഞാ. പന്ത. 11-ാം ഞായർ
30 തി. വേ. അബ്ദോനും സേനേനും
31 ചൊ. വി. ഇഗ്നേഷ്യസ് ലയോള
ആഗസ്റ്റ്
1 ബു. പത്രോസ് ശ്ലീഹായുടെ ഇടൽ
2 വ്യാ. വേ. പാ. എസ്തപ്പാനോസ്
3 വെ. എസ്തപ്പാനോസിൻെറ ശരീരം കണ്ടെത്തിയദിനം
4 ശ. വി. ഡൊമിനിക്കാസ്.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## "സന്ദേശ"ത്തിനു സ്വാഗതം

കോഴിക്കോട്ടുനിന്നും ഈ ജൂലൈമാസം മുതൽ, പ്രശസ്തസാഹിത്യകാരനായ റവ. ഫാ. എസ്. തേർമഠം എം. ഒ. എൽ. അവർകളുടെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഒരു പ്രതിപക്ഷപത്രികയാണു് "സന്ദേശം". എത്ര അർത്ഥവത്താണു് ഈ മൂന്നക്ഷരങ്ങൾ! ക്രിസ്തുവിൻെറ സനാതനസന്ദേശംതന്നെയാണു് ഈ പത്രികയിലെ ഉള്ളടക്കം. "നിങ്ങൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും പോയി എൻെറ സുവിശേഷം പ്രസംഗിപ്പിൻ," ഇതാണു് പത്രത്തിൻെറ പ്രഥമപക്ഷത്തിൽ ചേർത്തിരിക്കുന്ന മുദ്രാവാക്യം. അതിനെ അന്വർത്ഥമാക്കിക്കൊണ്ടു്, എല്ലാ കുടുംബങ്ങളിലും കയറിച്ചെന്നു് ക്രിസ്തുവിൻെറ സന്ദേശമറിയിക്കുവാനാണു് ഈ നവസഹജീവി കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്നതു്. അങ്ങനെ മുമ്പു് കോഴിക്കോട്ടുരൂപതവകയായി പ്രസിദ്ധംചെയ്തിരുന്നതും പിന്നീടു് യുദ്ധംമൂലം പ്രസിദ്ധീകരണം നിർത്തിവച്ചതുമായ "കുടുംബദീപ"ത്തിൻെറ സ്ഥാനമിതു കരസ്ഥമാക്കും; അതിനെ കവച്ചുവയ്ക്കുകയും ചെയ്യും.

"മതത്തെ സംബന്ധിക്കുന്ന വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും, കത്തോലിക്കാലോകത്തിലെ പ്രധാനസംഭവങ്ങളും വാർത്തകളും, കോഴിക്കോട്ടുരൂപതയേയും ഇടവകകളേയും സംബന്ധിക്കുന്ന പ്രധാനവിവരങ്ങളും പതിവായി "സന്ദേശ"ത്തിൽ പ്രസിദ്ധീകരിക്കുന്നതാണു്. മതവിഷയങ്ങൾക്കാണു പ്രാധാന്യം കല്പിക്കുന്നതെങ്കിലും സാമാന്യവിജ്ഞാനം നൽകുന്ന ഇതരവിഷയങ്ങളെ പരാമർശിക്കുന്ന ലേഖനങ്ങളും കഥകളും "സന്ദേശ"ത്തിലുണ്ടായിരിക്കും. തൽക്കാലം മാസത്തിൽ രണ്ടുമാത്രമായിട്ടാണു് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്" എന്നിങ്ങനെയാണു് ആദ്യലക്കത്തിലെ മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു്.


മലബാർപ്രദേശത്തു കുടിയേറിപ്പാർത്തിരിക്കുന്ന ക്രിസ്ത്യാനികൾക്കു് "സന്ദേശ"ത്തിൻെറ പുറപ്പാടു് വലിയൊരനുഗ്രഹമാണെന്നതിനു സംശയമില്ല; കേരളത്തിൻെറ ഇതരഭാഗങ്ങളിൽവസിക്കുന്നവർക്കുമിതിലെ സന്ദേശം ആസ്വാദ്യമായിരിക്കും. സത്യദീപത്തിൻെറ ഒരു കൊച്ചനുജത്തിയായി കരുതാവുന്ന മാന്യസഹജീവിക്കു് സ്വാഗതമരുളുകയും സർവ്വവിജയവുമാശംസിക്കുകയും ചെയ്തുകൊള്ളുന്നു.

കുട്ടികൾക്കുപകരിക്കുന്ന

## നല്ല പുസ്തകങ്ങൾ

| | |
|---|---|
| രക്തംപുരണ്ട ലില്ലിപ്പുഷ്പം (ഗൊരേത്തിയുടെ ചരിത്രം) | 0-3-0 |
| ബാലമിത്രം (ഡോൺബോസ്കോയുടെ ചരിത്രം) | 1-0-0 |
| മതപഠനം | 1-8-0 |
| ഫാത്തിമായിലെ കുട്ടികൾ | 1-0-0 |

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം




കോടികുളം: കത്തോലിക്കാകോൺഗ്രസ്സ് ശാഖയുടെ ഒരു പൊതുയോഗം ജൂലൈ 15-ാംനു കൂടി പുതിയ സെക്രട്ടറിയെയും പ്രതിനിധികളേയും തിരഞ്ഞെടുത്തിരിക്കുന്നു.

—പൈങ്ങളം: കത്തോലിക്കാകോൺഗ്രസ്സ് ശാഖയുടെ ഒരു യോഗം ജൂലൈ 8-ാംനു റവ. ഫാദർ മാത്യു നരിക്കുഴി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി പുതിയ ശാഖാസംഘം പ്രതിനിധികളുടെ തിരഞ്ഞെടുപ്പു നടത്തിയിരിക്കുന്നു.

—ളാക്കാട്ടൂർ, പങ്ങട, കൂരോപ്പട, പാമ്പാടി, മാടപ്പാട്ടു്, കോത്തലാ, അരീപ്പറമ്പു് എന്നിവിടങ്ങളിൽ നിന്നുമുള്ള വിവിധജാതിമതസ്ഥരടങ്ങിയ ഒരു വമ്പിച്ച ജനസഞ്ചയം ജൂലൈ 15-ാംനു വെരി റവ. ഫാദർ ജോർജ്ജ് നെടുംതകിടിയേൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു [illegible]ജ്ജന മഹായോഗം നടത്തിയിരിക്കുന്നു.

—കുളത്തൂർ: ചെറുപുഷ്പ പമിഷൻലീഗ് സെക്രട്ടറി ഇപ്രകാരമറിയിക്കുന്നു: സത്യദീപം അകത്തോലിക്കർക്കു് റിമെയിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർ കോപ്പികൾ മിഷൻലീഗ് ഓഫീസിൽ ഏല്പിച്ചാൽ മതിയാകുന്നതാണു്.

—ചങ്ങനാശ്ശേരി ഭദ്രാസന ഇടവകയിലുള്ള അഭ്യസ്തവിദ്യരായ കത്തോലിക്കരുടെ വകയായി രണ്ടു സംവത്സരങ്ങൾക്കുമുമ്പുവരേയും പ്രശസ്തമായി പ്രവൃത്തിച്ചുകൊണ്ടിരുന്ന "ജെൻറിൽമെൻസു് സൊഡാലിററി" ജൂലൈ 7-ാംതീയതി ശനിയാഴ്ച മുതൽ പൂർവ്വവത് ഉദർജ്ജിതമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കത്തീഡ്റൽ വികാരി വെ. റവ. ഫാദർ സെബാസ്റ്റ്യൻ കുളങ്ങരത്തിയത്രെ ഇതിൻെറ ഡയറക്ടർ. കോളെജ് പ്രിൻസിപ്പൽ റവ. ഫാദർ വില്യം T. O. C. D. ഇതിൻെറ പ്രത്യേക ചാപ്ലെൻ എന്ന നിലയിൽ എല്ലാം ശനിയാഴ്ചയും സൊഡാലിററി ചാപ്പലിൽ ആഗതനായി ദിവ്യപൂജ അർപ്പിക്കുകയും പ്രസംഗം നടത്തുകയും ചെയ്യുന്നു.

—മററം: സ്ഥലത്തിനടുത്തുള്ള കണ്ടാണിശ്ശേരി ഹോളി ഫാമിലി സെൻറു് ജോസഫ്സ് കുരിശുപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന "വിൻസെൻറു് ഡി പോൾ" സംഘത്തിൽനിന്നു് ഉദ്ദേശം 150രൂപയോളം സാധുകുടുംബങ്ങൾക്കായി സംഭാവന നൽകിയിരിക്കുന്നു.

—എളവൂർ: വിൻസെൻറു് ഡി പോൾ പുണ്യവാൻെറ തിരുനാൾ പ്രമാണിച്ചു് മുന്നൂറിൽപ്പരം സാധുക്കൾക്കു് കഞ്ഞി കൊടുക്കുകയും ബ. വികാരിയച്ചൻെറ അദ്ധ്യക്ഷതയിൽ ഒരു മീററിംഗ് നടത്തുകയും ചെയ്തിരിക്കുന്നു. യോഗത്തിൽ ശ്രീ തോമസ് മണലി പ്രസംഗിച്ചു.

—തോട്ടക്കാട്ടു്: സ്ഥലം ഇടവകയിലെ യുവാക്കന്മാരുടെ ഒരു യോഗം വികാരി ഫാദർ ലൂക്കാ മണിയങ്ങാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിൻെറ ഒരു ശാഖ വിശുദ്ധൻെറ തിരുനാൾദിവസമായ 19-7-51-ൽ ഉൽഘാടനം ചെയ്തിരിക്കുന്നു.

# വിദ്യാഭ്യാസപദ്ധതി ഭേദപ്പെടുത്തണം

"പനമ്പിള്ളിപ്പദ്ധതി" എന്ന പേരിൽ അറിയപ്പെടുന്ന സെക്കണ്ടറിസ്കൂൾപദ്ധതിയെപ്പററി, ജൂലൈ 20-ാംനു തിരുവനന്തപുരം ക്ലിഫ് ഹൗസിൽ പാർട്ടി ലീഡർ ശ്രീ സി കേശവൻെറ അദ്ധ്യക്ഷതയിൽ കൂടിയ പാർട്ടി എക്സിക്യൂട്ടീവു കമ്മിററിയോഗത്തിൽവച്ചു ചില തീരുമാനങ്ങൾ ചെയ്യുകയും പ്രസ്തുതതീരുമാനങ്ങളെ 21-ാംനു കൊല്ലത്തുവച്ചു കൂടിയ കോൺഗ്രസ്സ് പാർലമെൻററി പാർട്ടിയോഗം ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഏതദ്സംബന്ധമായി പാർട്ടി ഐകകണ്ഠ്യേന പാസാക്കിയ രണ്ടു പ്രമേയങ്ങൾ താഴെ ചേർക്കുന്നു:

1) ഫീസ്പിരിവിൻെറ 80 ശതമാനം ഗവമ്മെൻറു് ട്രഷറിയിൽ മാനേജ്മെൻറിൻെറ പേരിൽ അടയ്ക്കണം. ഇപ്രകാരം അടയ്ക്കുന്ന തുക അദ്ധ്യാപകന്മാർക്കു നിശ്ചയിച്ചിട്ടുള്ള പുതിയ ശമ്പളനിരക്കനുസരിച്ചു് ശമ്പളം കൊടുക്കുന്നതിനായിട്ടും, ശമ്പളം കൊടുത്തുകഴിഞ്ഞു് പണം മിച്ചം വരുന്നപക്ഷം അതാതുസ്കൂളിൻെറ പുരോഗതിക്കുവേണ്ട ആവശ്യങ്ങൾക്കായും മാനേജ്മെൻറിനു ഡ്രാ ചെയ്യാം. 80 ശതമാനമടച്ചു് അതുകൊണ്ടു് അദ്ധ്യാപകശമ്പളത്തിനു പോരാതെ വരുന്ന തുക ഗവമ്മെൻറിൽനിന്നും ഗ്രാൻറായി നൽകേണ്ടതാണു്.

2) അദ്ധ്യാപകനിയമനംസംബന്ധിച്ചുള്ള ലിസ്റ്റിൻെറ കാര്യത്തിൽ നേരത്തെ പാസ്സാക്കിയിട്ടുള്ള ഗവമ്മെൻറുത്തരവുകൾ പാർട്ടി അംഗീകരിക്കുന്നു.

പാർട്ടിയോഗത്തിൽവിദ്യാഭ്യാസമന്ത്രി ശ്രീ ടി. കെ. വിദ്യാഭ്യാസപദ്ധതിയുടെ ഇതേവരെയുള്ള ചരിത്രം വിസ്തരിച്ചുപറയുകയും കോൺഗ്രസ്സ് പ്രസിഡൻറു് ശ്രീ ബാബു പുരുഷോത്തമദാസ് താണ്ഡനും ഡോക്ടർ എച്ച്. സി. മുക്കർജിയും കൂടി സമർപ്പിച്ചു, ടൈപ്പുചെയ്ത ഏഴരപേജുകളുള്ള റിപ്പോർട്ടും മി. ബ്രഷ് ഒപ്പുവച്ചു സ്റേററ്മിനിസ്ട്രിയിൽനിന്നും അയച്ചുകത്തും വായിക്കുകയുണ്ടായി. താണ്ഡൻ-മുക്കർജി സംയുക്തറിപ്പോർട്ടിലെ പ്രധാനനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1) പുതിയ പദ്ധതിയിൽ ചേരണമെന്നാഗ്രഹിക്കുന്ന സെക്കണ്ടറിസ്കൂളുകൾ അവയിലെ ഫീസ്പിരിവിൻെറ 80ശതമാനം ഗവർമ്മെൻറു് ട്രഷറിയിൽ അതതു മാനേജ്മെൻറിൻെറ പേരിലടയ്ക്കണം.

2) സ്കൂളുകളിൽ നിയമിക്കപ്പെടുന്നതിലേക്കു് യോഗ്യതയുള്ള അദ്ധ്യാപകന്മാരുടെ ലിസ്റ്റിൽപെടണമെന്നു് ആഗ്രഹിക്കുന്നവർക്കു് ആ ലിസ്റ്റിൽ പെടുന്നതിനു വേണ്ട സൗകര്യമുണ്ടായിരിക്കണം. സാധാരണഗതിയിൽ എല്ലാ നിയമനങ്ങളും ആ ലിസ്റ്റിൽ നിന്നായിരിക്കണം. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മാനേജ്മെൻറിനു് അപ്രകാരമല്ലാതെ (ലിസ്റ്റിൽപെടാതെ) നിയമനങ്ങൾ നടത്തുന്നതിനു് സ്വാതന്ത്ര്യമുണ്ടായിരിക്കും.

3) ഹെഡ്മാസ്റ്റർമാരുടെ നിയമനം സംബന്ധിച്ചും പുതിയ പദ്ധതിയിലുള്ള വ്യവസ്ഥകൾതന്നെ സാധാരണയായി സ്വീകരിക്കേണ്ടതാണു്.

4) ഡിപ്പാർട്ടുമെൻറലും നോൺഡിപ്പാർട്ടുമെൻറലും സ്കൂളുകളിൽ മതത്തെയും സമുദായത്തെയും അധിഷ്ഠിതമാക്കിയുള്ള നിയമനസമ്പ്രദായത്തോടു് വിയോജിക്കുന്നു.

സ്റേററ് മിനിസ്ട്രി അയച്ചിട്ടുള്ള കത്തിൻെറ സംഗ്രഹമിതാണു്:-

പ്രൈവററു സ്കൂളിൽ പ. സ. കമ്മിഷൻ മുഖേന അദ്ധ്യാപകരെ നിയമിക്കുന്നതു തെററാണു്. ഒരു ലിസ്റ്റിൽനിന്നു് നിയമിക്കണമെന്നു പറയുന്നതു് ന്യൂനപക്ഷാവകാശത്തിന്മേലുള്ള കൈകടത്തലാണു്. ഫീസിൻെറ 80ശതമാനം ഗവമ്മെൻറിൻെറ പേരിൽ കെട്ടണമെന്നു പറയുന്നതു് നിയമപരമായി കഴിവില്ലാത്തതാണു് (illegal). പദ്ധതിയിലെ മററുവകുപ്പുകളും നിയമദൃഷ്ട്യാ വിലയില്ലാത്തതാണു്.

## സമ്മർസ്കൂൾ

## മത്സരപ്പരീക്ഷാഫലം

കഴിഞ്ഞ ഏപ്രിൽമാസത്തിൽ സെൻറാൽബർട്ട്സ്കൂൾ ഹാളിൽവെച്ചു് നടത്തപ്പെട്ട കാത്തലിക് സമ്മർസ്കൂൾ മത്സരപ്പരീക്ഷയിൽ സമ്മാനാർഹരായവരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു:-

ദൈവശാസ്ത്രം

| | |
|---|---|
| ഒന്നാംസമ്മാനം:- | Reg. No. 336 |
| രണ്ടാംസമ്മാനം:- | " " 78 |
| മൂന്നാംസമ്മാനം:- | " " 12 |
| | " " 29 |
| | " " 348 |

സഭാചരിത്രം

| | |
|---|---|
| ഒന്നാംസമ്മാനം:- | Reg. No. 37 |
| രണ്ടാംസമ്മാനം:- | " " 3 |
| | " " 113 |
| മൂന്നാംസമ്മാനം:- | " " 2 |

സാമൂഹ്യശാസ്ത്രം

| | |
|---|---|
| ഒന്നാംസമ്മാനം:- | Reg. No. 121 |
| | " " 324 |
| രണ്ടാംസമ്മാനം:- | " " 234 |
| | " " 348 |
| മൂന്നാംസമ്മാനം:- | " " 50 |

മൂന്നു വിഷയങ്ങളിലുംകൂടി ഏററവും കൂടുതൽമാർക്കു് കിട്ടിയതു്

Reg. No. 348.

## രാജി പിൻവലിച്ചു

കേന്ദ്രകമ്മ്യൂണിക്കേഷൻമന്ത്രി മി. റാഫി അഹമ്മദ് കിദ്വായിയും റിഹാബിലിറേറഷൻ മന്ത്രി മി. അജിത്പ്രസാദ്ജയിനും കേന്ദ്രമന്ത്രിസഭയിൽനിന്നും കോൺഗ്രസ്സ്പാർട്ടിയിൽനിന്നും കഴിഞ്ഞയാഴ്ചയിൽ രാജിവയ്ക്കുകയുണ്ടായെങ്കിലും പ്രധാനമന്ത്രി നെഹ്റുവിൻെറ അഭ്യർത്ഥനയനുസരിച്ചു അവർ രാജി പിൻവലിച്ചിരിക്കുന്നു.

# ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം

## 1951 ഏപ്രിൽ ഒന്നാം തീയതിമുതൽ സംഭവിച്ച മാററങ്ങൾ

ശ്രീ കൊററാലിൽ പി. ഏബ്രഹാം ബി. എ. ബി. എൽ. പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു:

ഇൻഡ്യാഭൂഖണ്ഡം സ്വതന്ത്രമായതിനെ തുടർന്നുണ്ടായ ഇൻഡ്യൻ ഭരണഘടനയനുസരിച്ച് ബ്രിട്ടീഷ് വിഭാഗസംസ്ഥാനങ്ങളെ ഉദ്ദേശിച്ച് 1951 ലെ 3-ാം ആക്ററ് എന്ന ഒരു നിയമം പാസ്സാക്കുകയും പഴയ ബ്രിട്ടീഷ് ഇൻഡ്യാ ആയിരുന്ന പ്രദേശത്തു നടപ്പിലിരുന്ന ഏതാണ്ട് 136 നിയമങ്ങളെ ബി. വിഭാഗ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും അക്കൂട്ടത്തിൽ 1925-ലെ ഇൻഡ്യൻ പിന്തുടർച്ചാവകാശനിയമത്തെ ഉൾപ്പെടുത്തുകയും അതിനാൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഉൾപ്പെടുന്ന ബി. വിഭാഗസംസ്ഥാനങ്ങളിൽ അതുവരെ നടപ്പിലിരുന്ന തത്തുല്യ നിയമങ്ങളെല്ലാം റദ്ദാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

1951 ലെ 3-ാം ആക്ററ് 1951 ഏപ്രിൽ 1-ാംനു തുടങ്ങി നടപ്പിൽ വന്നു. അന്നുമുതൽ ഇൻഡ്യൻ പിന്തുടർച്ചാവകാശനിയമം തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ വ്യാപിക്കുകയും ഉൗർജ്ജിതത്തിൽ വരികയും അതോടുകൂടിത്തന്നെ കൊച്ചിയിലെ ക്രിസ്ത്യൻ പിന്തുടർച്ച നിയമവും തിരുവിതാംകൂറിലെ ക്രിസ്ത്യൻ പിന്തുടർച്ചനിയമമായ 1092 ലെ 2-ാം ആക്ററ് മുഴുവനായി റദ്ദാക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഇങ്ങനെ റദ്ദാക്കപ്പെട്ട മുൻനിയമവും ഏപ്രിൽ 1-ാംനു തുടങ്ങി ഉൗർജ്ജിതത്തിൽ വന്ന പുതിയ നിയമവും തമ്മിൽ സാരവും ദൂരവ്യാപകവുമായ പല വ്യത്യാസങ്ങളും ഉണ്ട്. 1092 ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ച നിയമത്തിൽ 33 വകുപ്പുകൾ മാത്രം ഉണ്ടായിരുന്നു. എന്നാൽ 1925-ലെ ഇൻഡ്യൻ പിന്തുടർച്ച നിയമത്തിൽ 391 വകുപ്പുകളും 8 പട്ടികകളുമുണ്ട്. ഈ 391 വകുപ്പുകളെ 11 വിഭാഗമായും 5-ാം വിഭാഗത്തെ 3 അദ്ധ്യായങ്ങളും 6-ാം വിഭാഗത്തെ 23 അദ്ധ്യായങ്ങളും 9-ാം വിഭാഗത്തെ 13 അദ്ധ്യായങ്ങളുമായും ക്രമപ്പെടുത്തിയിട്ടുണ്ട്. ഈ വകുപ്പുകളിൽ മിക്കതുതന്നെ ക്രിസ്ത്യാനികൾക്കു ബാധകവും ചുരുക്കം ചില വകുപ്പുകൾമാത്രം ക്രിസ്ത്യാനികളെ ബന്ധിക്കാത്തതും പല വകുപ്പുകളും ഹിന്ദുക്കൾക്കും മുസ്ലീങ്ങൾ മുതലായവർക്കും ബാധകമല്ലാത്തതും ഏതാനും വകുപ്പുകൾ പാഴ്സികൾക്കുമാത്രം ബാധകവും ആകുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ച എല്ലാ പിന്തുടർച്ച പ്രശ്നങ്ങൾക്കും ഈ നിയമത്തിൽ പ്രത്യേകം വ്യവസ്ഥകൾ കാണാവുന്നതും അതുകളെ വളരെ സൂക്ഷ്മമായി ചർച്ച നടത്തി പഠിക്കുവാൻ ആവശ്യമായിരിക്കുന്നതുമാകുന്നു.

പിന്തുടർച്ചാവകാശങ്ങളുടെ ക്രമവും ഓഹരികളും സംബന്ധിച്ച മുൻനിയമവും ഇന്നത്തെ നിയമവും തമ്മിൽ വളരെ അന്തരമുണ്ട്. തിരുവിതാംകൂറിൽ 1092-ലെ നിയമപ്രകാരം വിൽപ്പത്രം എഴുതാതെ ഒരാൾ മരിച്ചാൽ ആ മരിച്ചയാൾക്കു പുത്രന്മാരോ അവർവഴിയുള്ള പൗത്രന്മാരോ ഉണ്ടായിരുന്നാൽ ടിയാന്റെ പുത്രികൾക്കു ടിയാന്റെ സ്വത്തിന്മേൽ യാതൊരോഹരിക്കും അവകാശമില്ല. ആ പുത്രികൾ ഓരോരുത്തർക്കും 5000 രൂപായിൽ കവിയാത്ത സ്ത്രീധനത്തിനോ ഒരു പുത്രന്റെ ഓഹരിയുടെ നാലൊന്നിൽ അധികമാകാത്ത സ്ത്രീധനാവകാശത്തിനോ മാത്രമേ അവകാശപ്പെടുവാൻ പാടുള്ളു. ഒരു വിധവയ്ക്ക് ഒരു പുത്രന്റെ ഓഹരിയോടു തുല്യമായ സ്വത്തിന്മാത്രം അവകാശമുള്ളതും അതുതന്നേയും ഒരു ജീവിതാവകാശം മാത്രമായിരുന്നതും ആകുന്നു. എന്നാൽ ഇന്നത്തെ ഇൻഡ്യൻ നിയമപ്രകാരം ഒരു പുത്രിക്ക് ഒരു പുത്രനോടൊപ്പംതന്നെ മരിച്ച പിതാവിന്റെ സ്വത്തു അവകാശപ്പെടാവുന്നതും സ്ത്രീധനം എന്ന ഒരു പ്രത്യേക വ്യവസ്ഥ ഇല്ലാത്തതുമാകുന്നു. ഒരു വിധവയ്ക്ക് മരിച്ച ഭർത്താവിന്റെ സ്വത്തിൽ മൂന്നിലൊന്നു പരിപൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യത്തിൽ ലഭിക്കുന്നതും ബാക്കിയുള്ള മൂന്നിൽ രണ്ടുഭാഗം കൊണ്ട് പുത്രന്മാർക്കും പുത്രിമാർക്കും സമമായ ഓഹരികൾ കിട്ടുന്നതും ആകുന്നു. ഭാര്യ മരിച്ചാൽ അതിജീവിക്കുന്ന ഭർത്താവിനും വിധവയ്ക്കുള്ള അവകാശംതന്നെ കിട്ടുന്നതാകുന്നു. മക്കളോ മക്കളുടെ സന്താനങ്ങളോ ഇല്ലാത്ത വിധവയ്ക്ക് മരിച്ച ഭർത്താവിന്റെ സ്വത്തിന്റെ അർദ്ധപകുതി ലഭിക്കുന്നതും മറെറ പകുതി മരിച്ച ഭർത്താവിന്റെ ഇതര അവകാശികൾക്ക് പോകുന്നതുമാണ്. ഇത്രയും കാര്യങ്ങളിലാണ് മുൻ നിയമവും ഇന്നത്തെ നിയമവും തമ്മിൽ പ്രധാനമായി വ്യത്യാസപ്പെട്ടിരിക്കുന്നത്.

പൈലിക്ക് വർക്കി, മറിയം, ജോൺ എന്ന 3 മക്കൾ ഉണ്ടായി. അവർ 3 പേരും പൈലിക്കു മുമ്പേ മരിച്ചു. അപ്പോൾ വർക്കിക്ക് 2 മക്കളും മറിയത്തിനു 3 മക്കളും ജോണിനു 4 മക്കളും ഉണ്ടായിരുന്നു. പിന്നീട് പൈലി മരണപത്രമെഴുതാതെ മരിച്ചു. അപ്പോൾ പൈലിക്ക് ആ 9 പൗത്രർ മാത്രം ജീവിച്ചിരുന്നു. ആ 9 പേർക്ക് ഓരോരുത്തനും പൈലിയുടെ സ്വത്തിന്റെ 1/9 വീതം സത്തുമാത്രം കിട്ടുന്നതാകുന്നു. ഇങ്ങനെയാണ് പുതിയ നിയമം 28-ാംവകുപ്പിലെ വ്യവസ്ഥ. എന്നാൽ റദ്ദായിപ്പോയ നിയമം 26-ം 28-ം വകുപ്പുകളനുസരിച്ച് മറിയത്തിന്റെ 3 മക്കൾക്ക് മറിയത്തിനുള്ള സ്ത്രീധനാവകാശം മാത്രം ലഭിക്കുന്നതും പൈലിയുടെ സ്വത്തിൽ യാതൊരു ഓഹരിയും കിട്ടാത്തതും വർക്കിയുടെ 2 മക്കൾക്കുംകൂടി പൈലിയുടെ സ്വത്തിന്റെ ഒന്നു പകുതിയും ജോണിന്റെ 4 മക്കൾക്കുംകൂടി മറെറ പകുതിയും ലഭിക്കുന്നതുമാകുന്നു. ഇപ്രകാരം ചില ഓഹരി അവകാശങ്ങൾക്കും പൂർവ്വനിയമത്തിൽനിന്നു മാററം വന്നിട്ടുണ്ട്.

പുതിയ നിയമത്തിൽ 4-ാം വിഭാഗവും (23-28 വകുപ്പുകൾ) 1-ാം പട്ടികയും രക്തസംബന്ധികളെ വിവരിക്കുന്നു. 5-ാം വിഭാഗം 29 മുതൽ 49 വരെ വകുപ്പുകൾ മരണപത്രമെഴുതാതെ മരിച്ചയാളുടെ പിന്തുടർച്ചാവകാശികളേയും അവരുടെ മുറകളേയും വിവരിക്കുന്നു. 6—ാം വിഭാഗം (57—191 വകുപ്പുകൾ) മരണപത്രങ്ങളെപ്പററി പ്രതിപാദിക്കുന്നു.

മരണപത്രം എഴുതിവയ്ക്കാതെ മരിച്ച ഒരാൾ തന്റെ ജീവിതകാലത്ത് ഏതെങ്കിലും പണമോ സ്വത്തോ ഒരു സന്താനത്തിനു നൽകിയിരുന്നാൽ അയാളുടെ മരണശേഷം ആ സന്താനം തന്റെ ഓഹരി അവകാശപ്പെടുമ്പോൾ മുൻ നൽകപ്പെട്ട പണമോ സ്വത്തോ തന്റെ ഓഹരിയിൽ കണക്കാക്കാൻ പാടില്ലായെന്നു പുതിയനിയമം 49-ാം വകുപ്പു പൂർവ്വനിയമം 33-ാം വകുപ്പും അനുശാസിക്കുന്നു. എന്നാൽ ആ 33-ാം വകുപ്പ് അതിന്റെ മുമ്പുള്ള 28-ാം വകുപ്പിനു വിധേയമാണെന്നും സ്ത്രീധനമായി കൊടുക്കപ്പെട്ട പണവും സ്വത്തും ഓഹരിയിൽ ഉൾപ്പെടുത്തണമെന്നും അതിൽ തന്നെ പ്രത്യേകം വ്യവസ്ഥയുള്ളതു സ്ത്രീധനം കിട്ടിയ ഒരാൾക്കു മറെറാരവകാശത്തിനും അർഹതയുണ്ടായിരിക്കയില്ലെന്നു 28-ാം വകുപ്പിൽ പ്രത്യക്ഷവ്യവസ്ഥയുള്ളതുമാകുന്നു. ഈ നിലയിൽ പുതിയ 49-ാം വകുപ്പു 1951 ഏപ്രിൽ 1-ാംനുക്കുമുമ്പു സ്ത്രീധനം പററിപ്പോയ ആളുകളെ ഏതുപ്രകാരമാണു ബാധിക്കുന്നത് എന്നു പ്രത്യേകം ചിന്താവിഷയമാണ്. ഏപ്രിൽ 1-ാംനുക്കുശേഷം സ്ത്രീസന്താനങ്ങൾക്കു പുത്രന്മാരെപ്പോലെയുള്ള തുല്യാവകാശമാകയാൽ സ്ത്രീധനം എന്ന പ്രശ്നം ഉദിക്കുന്നതുമില്ല. പൂർവ്വനിയമത്തെ റദ്ദാക്കിക്കൊണ്ടു പുതിയ പിന്തുടർച്ചനിയമം നടപ്പിൽ വരുത്തിയ 1951-ലെ 3-ാം ആക്ട് 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത് റദ്ദാക്കപ്പെട്ട നിയമമനുസരിച്ച് അതുവരെ ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളേയും അവകാശങ്ങളേയും ബാദ്ധ്യതകളേയും പുതിയ നിയമം എതിരായി ബാധിക്കുന്നതല്ല എന്നാണെന്നു പ്രത്യേകം പ്രസ്താവ്യമാണ്.

പുതിയ നിയമം (The Indian Succession Act, 1950) അതിനു മുമ്പ് ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പിലായ 1865-ലെ നിയമത്തെ പരിഷ്കരിച്ചുണ്ടായതാണ്. ആ നിയമം ഇന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലിരിക്കയാണ്. തിരുവിതാംകൂറിൽ 1092-ലാണ് ക്രിസ്ത്യൻ പിന്തുടർച്ചനിയമം പ്രത്യേകമായി സ്പഷ്ടീകരിക്കപ്പെട്ടതു. ബ്രിട്ടീഷ് ഇൻഡ്യയിലെ നിയമം അന്നു അതേപടി തിരുവിതാംകൂറിൽ നടപ്പിലാക്കാൻ നിവൃത്തിയില്ലാത്തതിനു പറഞ്ഞ പ്രധാനകാരണങ്ങൾ മൂന്നാണ്. (1) തിരുവിതാംകൂറിലെ സിറിയൻ ക്രിസ്ത്യാനികൾ മുഖ്യമായി കർഷകസമുദായമാണു. അവരിൽ ഭൂരിപക്ഷവും ചെറിയ ചെറിയ വസ്തു ഉടമസ്ഥരുമാണ്. ചെറുതരം വസ്തുക്കളെ പുത്രസന്താനങ്ങൾ തമ്മിൽ ഭാഗിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും പുത്രികൾക്കു കൂടി ഭാഗാവകാശം നൽകി ചെറുതരം വസ്തുക്കളെ പിന്നേയും കൂടുതൽ ഭാഗാർഹമാക്കുന്നതു നീതിയോ രക്ഷയോ അല്ല. പുത്രിമാരും സഹോദരികളും വിവാഹശേഷം സ്വകുടുംബത്തിൽ നിന്നു വളരെദൂരം പോയി താമസിക്കേണ്ടിവരുമെന്നതുകൊണ്ടു കുടുംബത്തിനടുത്ത് വിരുത്തൽ സിദ്ധിക്കുന്ന വസ്തുക്കളെ ശരിയായി കൃഷിചെയ്യുന്നതിനു അവർക്കു സാധിക്കാതെവരുന്നു. ഇൻഡ്യൻ നിയമം ബാധിക്കുന്ന യൂറോപ്യന്മാരും യുറേഷ്യരും യഹൂദന്മാരും കാർഷികസമുദായംഗങ്ങളല്ല. അവിടത്തെ ഇൻഡ്യൻ ക്രിസ്ത്യാനികളും മിക്ക വ്യക്തികളും ഓരോ ജോലിപ്രമാണിച്ച് വീടുവിട്ടു അന്യദിക്കുകളിൽ താമസക്കാരും ഭൂസ്വത്തോ സ്വന്തമായ കൃഷിസ്ഥലങ്ങളോ ഇല്ലാത്തവരും ആയിരുന്നു. മലബാറിലെ

---

വി. കൊച്ചുത്രസ്യായുടെയും ബ. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. സി. ജെ ചാക്കോ.

---

സുറിയാനിക്രിസ്ത്യാനികൾ എപ്പോഴും കർഷകവർഗ്ഗമായിരുന്നെങ്കിലും സമ്രാജ്യത്തിന്റെ അഗണ്യമായ ഒരു മൂലയിൽ താമസിച്ചിരുന്നതിനാൽ അവരെപ്പററി ഇൻഡ്യൻ നിയമം പാസ്സാക്കിയ കാലത്തു വേണ്ടവിധം ആലോചിക്കാൻ ഇടവന്നിട്ടില്ല. (2) തിരുവിതാംകൂറിലെ ക്രിസ്ത്യാനികളിൽ ഇതരം ചില കൂട്ടുകുടുംബ സമ്പ്രദായലക്ഷ്യങ്ങളുണ്ട്. അവിടെ ഇൻഡ്യൻ പിന്തുടർച്ചക്രമം ന്യായമായിരിക്കയില്ല. (3) ഭൂരിപക്ഷം ജനങ്ങളും ഇൻഡ്യൻ പിന്തുടർച്ചനിയമം നടപ്പിലാക്കുന്നതിനെ പ്രതികൂലിക്കുന്നവരാണ് ഇതാണ് ഏററവും പ്രധാന കാരണം. എന്നാൽ ഈ കാരണങ്ങളെ തങ്ങുന്ന മനോഗതിയെ ഉല്പതിഷ്ണുക്കളിൽ നിന്നു കുറച്ചെങ്കിലുമായി മാറി സ്ത്രീകളുടെ അവകാശം വർദ്ധിപ്പിക്കണമെന്നു പിന്നീടു പല അഭിപ്രായഗതികളും ഉണ്ടായിട്ടുണ്ട്. എങ്കിലും ക്രിസ്ത്യൻ സമുദായത്തിന്റെ ഇന്നത്തെ ഭൂരിപക്ഷാഭിപ്രായം എന്തെന്നു ആലോചിക്കയോ അറിയുകയോ ചെയ്യാതെയും 1092 ലെ തിരുവിതാംകൂർ നിയമത്തിന്റെ നാസ്പദമായ പരിതസ്ഥിതികളെ പ്രത്യേകം ഗണിക്കാതെയുമാണ് ഇപ്പഴത്തെ പുതിയ പിന്തുടർച്ചക്രമം നിയമമായി നടപ്പിലാക്കപ്പെട്ടിരിക്കുന്നതു.

ഇൻഡ്യൻ പിന്തുടർച്ചനിയമം ആണ് ഇന്നു തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തുള്ള ക്രിസ്ത്യാനികൾക്കു ബാധകമായിരിക്കുന്നതെന്നു അറിയത്തവരും തിരുവിതാംകൂറിൽ പ്രത്യേകനിയമമുള്ളതുകൊണ്ടു ഇൻഡ്യൻനിയമത്തിൽനിന്നു തിരുവിതാംകൂറിനെ ഒഴിവാക്കിയിരിക്കുമെന്നു തെററായി ധരിക്കുന്നവരുമായ പലരേയും ഇയ്യിടെ ഞാൻ കാണുകയുണ്ടായിട്ടുണ്ട്. ഇൻഡ്യൻ നിയമം 3-ാം വകുപ്പനുസരിച്ച് അതിലെ ഏതാനും വകുപ്പുകളുടെ വ്യാപ്തിയിൽ നിന്നും ഏതെങ്കിലും വർഗ്ഗക്കാരെ ഒഴിവാക്കുന്നതിനു സംസ്ഥാനഗവമെന്റിനു അധികാരം നൽകിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. ആ അധികാരം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഇതുവരെ പ്രയോഗിച്ചിട്ടില്ലെന്നു മാത്രമല്ല, നേരെ മറിച്ച് ഇൻഡ്യൻ പിന്തുടർച്ചനിയമം കഴിഞ്ഞ ഏപ്രിൽ 1-ാം തീയതി തുടങ്ങി ഈ സംസ്ഥാനത്തും നടപ്പിലായിരിക്കുമെന്നു ഗസററു പ്രഖ്യാപനം ചെയ്തിട്ടുള്ളതുമാകുന്നു. തിരുവിതാംകൂർ കൊച്ചി സംസ്ഥാനം ഇൻഡ്യൻ ഡൊമിനിയന്റെ ഒരു ഭാഗമായി തീർന്നിരിക്കുന്നതിനാലും ഭരണയത്തിനു പൊതുവെ ഭേദഗതികൾ ആലോചനയിലിരിക്കുന്നതുകൊണ്ടും തിരുവിതാംകൂർ-കൊച്ചിയിൽ വ്യവസായപദ്ധതികൾ വർദ്ധിച്ചുവരുന്നതിനാലും സ്ത്രീകളുടെ അവകാശവർദ്ധനവാദത്തിനു പ്രേരണയും പിൻബലവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും റദ്ദാക്കപ്പെട്ട തിരുവിതാംകൂർ നിയമം വീണ്ടും പുനർജ്ജീവിക്കാൻ അധികം ന്യായം കാണുന്നില്ല.

ഇന്നത്തെ നിയമപ്രകാരം സ്വത്തുടമസ്ഥന്മാർക്കു തങ്ങളുടെ സ്വത്തുക്കളെ സംബന്ധിച്ചു പരിപൂർണ്ണ ക്രയവിക്രയസ്വാതന്ത്ര്യമുള്ളതും മക്കൾക്കു ഭാഗ ഉടമ്പടി എഴുതിക്കൊടുക്കാവുന്നതും മരണാനന്തരമുള്ള അവകാശികളെ നിശ്ചയിച്ച് മരണശാസനം എഴുതാവുന്നതും അതെല്ലാം പ്രാബല്യപ്പെടുത്താവുന്നതുമാകുന്നു. പൂർവനിയമംപോലെ തന്നെ ഇന്നത്തെ നിയമവും മരണശാസന (വിൽപ്പത്ര)ത്തിനു വിധേയമാകുന്നു. വിൽപ്പത്രം ഇല്ലാതിരിക്കുന്ന പിന്തുടർച്ചാവകാശകാര്യങ്ങൾക്കു മാത്രമേ പുതിയനിയമം ബാധകമായുള്ളു. ഈ ലേഖനത്തിൽ പുതിയ നിയമത്താലുള്ള പ്രധാന ഭേദഗതികളെമാത്രം എടുത്തുപറഞ്ഞിരിക്കുന്നതും നിയമത്തെ മുഴുവനായോ അതിന്റെ എല്ലാ വകുപ്പുകളേയും സംബന്ധിച്ചോ വിമർശിക്കുന്നതിനു ഉദ്യമിച്ചിട്ടില്ലാത്തതുമാകുന്നു.

---

## കള്ളനോട്ടുകേസ്

തിരുവനന്തപുരത്തു ഉത്ഭവിച്ച ഒരു കള്ളനോട്ടുകേസിനെ തുടർന്നു പല അറസ്റ്റുകളും നടന്നിട്ടുണ്ട്. ഈ കള്ളനോട്ടുകളുടെ പ്രത്യേകതകളെപ്പററി ഒരു പ്രസ്നോട്ടിൽ ഇപ്രകാരം പറയുന്നു:

കള്ളനോട്ടുനിർമ്മാണത്തിനു ഉപയോഗിച്ച കടലാസ് കട്ടികുറഞ്ഞതും താണതരവും ആണ്. അശോകസിംഹങ്ങളുടെ വാട്ടർ മാർക്ക് സ്വതവേ കടലാസിലുള്ളതല്ല പ്രത്യേകം അച്ചടിച്ചതായിട്ടാണ് (Bensene) കാണപ്പെടുന്നതു. പൊതുവെ വർണ്ണസങ്കരം ശരിയായിട്ടില്ല. കടപ്പം കൂടിയ മഷിയാണു ഉപയോഗിച്ചിരിക്കുന്നതു. മുന്നിട്ടുനിൽക്കുന്നതു നീലനിറമാണ്. അക്കങ്ങൾ, അക്ഷരങ്ങൾ, ചിത്രങ്ങൾ മുതലായവയെല്ലാം ഭംഗികുറഞ്ഞവയാണ്. അശോകസിംഹത്തിന്റെ ചിത്രം മോശമായ അനുകരണമാണ്. റിസർവ്വ് ബാങ്ക് ഗവർണ്ണർ ബി. രാമറാവുവിന്റെ ഒപ്പു കനത്ത വടിവിലും കൂടുതൽ വലിപ്പത്തിലുമാണ് കാണുന്നതു. നോട്ടുകൾ പുതിയ ഇനങ്ങളിൽ പെടുന്നവയുടെ നമ്പരുകൾ A. H. J. Q. / I. I. I. O. എന്നീ ഗണത്തിൽ പെട്ടവയാണ്.

## അബ്ദുള്ളാരാജാവ്

### വധിക്കപ്പെട്ടു

ജോർദാനിലെ അബ്ദുള്ളാരാജാവു മോസ്കിൽ പ്രാർത്ഥന നടത്തുന്നതിനായി പോയ അവസരത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. ഘാതകൻ രാജാവിന്റെ അംഗരക്ഷകനാലും വധിക്കപ്പെട്ടു.

## പുതിയ നോട്ടുകൾ

ഇംഗ്ലീഷ് ലിപികളോടൊപ്പം പ്രാധാന്യം നൽകി ഹിന്ദി ലിപികൾ മുദ്രണം ചെയ്തിരിക്കുന്ന 100ക. യുടേയും 10ക യുടേയും പുതിയ നോട്ടുകൾ റിസർവ്വ്ബാങ്ക് അടുത്തുതന്നെ പുറപ്പെടുവിക്കുന്നതാണ്.

## മാർഷൽ പെറായിൻ

### അന്തരിച്ചു

ഫ്രാൻസിന്റെ വിനായകന്മാരിൽ ഒരാളായ മാർഷൽ പെറായിൻ 75-ാമത്തെ വയസ്സിൽ ജൂലൈ 23-ാംനു നിര്യാതനായിരിക്കുന്നു.




# നാവിനെ നിയന്ത്രിക്കണം

ഈശോ വീണ്ടും സോറിൻെറയും സൈദാൻെറയും അതിർത്തിയിൽനിന്നു പുറപ്പെട്ടു ദശഗ്രാമങ്ങളുടെ അതിർത്തിയിൽ ഗ്ലീലാകടലിങ്കലേക്കു വന്നു. അപ്പോൾ ഊമനായ ഒരു ചെകിടനെ അവൻെറ അടുക്കൽ അവർ കൊണ്ടുവന്നു് അവൻെറ മേൽ കൈവയ്ക്കണമെന്നു് അപേക്ഷിച്ചു. അവൻ ജനക്കൂട്ടത്തിൽനിന്നു് അവനെ തനിയെ മാററിക്കൊണ്ടുപോയി അവൻെറ ചെവികളിൽ തൻെറ വിരലുകൾ ഇടുകയും, തുപ്പി അവൻെറ നാവിനെ തൊടുകയുംചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടു് അവനോടു എഫ്‌പഥഃ (തുറക്കപ്പെടുക) എന്നരുളിച്ചെയ്തു. ആ സമയത്തുതന്നെ അവൻെറ ചെവികൾ തുറക്കപ്പെടുകയും നാവിൻെറ കെട്ടഴിയുകയും, അവൻ തെളിവായി സംസാരിക്കുകയുംചെയ്തു. ഒരു മനുഷ്യനോടും പറയരുതെന്നു് അവൻ അവരോടു കല്പിച്ചു. എന്നാൽ എത്ര അധികമായി കല്പിച്ചിരുന്നുവോ അത്ര അധികമായി അവർ പ്രസ്താവിച്ചിരുന്നു. അവൻ എല്ലാകാര്യവും നന്നായി ചെയ്യുന്നു; ചെകിടർ കേൾക്കുമാറും സംസാരിക്കാത്തവർ സംസാരിക്കുമാറും ആകുന്നു എന്നുപറഞ്ഞു് അവർ അധികമായി വിസ്മയിച്ചു (പന്തക്കുസ്താ 11-ാം ഞായർ; സുവിശേഷം: മർക്കോസ് VII, 31—37).

"എൻെറ രണ്ടു ചുണ്ടുകൾക്കും കുടുക്കുകൾ ഉണ്ടായിരുന്നെങ്കിൽ, എന്നു ഞാനാഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ, സംസാരിക്കുവാനായി ആ കുടുക്കുകൾ ഞാൻ അഴിക്കേണ്ടിവരുമ്പോൾ, ഞാൻ എന്താണു് പറയുവാൻപോകുന്നതെന്നു് ആലോചിച്ചുനോക്കുന്നതിനു് അല്പമെങ്കിലും സമയം ലഭിക്കുമല്ലോ," എന്നു പുണ്യശ്ലോകനായ വി. ഫ്രാൻസിസ് ഡേസാലസ് പ്രസ്താവിക്കുന്നു. വേദപണ്ഡിതോത്തംസമായ ഈ വിശുദ്ധമെത്രാൻ സംസാരത്തിൽ വളരെയധികം സംയമനം പാലിച്ചുവന്നതുകൊണ്ടു് അദ്ദേഹത്തിനു് അങ്ങനെ കുടുക്കുകളുടെ ആവശ്യമുണ്ടായിരുന്നില്ല; എന്നാൽ നമ്മുടെ ചുണ്ടുകൾക്കാകട്ടെ അങ്ങനെയുള്ള രണ്ടു കുടുക്കുകൾ ഉണ്ടാകുന്നതു് നന്നായിരിക്കും. ഇന്നത്തെ സുവിശേഷത്തിലെ ഊമനായ മനുഷ്യൻ മിശിഹായുടെ അത്ഭുതകൃത്യംമൂലം ശരിയായി സംസാരിപ്പാൻ തുടങ്ങി. ഇപ്രകാരം ശരിയായി സംസാരിക്കുന്നതിനു്— പാപരഹിതമായി നാവിനെ വിനിയോഗിക്കുന്നതിനു്— എന്തെങ്കിലും നിയന്ത്രണം കൂടിയേകഴിയൂ. വാളിനാൽ വധിക്കപ്പെടുന്നവരെക്കാൾ അധികംപേർ നാവിനാൽ വധിക്കപ്പെടുന്നുവെന്നു് വിശുദ്ധഗ്രന്ഥം പ്രസ്താവിക്കുന്നു. (Ecclus XXVIII-22). യഥാർത്ഥത്തിൽ, എത്രമാത്രം ആദ്ധ്യാത്മികവധങ്ങളും, തേജോവധങ്ങളും, കീർത്തിധ്വംസനങ്ങളുമാണു് നാവിൻെറ ദുരുപയോഗം വരുത്തിവെക്കുന്നതു്. ശാരീരികമായ വധങ്ങൾക്കും പലപ്പോഴും സംസാരം വഴിതെളിക്കുന്നില്ലേ?

നിരുപദ്രവകരമെങ്കിലും പ്രയോജനരഹിതമായ സംസാരം—അങ്ങനെ ഒരു തരമുണ്ടല്ലോ; വി. ക്രിസോസ്തം പറയുന്നതുപോലെ, സംസാരിക്കുന്നവനാകട്ടെ കേൾക്കുന്നവർക്കാകട്ടെ യാതൊരു ഉപകാരവുമില്ലാത്ത വെറും ജിഹ്വാഭ്യാസം. യാതൊരു കാരണമോ ആവശ്യമോ കൂടാതെ, സംസാരിക്കുവാൻവേണ്ടി മാത്രം സംസാരിക്കുക, സ്വയം സംസാരിക്കുന്നതുകേട്ടു സംതൃപ്തിയടയുവാൻവേണ്ടി മാത്രം സംസാരിക്കുക—ഇതാണു് ഇക്കൂട്ടരുടെ ഉദ്ദേശം. അയൽവീട്ടുകാരുമായി വൃഥാസംഭാഷണങ്ങളിൽ സമയം ചെലവഴിക്കുന്നവരും, മലയാററൂർക്കു നടന്നുകൊണ്ടുള്ള തീർത്ഥയാത്രകഴിച്ചു് മടങ്ങിവരുന്നതുവരേയും സംസാരിച്ചതിനുശേഷവും തൃപ്തിവരാതെ, ശേഷം വെള്ളംകോരാൻ വരുമ്പോൾ പറയാമെന്നു സമാധാനിച്ച സുപ്രസിദ്ധസ്ത്രീയുഗ്മകങ്ങളും, എല്ലാം ഈ ഇനത്തിൽപെടുന്നു. നിരുപദ്രവകരമായതുകൊണ്ടു് ഇത്തരം സംസാരങ്ങൾ ഒരുപക്ഷെ പാപരഹിതമായിരിക്കാം. എങ്കിലും, നാം അലസമായിപ്പറയുന്ന വാക്കുകൾക്കുപോലും വിധിദിവസത്തിൽ ദൈവതിരുമുമ്പാകെ കണക്കുപറയേണ്ടിവരുമെന്നു ദിവ്യനാഥൻ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. നമ്മുടെ ഉല്ലാസത്തിനും കൂടുതൽ ജോലിചെയ്യുന്നതിനുള്ള ഉന്മേഷം ലഭിക്കുന്നതിനും ഇത്തരം സംഭാഷണങ്ങൾ ചിലപ്പോൾ ഉപകരിക്കും. അമിതമായാൽ അമൃതും വിഷം. ഉല്ലാസത്തിനുവേണ്ടിയുള്ള സംഭാഷണങ്ങളായാലും എല്ലാം ദൈവസ്തുതിക്കുവേണ്ടിയെന്നുള്ള ഉദ്ദേശംവെക്കുന്നതും നന്നായിരിക്കും. മറെറാരുകാര്യം: ഇങ്ങനെയുള്ള സംഭാഷണങ്ങൾമൂലം സ്വന്തം കടമകൾ, വീട്ടുജോലികൾ, മതകർമ്മാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം വിഘ്നം വരികയാണെങ്കിൽ അവ പാപകരങ്ങളും തന്നിമിത്തം അവശ്യം വർജ്ജ്യങ്ങളുമാണു്.

തമാശകൾ, സരസസംഭാഷണം—ഇവയ്ക്കു് ഇന്നുള്ള സ്ഥാനം അദ്വിതീയമാണു്. വിനോദത്തിനും "ചിരിച്ചു് പുഷ്ടിപ്രാപിക്കുന്ന"തിനും ഇവ ഉപകരിച്ചേക്കും. എന്നാൽ അവ നിരുപദ്രവകരങ്ങളായിരിക്കണം; അന്യർക്കു മനോവേദനയുണ്ടാക്കരുതു്; മതത്തിനും സന്മാർഗ്ഗത്തിനും ഹാനികരങ്ങളോ വിരുദ്ധങ്ങളോ ആകരുതു്; ഉദ്ദേശശുദ്ധിയുമുണ്ടാകണം. പലപ്പോഴും അത്തരം സംഭാഷണങ്ങൾക്കു ഇത്തരം ഗുണങ്ങളൊന്നുമുണ്ടായിരിക്കയില്ലെന്നാണു് അനുഭവം പഠിപ്പിക്കുന്നതു്. സ്നേഹിതന്മാരുടെ സുഹൃൽസമ്മേളനങ്ങളിൽ "വെടി"പറയുവാനും "തമാശ"കൾ പൊട്ടിക്കുവാനും സരസഭാഷണം നടത്തുവാനും താൻ പ്രാപ്തനാണെന്നുള്ള പേരു് ലഭിക്കണമെന്നുള്ള ഉദ്ദേശമാണു് പലർക്കും ഉണ്ടാകുന്നതു്. കൂടാതെ പലപ്പോഴും അവ നിരുപദ്രവകരങ്ങളായിരിക്കയില്ല; അടക്കത്തിനു് വിരോധമായതും അയൽക്കാരനെ അപകീർത്തിപ്പെടുത്തുന്നതുമായ പ്രസ്താവങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ അവയിൽ അടങ്ങിയിരിക്കും. അപ്പോൾ അവ പാപകരങ്ങളായിത്തീരാം.

അഹംഭാവജല്പനങ്ങൾ, സ്വയം കൊട്ടിഘോഷിക്കൽ—ഇത്തരം സംസാരം വർജ്ജനീയംതന്നെ. ഫരിസേയരെപ്പോലെ സ്വന്തം നന്മകളെ ഇക്കൂട്ടർ ഉൽഘോഷിക്കുന്നു. സംഭാഷണവേളകളിൽ ഇവർ തങ്ങളെത്തന്നെ സംഭാഷണവിഷയങ്ങളാക്കിത്തീർക്കുന്നു; തങ്ങളുടെ സാമർത്ഥ്യം, ജ്ഞാനം, ധീരത, യോഗ്യതകൾ എന്നിവയെക്കുറിച്ചുള്ള പ്രഘോഷണങ്ങളായിരിക്കുമധികവും. എന്തെങ്കിലും സൽകൃത്യം ചെയ്തുകഴിഞ്ഞാൽ നാലാളെയെങ്കിലും അറിയിക്കാതെ ഇക്കൂട്ടർക്കു് ഉറക്കം വരികയില്ല. പാപകരങ്ങളെന്നുമാത്രമല്ല അപകടകരങ്ങളുമാണു് ഇത്തരം സംഭാഷണങ്ങൾ. കാരണം, സൽകൃത്യങ്ങളുടെ സമ്മാനാർഹത അവർക്കു ഇതോടെ നഷ്ടമായിപ്പോകുന്നു.

അന്യരിൽ യഥാർത്ഥത്തിൽ ഉള്ളതായ കുററങ്ങളെക്കുറിച്ചു് ആവശ്യം കൂടാതെ സംസാരിക്കുന്നതും പാപകരമായിരിക്കും. ചിലർ പറയും, ഞാൻ ഇല്ലാത്തതൊന്നും പറയുന്നില്ലല്ലോ എന്നു്. എന്നാൽ ഈ അഭിപ്രായം വളരെ അബദ്ധമാണു്. അന്യൻെറ കുററങ്ങളെ ആവശ്യംകൂടാതെ വെളിപ്പെടുത്തുന്നവൻ ഉപവിക്കെതിരായി പാപം ചെയ്യുന്നു; അന്യർ നിന്നോടു് ചെയ്യുവാൻ നീ ആഗ്രഹിക്കുന്നതുപോലെ നീ അന്യരോടും വർത്തിക്കുക എന്നുള്ളതാണല്ലോ ഉപവിയുടെ പ്രമാണം. എല്ലാവർക്കും അറിയപ്പെട്ടുകഴിഞ്ഞ ഒരു സ്വഭാവദൂഷ്യമാണെങ്കിൽ അതിനെപ്പററി സംസാരിക്കുന്നതിൽ പാപമില്ല; എങ്കിലും, പരസ്യകുററങ്ങളെക്കുറിച്ചുപോലും സംസാരിക്കുന്നതു് സഹോദരസ്നേഹത്തിനു ബലക്ഷയമാകാനെളുപ്പമുള്ളതുകൊണ്ടു് അതിൽനിന്നു വിരമിക്കുന്നതാണുത്തമം. കൂടാതെ, ഇതരൻെറ കുററങ്ങൾ വെളിപ്പെടുത്തുന്നതുകൊണ്ടു ചിലപ്പോൾ ഗൗരവമായ പാപത്തിനുപോലും ഇടവരുന്നതാണു്: ഒരു യുവതി നിരാശയിലേക്കു നിപതിച്ചു ആത്മഹത്യചെയ്തുവെന്നുവരാം; സൗഭാഗ്യമായി ജീവിച്ചിരുന്ന ഭാര്യാഭർത്താക്കന്മാർ പിണങ്ങിപ്പിരിഞ്ഞെന്നുവരാം; പരസ്പരവിശ്വാസത്തോടെ കഴിഞ്ഞിരുന്ന ഇടവകവികാരിയും ഇടവകക്കാരും ബദ്ധവൈരികളായെന്നുവരാം. വരുത്തിവെച്ച അപകീർത്തിയെ നീക്കുവാനും തക്കതായ നഷ്ടപരിഹാരം ചെയ്യാനുമുള്ള കടമ കുററാരോപകനു് തീർച്ചയായും ഉണ്ടു്.

ഇല്ലാത്തകുററങ്ങൾ ഇതരന്മാരിൽ ആരോപിക്കുമ്പോൾ — ഉള്ള കുററങ്ങൾതന്നെ പർവ്വതീകരിച്ചു കാണിക്കുമ്പോൾ —സംശയിക്കുന്ന കുററങ്ങൾ യഥാർത്ഥങ്ങളാണെന്നു പറയുമ്പോൾ—ഇതരന്മാരുടെ സൽകൃത്യങ്ങൾക്കു ദുർവ്യാഖ്യാനങ്ങൾ നൽകുമ്പോൾ—ഇതരന്മാരിലുള്ള നന്മകളെ ഇല്ലാതാക്കിയും ലഘൂകരിച്ചും കാണിക്കുമ്പോൾ—നാം മൂന്നുതരം മാലിന്യങ്ങളടങ്ങിയ ഭയങ്കരപാപമാണു് ചെയ്യുന്നതു്: ഉപവിക്കെതിരായും, സത്യത്തിനെതിരായും, നീതിക്കു വിരോധമായും നാം പാപം ചെയ്യുന്നു. ഇതു് എത്രമാത്രം വർജ്ജ്യമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ദുഷ്പ്രവാദികൾക്കു് ഏററവും ഇഷ്ടമുള്ളവയാണു് ഏഷണികൂട്ടലും നാരദവേഷംകെട്ടലും. ഇങ്ങിനെ കഴിയുന്നവർ പിണങ്ങിപ്പിരിയുന്നുണ്ടെങ്കിൽ അതിനിടയിൽ നാരദന്മാരുടെ പ്രവർത്തനം തെളിഞ്ഞുകാണാം. അട്ടയെപിടിച്ചു് കട്ടിലിൽക്കിടത്തിയാലും അതു് പൊട്ടക്കുളമന്വേഷിച്ചുപോകുമെന്നു് ഒരു പഴഞ്ചൊല്ലുണ്ടല്ലോ. ഏഷണിക്കാർക്കും കലങ്ങിയ വെള്ളമാണിഷ്ടം. രണ്ടു കക്ഷികളുടേയും ചെവിയിൽ മന്ത്രിച്ചു് അവരെ തമ്മിൽ കടിപിടികൂട്ടുക—രണ്ടററത്തും തീ കൊളുത്തി നടുവിൽ പിടിക്കുക—ഇവയാണു് ഇവരുടെ തൊഴിൽ. സമാധാനത്തോടും ക്രമത്തോടുംകൂടി കാര്യങ്ങൾ നടന്നുപോകുന്നതു് ഇവർക്കു് ഒട്ടും ഹിതകരമല്ല. കഴിയിലേക്കു കാലുനീട്ടിയ ചില വൃദ്ധകൾപോലും ഏഷണികൊണ്ടു് ശണ്ഠകളും തെററിദ്ധാരണകളും സൃഷ്ടിച്ചുവിടുന്നതു കാണുമ്പോൾ പരിതപിക്കയല്ലാതെന്തുചെയ്യും? ഇവരെല്ലാം തക്കതായ പരിഹാരം ചെയ്തേകഴിയൂ.

അശുദ്ധസംസാരങ്ങൾ നിഷിദ്ധങ്ങളാണെന്നു് സുവിദിതമാണല്ലോ. എങ്കിലും ചിലപ്പോഴെല്ലാം നാലാളുകൾ—പ്രത്യേകിച്ചു് യുവാക്കന്മാർ—കൂടിയാൽ അശുദ്ധവിഷയങ്ങളെക്കുറിച്ചുള്ള സംസാരത്തിനു് നിസ്സങ്കോചം അവർ സ്വാഗതമരുളുന്നു. അശ്ലീലങ്ങളായ "തമാശ"കൾ നിർലജ്ജം തട്ടിവിടുന്നു. എത്രയോ നിഷ്കളങ്കഹൃദയങ്ങൾ അശുദ്ധിയുടെ ആദ്യപാഠങ്ങൾ ഇങ്ങനെയുള്ള സംഭാഷണങ്ങളിൽനിന്നു പഠിച്ചിട്ടുണ്ടു്! എത്ര ആദ്ധ്യാത്മികവധങ്ങൾ ഇത്തരം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടു്. "മനസ്സിൻെറ പൂർണ്ണതയിൽനിന്നാണു് അധരം സംസാരിക്കുന്നതു്." അശുദ്ധമായി സംസാരിക്കുന്നവൻ അശുദ്ധിയാൽ നിറഞ്ഞിരിക്കും ... ... ......മാംസപേശികളുടേയും ഞരമ്പുകളുടേയും ഇടയിൽ ശസ്ത്രക്രിയ ചെയ്യുവാനുദ്യമിക്കുന്ന ഒരു ഭിഷഗ്വരൻ തൻെറ കരുക്കളെ വളരെ സൂക്ഷ്മത്തോടെ ഉപയോഗിക്കുന്നതുപോലെ നാം നമ്മുടെ നാവിനെ ശ്രദ്ധയോടെ നിയന്ത്രിക്കണം.

(ജെ. ചെമ്മണൂർ)

---

## ഒരു കാശുരൂപംമൂലം

ഒരമേരിക്കൻ യോദ്ധാവു് മൂന്നുവർഷങ്ങൾക്കുമുമ്പു് ജപ്പാനിലെ തൻെറ ഒരു സ്നേഹിതൻ സമ്മാനിച്ചുകൊണ്ടുപോയ ഒരു കാശുരൂപം ഇന്നയാളുടെ സഹോദരിയുടെ മാനസാന്തരത്തിനു കാരണമായിത്തീർന്നിരിക്കുന്നു. ഇതു സംബന്ധിച്ചു് ഒരു മേരിനോൾ മിഷനറിയായ റവ. ജോൺ സി. മറെറു് നൽകുന്ന റിപ്പോർട്ടു് ഇപ്രകാരമാണു്: ഒരുദിവസം ആ ബാലിക തെരുവിൽവച്ചു് ഏതാനും കന്യാസ്ത്രികളെ കണ്ടുമുട്ടുവാനിടയായി. അവർ ധരിച്ചിരുന്ന കാശുരൂപങ്ങളിൽ അവളുടെ ദൃഷ്ടികൾ പതിഞ്ഞു. അവൾ സ്വന്തം വസ്ത്രത്തിനുള്ളിൽനിന്നും അത്തരമൊരു കാശുരൂപം പുറത്തെടുത്തു് കന്യാസ്ത്രികളെ കാണിച്ചുകൊണ്ടു് മൂന്നുകൊല്ലമായി താനതു ധരിക്കുന്നെന്നും ഒരമേരിക്കൻ യോദ്ധാവു് തൻെറ സഹോദരനു സമ്മാനിച്ചതാണെന്നും അതെന്തിനുള്ളതാണെന്നു് തനിക്കൊരു പിടിയുമില്ലെന്നും അവരെ ധരിപ്പിച്ചു. കന്യാസ്ത്രികൾ പ്രസ്തുത കാശുരൂപത്തെപ്പററിയുള്ള വിവരങ്ങൾ അവളെ മനസ്സിലാക്കിയതോടെ അവരുടെ മതത്തെപ്പററി പഠിക്കുവാൻ അവളിൽ താല്പര്യം ജനിച്ചു. അതേതുടന്നു് അവൾ പതിവായി അടുത്തുള്ള ദേവാലയത്തിൽപോയി മതകാര്യങ്ങൾ പഠിക്കുവാനാരംഭിച്ചു. ഈയിടെ അവൾ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നു. ജപ്പാനിലെ ലിജിയൻ ഓഫ് മേരി സംഘടനയിലെ ഒരു സജീവപ്രവർത്തകയാണിന്നവൾ.

---

## വിനോദവീഥി



കുടിയൻ: "ഡേ ഒരു റിഷ്കാ കൊണ്ടുവന്നേ."

"ഞാനൊരു നേവിക്കാരനാണു്. റിക്ഷാക്കാരനല്ല."

"ന്നാ ഒരു ബോട്ടു കൊണ്ടുവാ. എനിക്കിവിടെനിന്നും പോവണം."

* * *

ഗൃഹനായിക അടുക്കളയിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ വലിയ ഒരു സ്വരം കേട്ടു. പുറത്തു കളിച്ചുകൊണ്ടിരുന്ന നാലുവയസ്സായ മേരിയും അയൽവക്കത്തെ ലില്ലിക്കുട്ടിയുംകൂടി വഴക്കുകൂട്ടുകയാണെന്നാണു് അവർക്കു തോന്നിയതു്. ഉടൻതന്നെ ആ സ്ത്രീ പുറത്തേക്കുചെന്നു് ആ കുഞ്ഞുങ്ങൾക്കു, ഒരു താക്കീതു നൽകി: "നിങ്ങളിങ്ങനെ പിണങ്ങുകയാണെങ്കിൽ, ഇനി മേലാൽ ഒരുമിച്ചു കളിക്കാൻ അനുവദിക്കയില്ല."

മേരി: "ഞങ്ങൾ പിണങ്ങാല്ലാമ്മേ. അപ്പനും അമ്മയും ആയി കളിക്കയാണു്. ഞാനാണു അമ്മയായിരിക്കുന്നതു്."

* * *

വിദേശമേധാവിത്വത്തിലായിരിക്കുന്ന ജർമ്മനിയിൽ ഇപ്പോൾ ഡിമോക്രസിക്കും കമ്മ്യൂണിസത്തിനും തമ്മിൽ താരതമ്യേനയുള്ള ഗുണങ്ങളെപ്പററി അമേരിക്കൻ യോദ്ധാക്കളും റഷ്യൻ യോദ്ധാക്കളും തമ്മിൽ തർക്കങ്ങൾ നടക്കാറുണ്ടു്. ഒരമേരിക്കൻ യോദ്ധാവു പറഞ്ഞു: "ഡിമോക്രസി എന്നു വച്ചാൽ എന്തെന്നറിയണമോ? എനിക്കു വേണമെങ്കിൽ ഇന്നു എൻെറ ജനാലിൽനിന്നും രണ്ടാഴ്ചത്തെ അവധി വാങ്ങി വാഷിംഗ്ടണിലേക്കു പറക്കാം. എനിക്കു നിഷ്പ്രയാസം വൈററ്ഹൗസിൽ പ്രവേശിക്കാം. മാത്രമല്ല, പ്രസിഡൻറിൻെറ പക്കലേക്കു് നേരെയങ്ങു നടന്നുചെന്നു, "പ്രസിഡൻറു് ട്രൂമൻ, നിങ്ങളൊരു കഴുതയാണു്" എന്നുപോലും പറയാം."

റഷ്യൻയോദ്ധാവു്: "കമ്മ്യൂണിസത്തിലും അതൊക്കെ ചെയ്യാം. എനിക്കും ജനറലിൽനിന്നും രണ്ടാഴ്ചത്തെ അവധി വാങ്ങി മോസ്കോയിലേക്കു പറന്നുപോകാം. ക്രെംലിനിലെത്തി ജനറലിസ്സിമൊയെ കാണാൻ ഭാഗ്യമുണ്ടാകുന്നപക്ഷം, നേരെയങ്ങു നടന്നുചെന്നു്, "ജനറലിസ്സിമൊ സ്റ്റാലിൻ, പ്രസിഡൻറു ട്രൂമൻ ഒരു കഴുതയാണു്" എന്നും പറയാം."

* * *

തടങ്കൽപ്പാളയത്തിൽ വസിച്ചിരുന്ന ഒരാൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു കണ്ടു് അവിടത്തെ മേധാവി വിളിച്ചു ചോദിച്ചു: "താനെന്തെടോ, ഇങ്ങനെ ചുററിനടക്കുന്നതു്?"

"ഒരു ക്ഷൗരക്കാരനെ അന്വേഷിച്ചു്."

"പാളയത്തിലെ ക്ഷൗരക്കാരനെ പോരെടോ തനിക്കു്?"

"ഞാനാണു് അയാൾ."

# വിമർശനവീഥി

(11-ാം പേജു് തുടർച്ച)

ച്ചു. "സ്വാമിൻ, എനിക്കു് ഇനിമേൽ ഒരിക്കലും ദാഹിക്കാതിരിക്കുവാനും വെള്ളത്തിനായി ഇനി ഇവിടെവരാൻ ആവശ്യമുണ്ടാകാതിരിക്കുന്നതിനും വേണ്ടി അത്തരം വെള്ളം എനിക്കുതരണമേ" ശരീരത്തിനു് അടിമപ്പെട്ടിരിക്കുന്ന ആത്മാവു് ദിവ്യമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ അശക്തമാണല്ലോ. ആകയാൽ അവളിൽ സ്വന്തം പാപങ്ങളെക്കുറിച്ചുള്ള ബോധം ഉത്തേജിപ്പിച്ചു് അവളുടെ ഹൃദയത്തെ പരിശുദ്ധമാക്കുവാൻ അവിടുന്നു നിശ്ചയിച്ചു. "നീ വീട്ടിൽ പോയി നിൻറെ ഭർത്താവിനേയും കൂട്ടിക്കൊണ്ടു് മടങ്ങി ഇവിടെവരിക" എന്നു ക്രിസ്തു പറഞ്ഞു. "എനിക്കു ഭർത്താവില്ല" എന്നായിരുന്നു അവളുടെ മറുപടി. അപ്പോൾ ക്രിസ്തു "ശരിയാണു്. നിനക്കു ഭർത്താവില്ല. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; എന്നാൽ ഇപ്പോൾ നിൻറെ കൂടെയുള്ളവൻ നിൻറെ ഭർത്താവല്ല. ഇക്കാര്യത്തിൽ നീ പറഞ്ഞതു പരമാർത്ഥമാണു്."

## മിശിഹായെ തിരിച്ചറിയുന്നു

തൻറെ ഹൃദയത്തിൻറെ സ്ഥിതിയും കഴിഞ്ഞകാലത്തെ ചരിത്രവും പൂർണ്ണമായും വ്യക്തമായും അവിടുന്നു് ധരിച്ചിരിക്കുകയാണെന്നു് അവൾ മനസ്സിലാക്കി. താൻ അഞ്ചു ഭർത്താക്കന്മാരെ മാറിമാറി സ്വീകരിച്ചതും, വിവാഹമോചനംവഴി അവരോരോരുത്തരേയും ഉപേക്ഷിച്ചതും, ഒടുവിൽ പരസ്യമായ ദുർവൃത്തി അവലംബിച്ചതും—ഇതെല്ലാം കണ്ണാടിയിലെന്നപോലെ അവിടുന്നു കണ്ടറിഞ്ഞിരിക്കുന്നതിനാൽ തൻറെ നാട്യങ്ങളൊന്നും അവിടുത്തോടു ഫലിക്കുകയില്ലെന്നു് അവൾ തീർച്ചയാക്കി. "സ്വാമിൻ, അങ്ങു് ഒരു ദീർഘദർശിയാണെന്നു ഞാൻ കാണുന്നു" എന്നവൾ പറഞ്ഞു. അനന്തരം തനിക്കു ലജ്ജാവഹമായ സംഭാഷണവിഷയം മാററിയിട്ടു്, ഇസ്രായേൽക്കാരനായ ഒരു മതോപദേഷ്ടാവിനു പ്രിയങ്കരമായിരിക്കുമെന്നു തനിക്കു തോന്നിയ മതകാര്യങ്ങളെപ്പററി അവൾ സംസാരിക്കുവാൻ തുടങ്ങി. സീയോനും സീക്കേമും തമ്മിൽ പ്രാധാന്യത്തിനായി മത്സരിക്കുന്നതും, പ്രാചീനദീർഘദർശികൾ സമരിയാക്കാരുടെപൂർവികന്മാരായിരുന്നുവെന്നതും മററും അനുസ്മരിപ്പിച്ചശേഷം അവൾ ക്രിസ്തുവിനോടു ഇങ്ങനെ പറഞ്ഞു: "മനുഷ്യർ ആരാധന നടത്തേണ്ട സ്ഥലം ജറുസലെം ആണെന്നു നിങ്ങൾ പറയുന്നെങ്കിലും ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണല്ലോ ആരാധന നടത്തിയിരുന്നതു്." അവളെ സത്യം ഗ്രഹിപ്പിക്കുവാൻ ഈയവസരം ക്രിസ്തു സന്തോഷപൂർവ്വം ഉപയോഗിച്ചു "സ്ത്രീയേ എന്നെ വിശ്വസിക്കുക (സ്വർഗ്ഗീയ) പിതാവിനെ ആരാധിക്കുവാൻ ഈ മലയിലേക്കോ, ജറുശലെമിലേക്കുതന്നെയോ നിങ്ങൾ പോകേണ്ടാത്ത സമയം അടുത്തുവരുന്നു. എന്തെന്നു നിങ്ങൾക്കറിയാൻ കഴിയാത്തതിനെ നിങ്ങൾ ആരാധിക്കുന്നു. ഞങ്ങളാകട്ടെ ആരാധിക്കുന്നതെന്തെന്നു ഞങ്ങൾക്കറിയാവുന്നതിനെ ആരാധിക്കുന്നു. ഏതായാലും പരിത്രാണം യഹൂദന്മാരിൽനിന്നാണു വരാനിരിക്കുന്നതു്. എന്നാൽ വാസ്തവത്തിലുള്ള ആരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു; അല്ല വന്നുകഴിഞ്ഞു. അങ്ങനെയുള്ള മനുഷ്യരെയാണു് പിതാവു തൻറെ ആരാധകന്മാരായി അവകാശപ്പെടുന്നതു." ഇതിനു മുമ്പു കേട്ടിട്ടില്ലാതിരുന്ന ഈ ആശയങ്ങളാൽ ആകൃഷ്ടയായ ആ സ്ത്രീക്കു്, അവളുടെ രാജ്യക്കാർ പ്രതീക്ഷിച്ചുകൊണ്ടിരുന്നവനും അവരെക്കൊരു മാർഗ്ഗദർശിയായിരിക്കാനുള്ളവനുമായ മിശിഹായെപ്പററി ഓർമ്മ വന്നു. അവൾ പറഞ്ഞു: "മിശിഹാ (അതായതു് ക്രിസ്തു) വരാനുണ്ടെന്നു് എനിക്കറിയാം; വരുമ്പോൾ അവിടുന്നു ഞങ്ങളെ സകലതും പഠിപ്പിക്കും." അതിനുത്തരമായി അവിടുന്നു പറഞ്ഞു: "നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണു് ആ ക്രിസ്തു." അപ്പോഴേക്കും ശിഷ്യന്മാർ മടങ്ങിവന്നു. ആ സ്ത്രീ സകലവും മറന്നു്, കുടം അവിടെ ഇറക്കിവച്ചു്, ഉടൻതന്നെ പട്ടണത്തിലേക്കു മടങ്ങിപ്പോയി. ജനങ്ങളോടു് വിവരങ്ങൾ പറയുവാൻ. "എൻറെ ജീവചരിത്രം മുഴുവൻ എന്നോടു പറഞ്ഞ മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. അദ്ദേഹം ക്രിസ്തുവായിരിക്കാമോ? അവരെല്ലാം അവളുടെ വാക്കുകൾ കേട്ടു് അത്ഭുതപരവശരായി യാക്കോബിൻറെ കിണററരികിലേക്കു കൂട്ടംകൂട്ടമായി വരവുതുടങ്ങി. അവർ ക്രിസ്തുവിൻറെ ചുററും തിങ്ങിക്കൂടി. തങ്ങളുടെ പട്ടണത്തിൽ താമസിക്കണമെന്നു് അവർ അവിടുത്തോടപേക്ഷിക്കുകയും അവിടുന്നു് അവിടെ രണ്ടുദിവസം താമസിക്കുകയും ചെയ്തു. ആ സ്ത്രീയുടെ സാക്ഷ്യത്തിന്മേൽ പലരും ക്രിസ്തുവിൽ വിശ്വസിച്ചു. എന്നാൽ അതിലും വളരെയധികമാളുകൾ അവിടുത്തെ ഉപദേശംകൊണ്ടുമാത്രം വിശ്വസിച്ചു. അവർ സ്ത്രീയോടു പറഞ്ഞു: "നിൻറെ വാക്കുകൾ കേട്ടല്ല ഞങ്ങൾ ഇപ്പോൾ വിശ്വസിക്കുന്നതു്. ഞങ്ങൾ നേരിട്ടു് അവിടുത്തെ ശ്രവിച്ചു അവിടുന്നു വാസ്തവത്തിൽ ലോകരക്ഷകനാണെന്നു് ഞങ്ങൾ ഗ്രഹിക്കുകയും ചെയ്തിരിക്കുന്നു."

സംഭാഷണം നിർത്തി സ്ത്രീ ക്രിസ്തുവിൻറെ പക്കൽനിന്നും പോയപ്പോൾ ശിഷ്യന്മാർ കൊണ്ടുവന്ന ഭക്ഷണം കഴിക്കുവാൻ അവർ അവിടുത്തോടു് പറഞ്ഞു. "നിങ്ങൾക്കു് അശേഷം അറിഞ്ഞുകൂടാത്ത ഒരു ഭക്ഷണം എനിക്കു കഴിക്കാനുണ്ടു്" എന്നായിരുന്നു ക്രിസ്തുവിൻറെ മറുപടി. "എന്നെ അയച്ചയാളുടെ ഇഷ്ടം ചെയ്യുകയും ആയാൾ എന്നെ ഏല്പിച്ച ജോലി നിർവഹിക്കുകയുമാണു് എൻറെ ഭക്ഷണം" എന്നു് അവിടുന്നു തുടർന്നുപറഞ്ഞു. യഹൂദന്മാരാൽ ശിശ്മക്കാരായി പരിഗണിക്കപ്പെട്ടിരുന്ന സമരിയാക്കാരെ ആ സ്ത്രീവഴിയായി സത്യം ഗ്രഹിപ്പിക്കുവാനായിരുന്നു ക്രിസ്തു ആ കിണററിനരികെ വിശ്രമിച്ചതും, ആ സ്ത്രീയോടു സംഭാഷണത്തിലേർപ്പെട്ടതും. ലോകരക്ഷകനായി ദൈവത്താലയക്കപ്പെടുന്ന ആളെ പ്രതീക്ഷിച്ചിരുന്ന ആ ജനങ്ങൾക്കു്, രക്ഷകൻ വന്നിരിക്കുന്നുവെന്നും, അതുതാൻതന്നെയാണെന്നും ഉള്ള സത്യം അവിടുന്നു വെളിപ്പെടുത്തിക്കൊടുത്തു.

## പ്രക്ഷിപ്തമെന്നോ?

ഇതാണു് വിശുദ്ധ യോഹന്നാൻ തൻറെ സുവിശേഷത്തിൽ (IV 5 42) രേഖപ്പെടുത്തിയിരിക്കുന്ന സമരിയാക്കാരിയുടെ കഥ. യഹൂദന്മാരുടെ പൂർവ്വചരിത്രം ആദ്യന്തം ഉൾക്കൊണ്ടിരിക്കുന്നതും, മിശിഹായെപ്പററിയുള്ള പ്രതീക്ഷയെ സമരിയാക്കാരെ ആശ്ചര്യകരമായ വിധം അനുസ്മരിപ്പിക്കുന്നതും, ആ മിശിഹായെ നേരിട്ടു കണ്ടു വിശ്വസിക്കുവാൻ അവരെ പ്രാപ്തമാക്കിയതും മററുമായ ഈ കഥ ക്രിസ്തുവിൻറെ കഥയല്ലെന്നും, നേരെമറിച്ചു ബുദ്ധചരിത്രത്തിൽനിന്നു കടംവാങ്ങി ഉൾക്കൊള്ളിച്ചിട്ടുള്ളതാണെന്നും സുബുദ്ധിയുള്ള ഏതു മനുഷ്യനാണു് ഊഹിക്കാൻപോലും സാധിക്കുക?

"ക്രിസ്തുവിനു മുമ്പാണു് ബുദ്ധനെന്നു നിരാക്ഷേപം" സമ്മതിക്കുന്നു. എന്നാൽ ക്രിസ്തുവിൻറെ ചരിത്രഗ്രന്ഥങ്ങൾക്കു മുമ്പെഴുതിയതാണു് ബുദ്ധൻറെ ചരിത്രഗ്രന്ഥങ്ങളെന്നുള്ളതു് നിരാക്ഷേപമല്ല. ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്ന ബുദ്ധമതപണ്ഡിതന്മാരായ പൗരസ്ത്യശാസ്ത്രഗവേഷകന്മാരിൽ പ്രഖ്യാതന്മാരുടെ വാക്കുകൾ ഈ ലേഖനപരമ്പരയിൽ ആദ്യത്തതിൽ ഞങ്ങളുദ്ധരിച്ചിരുന്നു. ഒന്നുരണ്ടു സാക്ഷ്യങ്ങൾകൂടി ഉദ്ധരിക്കാം. റൈസ് ഡേവിഡ് പറയുന്നു: "ബുദ്ധമതപുരാണങ്ങൾ ക്രിസ്തുമതവിശ്വാസത്തിന്മേൽ എന്തെങ്കിലും സ്വാധീനശക്തി പ്രയോഗിച്ചിട്ടുണ്ടെന്നു വിശ്വസിക്കുവാൻ എനിക്കു നിവൃത്തിയില്ല. അതിനെക്കാൾ വളരെയധികം വിശ്വസനീയം, അനന്തരകാലത്തിലെ ബുദ്ധമതഗ്രന്ഥകർത്താക്കളുടെമേൽ നെസ്തോറിയന്മാരും ഇതര ക്രൈസ്തവമിഷനറിമാരും സ്വാധീനശക്തി പ്രയോഗിച്ചിരുന്നുവെന്നതാണു്. പക്ഷെ ഇതിനെപ്പററിയും ഇതുവരെ തെളിവുകളൊന്നും ലഭിച്ചിട്ടില്ല." ബുദ്ധമതവിഷയത്തിൽ ആധുനികകാലത്തെ ഏററവും വലിയ വിദഗ്ദ്ധനായ വാല്ലെ പൂസിൻ (L. de La Vallee Poussin) പറയുന്നതു കേട്ടാലും: "സാമാന്യമായി പറഞ്ഞാൽ ബുദ്ധമതത്തിൽ, പ്രത്യേകിച്ചും അതിൻറെ അനന്തരകാലരൂപത്തിൽ, ക്രിസ്തുമതത്തെ അനുസ്മരിപ്പിക്കുന്ന ചില ആശയങ്ങൾ കാണുന്നുണ്ടെന്നു പറയാവുന്നതാണു് — ചാരിത്രവ്രതം, പാപോച്ചാരണം, വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, അവരുടെ സമ്മാനാർഹതകളിൽ ഭാഗഭാഗിത്വം മുതലായവ. ക്രിസ്തുമതത്തിലേയും ബുദ്ധമതത്തിലേയും തത്വസംഹിതകൾ മുഴുവനും പരസ്പരവിരുദ്ധങ്ങളാണെന്നുള്ള വസ്തുത തൽക്കാലം പരിഗണനയിൽനിന്നു മാററിവച്ചുകൊള്ളുക; എന്നാൽതന്നെയും ഏററവും സദൃശങ്ങളാണെന്നു തോന്നിക്കുന്ന ആശയങ്ങളെപ്പോലും നാം അപഗ്രഥനംചെയ്യുമ്പോൾ യൂറോപ്യന്മാരുടെ മനസ്ഥിതിക്കും ഹിന്ദുക്കളുടെ മനസ്ഥിതിക്കും ഇടയിൽ ഉറച്ചുകിടക്കുന്ന ആഴമേറിയതും വിസ്താരമേറിയതുമായ വിടവിനാൽ അവ വേർപെട്ടിരിക്കുകയാണെന്നു കാണാം." സുവിശേഷങ്ങളിലേതിനു സദൃശങ്ങളായ ആഖ്യാനങ്ങളോടുകൂടിയ ബുദ്ധചരിതഗ്രന്ഥങ്ങൾ രചിക്കപ്പെട്ട കാലത്തു ക്രിസ്തുമതം ഇൻഡ്യയിലും ചൈനായിലും അറിയപ്പെട്ടിരുന്നെന്നും, ഇതരമതങ്ങളിൽനിന്നു് ആശയങ്ങൾ സ്വീകരിക്കുന്ന വാസന "മഹായാന" എന്ന ബുദ്ധമതവിഭാഗക്കാർ സദാ പ്രദർശിപ്പിച്ചിരുന്നുവെന്നും ചരിത്രം നിസ്തർക്കം ഉദ്ഘോഷിക്കുന്നുണ്ടു്.

## യോഹന്നാൻറെ സുവിശേഷം

യോഹന്നാൻറെ നാമം വഹിക്കുന്ന സുവിശേഷം ക്രിസ്തുശിഷ്യനായ വിശുദ്ധ യോഹന്നാൻ തന്നെഎഴുതിയതാണെന്നു് അദ്ദേഹത്തിൻറെ അടുത്ത ശിഷ്യനായ വിശുദ്ധ പൊലിക്കാർപ്പിൻറെ അടുത്ത ശിഷ്യനായ വിശുദ്ധ ഇരനേയൂസ് ഉറപ്പിച്ചുപറഞ്ഞിട്ടുള്ളതു് ഞങ്ങൾ മുന്നൊരു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. പ്രസ്തുതസുവിശേഷം വിശ്വാസയോഗ്യമായ ചരിത്രരേഖയാണെന്നു ചരിത്രപരമായ മാനദണ്ഡങ്ങൾവച്ചുള്ള ഏററവും നിഷ്കൃഷ്ടമായ പരിശോധനയാൽ സ്വതന്ത്രവിമർശകന്മാർ സമ്മതിച്ചിട്ടുമുണ്ടു്. അവരിൽ പ്രമുഖനായ ഹർണ്ണാക്കുതന്നെ അദ്ദേഹത്തിൻറെ ഒടുവിലത്തെ അഭിപ്രായത്തിൽ സമ്മതിച്ചുപറയുന്നു, എ. ഡി. 80-നും 100-നും മദ്ധ്യേയാണു് അതു രചിക്കപ്പെട്ടതെന്നു്; അതായതു് ക്രിസ്തുവിൻറെ സമകാലികന്മാരായ പലരും ജീവിച്ചിരുന്ന കാലത്താണെന്നു്. ഈ സുവിശേഷത്തിൻറെ കൈയെഴുത്തുപ്രതികൾ അവശേഷിച്ചിട്ടുള്ളവയിലെല്ലാം സമരിയാക്കാരിയുടെ കഥ കാണുന്നുമുണ്ടു്. ആകയാൽ പ്രസ്തുതകഥ വിശുദ്ധ യോഹന്നാൻതന്നെ തൻറെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണു്. ക്രിസ്തുവിൻറെ സമരിയായിൽക്കൂടിയുള്ള ആ യാത്രയിൽ അവിടുത്തെ അനുഗമിച്ച ശിഷ്യന്മാരിൽ ഒരാൾ വിശുദ്ധ യോഹന്നാൻ ആയിരുന്നെന്നു തീർച്ചയായിപ്പറയാം. ആ നിലയിൽ പ്രസ്തുതകഥ ദൃക്സാക്ഷിയുടെതന്നെ തൂലികയിൽനിന്നും പുറപ്പെട്ടതാണു്. കഥയിലെ വിശദാംശങ്ങൾ ആ വസ്തുത വിളിച്ചുപറയുന്നുമുണ്ടു്.

ക്രിസ്തുവിനെപ്പററിയുള്ള അപ്പസ്തോലന്മാരുടെ ആദ്യകാലത്തെ പ്രസംഗങ്ങൾ വാമൊഴിയായോ വരമൊഴിയായോ ക്രോഡീകരണം ചെയ്തിരുന്നതു് ഉപയോഗിച്ചാണു് സുവിശേഷകന്മാർ അവരുടെ ഗ്രന്ഥങ്ങളെഴുതിയതെന്നും, അവക്കുണ്ടായിരുന്ന പ്രത്യേകലക്ഷ്യത്തിനു യോജിച്ചവ അവർ ആ ക്രോഡീകരണത്തിൽനിന്നു സ്വീകരിക്കുകയാണു ചെയ്തതെന്നും മുന്നൊരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. വി. യോഹന്നാൻ തൻറെ സുവിശേഷമെഴുതിയതു് ക്രിസ്തുവിൻറെ ദൈവത്വം ചില പാഷണ്ഡികൾ നിഷേധിക്കുവാൻ തുടങ്ങിയ കാലത്താണു്. ആ തത്വം സ്ഥാപിക്കണമെന്നുള്ള ലക്ഷ്യമാണു് അദ്ദേഹം ഗ്രന്ഥരചനയിൽ ഉന്നയിച്ചതു് അതിനുയോജിച്ചവ ക്രിസ്തുചെയ്ത അത്ഭുതങ്ങളിലും പ്രസംഗങ്ങളിലുംനിന്നു് അദ്ദേഹം പ്രത്യേകം തിരഞ്ഞെടുത്തു ഗ്രന്ഥത്തിൽ കൊള്ളിച്ചു. ഈ വസ്തുത സുവിശേഷപണ്ഡിതന്മാർ സകലരും സമ്മതിക്കുന്നുണ്ടു്. സമരിയാക്കാരിയുടെ കഥ ആ പ്രത്യേകലക്ഷ്യത്തിനു് ഏററവും യോജിച്ചതാണെന്നു മുകളിൽ നൽകിയ അതിൻറെ പൂർണ്ണരൂപത്തിൽനിന്നു വിശദമാണു്. പ്രസ്തുതകഥ സാക്ഷാൽ ക്രിസ്തുവിൻറെ കഥതന്നെയാണെന്നും, മറെറാരിടത്തുനിന്നും കടംവാങ്ങിയ പ്രക്ഷിപ്തമല്ലെന്നും ഈ സംഗതി വിശേഷിച്ചും തെളിയിക്കുന്നു.

——

# ദിവ്യകാരുണ്യ കോൺഗ്രസ്

### സ്പെയിനിൽ ബാഴ്സലോണിൽവച്ച്

സ്പെയിനിലെ ഒരു കേന്ദ്രനഗരമായ ബാഴ്സിലോണായിൽവെച്ചു നടക്കുവാനുള്ള അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സു് 1952 മേയ് 26 മുതൽ ജൂൺ 1 വരെ ദിവസങ്ങളിൽനടത്തുന്നതിനു മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് അനുമതിനൽകിയിരിക്കുന്നു. 1938-ൽ ബുഡാപ്പെസ്റ്റിൽ വെച്ചുകൂടിയ അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിനുശേഷം ആദ്യം കൂടുന്ന അന്തർദേശീയ കോൺഗ്രസ്സാണു് ഇതു്. ഇതു പ്രമാണിച്ചു കത്തോലിക്കാ ലോകത്തിൻറെ നാനാഭാഗങ്ങളിൽനിന്നും കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, ആയിരക്കണക്കിനു വൈദികർ തുടങ്ങിയുള്ള സഭാധികൃതരും ലക്ഷക്കണക്കിനു ജനങ്ങളും സ്പെയിനിൽ ആഗതരാകുന്നതാണു്. ഇതിനകം 34 ദിവ്യകാരുണ്യസമ്മേളനങ്ങൾ ലോകത്തിൻറെ നാനാഭാഗങ്ങളിൽ നടന്നിട്ടുണ്ടു്.

## ഓരോ ഇടവകയ്ക്കും ഓരോ വിദ്യാലയം

ആസ്ത്രേലിയൻ കത്തോലിക്കരുടെ കോമൺവെൽത്തു ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചശേഷം ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയിരിക്കുന്ന ബർമ്മിംഗ്ഹാം മെത്രാപ്പോലീത്താ മാസ്റ്റർസൺ തിരുമേനി ലണ്ടനിലെ ടൈംസ് പത്രത്തിനു നൽകിയ ഒരു പ്രസ്താവനയിൽ, ആസ്ത്രേലിയായിലെ കത്തോലിക്കാവിദ്യാലയങ്ങൾ സംബന്ധിച്ചു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ഓരോ ഇടവകയിലും ഓരോ വിദ്യാലയം"— ഇതാണു് ആസ്ത്രേലിയൻ കത്തോലിക്കരുടെ മുദ്രാവാക്യം. അവിടെ കത്തോലിക്കാവിദ്യാർത്ഥികൾ മുഴുവൻതന്നെ കത്തോലിക്കാവിദ്യാലയങ്ങളിലാണു് അദ്ധ്യയനം നടത്തുന്നതു്. രാജ്യത്തു് ആകെയുള്ള വിദ്യാർത്ഥികളുടെ അഞ്ചിലൊരു ഭാഗം കത്തോലിക്കാവിദ്യാലയങ്ങൾ ഉൾക്കൊള്ളുന്നു. ഈ വിദ്യാലയങ്ങൾ എല്ലാംതന്നെ നടത്തപ്പെടുന്നതു് അവിടത്തെ കത്തോലിക്കാസംഘടനകളുടെ ചെലവിലും മേൽനോട്ടത്തിലുമാണു്. ഇപ്പോൾ അവർ രാഷ്ട്രത്തിൻറെ സഹായവും ആവശ്യപ്പെടാൻ തുടങ്ങിയിട്ടുണ്ടു്."

## ക്രിസ്തുവിൻറെ പ്രതിമ

ബ്രസീൽ പട്ടണത്തിലെ ഒരുയർന്ന കുന്നിൻറെ മുകളിൽ പതിനേഴടി ഉയരമുള്ള ഒരു പാറമേൽ 40അടി പൊക്കമുള്ള ക്രിസ്തുവിൻറെ ധവളവർണ്ണമായ ഒരു പ്രതിമ ഉടൻതന്നെ സ്ഥാപിക്കപ്പെടുന്നതാണു്. തീർത്ഥകരിൽനിന്നും ലഭിച്ച സംഭാവനകൾകൊണ്ടാണു് ഈ പ്രതിമ പണിതീർത്തതു്.

## ലോകസമാധാനാർത്ഥം ദിവസേന ദിവ്യബലി

ലോകസമാധാനത്തിനുവേണ്ടി ദിവസവും ഓരോ ദിവ്യബലി വിശുദ്ധ പത്രോസിൻറെ ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്നതാണെന്നു് പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു് പ്രഖ്യാപിച്ചിരിക്കുന്നു. ഒന്നാം ലോകമഹായുദ്ധത്തെപ്പററിയുള്ള ഉല്ക്കണ്ഠയാൽ ഹൃദയം പൊട്ടി മരിച്ച നവീനസിദ്ധൻ പത്താംപീയൂസ് മാർപ്പാപ്പാതിരുമേനിയുടെ സ്മാരകമായി ഈ സമാധാനബലി അർപ്പിക്കപ്പെടുന്നതാണു്.

## കുട്ടികളുടെ

### ആരോഗ്യസംരക്ഷണാർത്ഥം

രോഗനിവാരണാർത്ഥമുള്ള വത്തിക്കാൻ പൊന്തിഫിക്കൽ കമ്മീഷൻ ഈ വർഷത്തിൽ റോമിലെ 30,000 കുട്ടികൾക്കു് ആരോഗ്യകരമായ ഒരു വേനല്ക്കാലവിശ്രമം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു ഇതിലേക്കു് കടൽത്തീരങ്ങളിലും മലഞ്ചെരിവുകളിലും തയാറാക്കിയിട്ടുള്ള വസതികളിലേക്കു് കുട്ടികളെ മാററിത്താമസിപ്പിക്കുന്നതും അവിടെ ആധുനികരീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഉപകരണങ്ങളുപയോഗിച്ചു് അവരുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതും ആവശ്യമായ ശുശ്രൂഷകൾ നൽകുന്നതുമാണു്.

വിമർശനവീഥി

# സമരിയാക്കാരിയുടെ കഥ പ്രക്ഷിപ്തമാണോ?

സുവിശേഷഗ്രന്ഥങ്ങളിൽ അനേകം 'ലജ്ജാവഹങ്ങളായ പ്രക്ഷിപ്ത'ങ്ങളുണ്ടെന്നുള്ള വാദത്തിനു്, 'സ്ഥാലീപുലാകന്യായേന', നാലുദാഹരണങ്ങളാണു് ശ്രീ പുത്തേഴത്തു രാമൻമേനോൻ തന്റെ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുള്ളതു്. അവയിൽ ആദ്യത്തേതു് സുദീർഘം വിമർശിച്ചുകഴിഞ്ഞു. ഇനി രണ്ടാമത്തേതിലേക്കു കടക്കാം.

ലേഖകൻ എഴുതുന്നു:

"വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലും പ്രത്യക്ഷത്തിൽതന്നെ പ്രക്ഷിപ്തമെന്നു വിധികല്പിക്കാവുന്ന ഒരു കഥയുണ്ടു്; ക്രിസ്തുവും സമരിയാക്കാരത്തിയായ സ്ത്രീയും! കഥ നല്ലതും സാരാംശം ഉൾക്കൊള്ളുന്നതും അദ്ധ്യാത്മതത്വത്തെ വെളിപ്പെടുത്തുന്നതുമാണു്. പക്ഷേ, ആ കഥ പ്രക്ഷിപ്തമാണു്. അതു് ക്രിസ്തുവിന്റെ കഥയല്ല. ബുദ്ധചരിത്രത്തിൽനിന്നു്—ദിവ്യവാദനത്തിൽനിന്നു്—കടം വാങ്ങി ഉൾക്കൊള്ളിച്ചിട്ടുള്ളതാണു്. ആ സമരിയാക്കാരത്തിയുടെ വാക്കുകളിൽക്കൂടിത്തന്നെ ആ സത്യം പുറത്തുചാടുന്നുണ്ടു്. "പ്രഭോ! അവിടുന്നു് ഒരു യഹൂദനായിരിക്കെ, എങ്ങനെയാണു്, സമരിയാക്കാരത്തിയായ എന്നോടു് കുടിക്കുവാൻ വെള്ളം ആവശ്യപ്പെടുന്നതു്. യഹൂദന്മാർക്കും സമരിയക്കാർക്കും തമ്മിൽ കൊള്ളക്കൊടുക്കകൾ പതിവില്ലല്ലോ." അത്രയും ശരിയാണു്. എന്നാൽ, യഹൂദന്മാരുടെയിടയിൽ ജാതിവ്യത്യാസം തീരെ ഉണ്ടായിരുന്നില്ല. സമരിയാക്കാർ പറയന്മാരോ ഹീനജാതിക്കാരോ മററോ ആയിരുന്നില്ല. ഈ കഥയുടെ ശരിയായ രൂപം ബുദ്ധചരിതത്തിൽ കാണാം; ബുദ്ധശിഷ്യനായ ആനന്ദൻ ഒരു പറയസ്ത്രീയോടു് കുടിക്കുവാൻ വെള്ളത്തിനു് അപേക്ഷിക്കുന്നതും, അവൾ ജാതിഹീനതയെ പരിഗണിച്ചു് ഒഴിഞ്ഞുമാറുന്നതും ...... ആ ഭാഗമാണു് യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുസ്തുതിയായി ചേർത്തിരിക്കുന്നതു്. ക്രിസ്തുവിനു മുമ്പാണു് ബുദ്ധനെന്നു നിരാക്ഷേപം. ഇതൊരു പ്രക്ഷിപ്തകഥയല്ലെങ്കിൽ പിന്നെ എന്താണു്?"

വിമർശം:—

യഹൂദന്മാരുടെയിടയിൽ "ജാതിവ്യത്യാസം" തീരെ ഉണ്ടായിരുന്നില്ലെങ്കിലും മതവ്യത്യാസം വളരെ ഉണ്ടായിരുന്നു. സമരിയാക്കാർ ജാതിഗണനയിൽ പറയന്മാരോ ഹീനജാതിക്കാരോ മററോ ആയിരുന്നില്ലെങ്കിലും, മതഗണനയിൽ അവരെ പറയന്മാരെക്കാൾ ഹീനന്മാരും പതിതരുമായിട്ടാണു് യഹൂദന്മാർ വീക്ഷിച്ചിരുന്നതു്.

## സമരിയാക്കാർ

പൂർവ്വയാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ സന്താനങ്ങൾ പന്ത്രണ്ടു ഗോത്രക്കാരായി തിരിഞ്ഞിരുന്നു. അവരെല്ലാവരുംകൂടി ഉൾപ്പെട്ട ഇസ്രായേൽ ജനത്തിന്റെ ആദ്യത്തെ രാജാവു് സാവോൾ (Saul) ആയിരുന്നു. അദ്ദേഹത്തെ തുടർന്നു് ദാവീദും (David), സ്ലോമോനും (Solomon) രാജാക്കന്മാരായി വാണു. സ്ലോമോന്റെ പുത്രനായ റോബോവാമിന്റെ ക്രൂരഭരണത്തിൽ അതൃപ്തരായി പത്തു ഗോത്രക്കാർ പിരിഞ്ഞുപോയി. ശേഷിച്ച യൂദായുടേയും ബെഞ്ചമിന്റെയും ഗോത്രക്കാർമാത്രം റോബോവാമിന്റെ ഭരണത്തിനു വഴങ്ങിനിന്നു. അവരുടെ തലസ്ഥാനം പഴയപോലെ ജെരുശലെമായിരുന്നു. പിരിഞ്ഞുപോയ ഗോത്രക്കാർ സ്ലോമോന്റെ ഭൃത്യനായിരുന്ന ജറൊബൊവാമിനെ തങ്ങളുടെ രാജാവായി തിരഞ്ഞെടുത്തു. അതുമുതൽ ഇസ്രായേൽ ജനം രണ്ടു രാജസ്ഥാനങ്ങളുടെ കീഴിൽ രണ്ടു രാഷ്ട്രങ്ങളായി ജീവിച്ചുപോന്നു. റോബോവാമിന്റെ കീഴിലുള്ളവർ "യൂദായുടെ രാഷ്ട്ര"മെന്നും, ജറൊബൊവാമിന്റെ കീഴിലുള്ളവർ "ഇസ്രായേലിന്റെ രാഷ്ട്ര"മെന്നും വിളിക്കപ്പെട്ടു.

ജറൊബൊവാമിന്റെ രാഷ്ട്രം സമരിയായെ അതിന്റെ തലസ്ഥാനമാക്കി. തന്റെ കീഴുള്ള ജനം ദൈവാരാധനയ്ക്കായി ജെരുശലെം ദേവാലയത്തിൽ പൊയ്ക്കൊണ്ടിരുന്നാൽ, ജെരുശലെം തലസ്ഥാനമാക്കി ഭരിച്ചുകൊണ്ടുപോന്ന റോബോവാമിന്റെ നേർക്കു് അവരുടെ ഭക്തി തിരിഞ്ഞേക്കുമെന്നും, അങ്ങനെ ഇസ്രായേൽ രാഷ്ട്രം പഴയപടി ദാവീദിന്റെ രാജവംശത്തിൽ തീർച്ചയായും ലയിക്കുമെന്നും ജറൊബൊവാം ഭയപ്പെട്ടു. ഈ ആപത്തൊഴിക്കുവാൻവേണ്ടി അദ്ദേഹം രണ്ടു സ്വർണ്ണക്കാളക്കുട്ടികളെ നിർമ്മിച്ചു്, ഓരോന്നു് തന്റെ രാജ്യത്തിന്റെ ഓരോ അതിർത്തിയിലും സ്ഥാപിച്ചു; തന്റെ ജനം ദൈവാരാധനയ്ക്കായി ജെരുശലെമിൽ പോകരുതെന്നും, ഈജിപ്തിൽനിന്നു തങ്ങളെ മോചിപ്പിച്ചുകൊണ്ടുപോന്ന ദേവന്മാരെയാണു് താൻ പുതുതായി സ്ഥാപിച്ചിട്ടുള്ളതെന്നും ഉദ്ബോധിപ്പിച്ചു. തദനുസരണം ആ ജനം അദ്ദേഹം നിശ്ചയിച്ച സ്ഥലങ്ങളിൽപ്പോയി സ്വർണ്ണക്കാളക്കുട്ടികൾക്കു് ആരാധനകൾ സമർപ്പിച്ചുതുടങ്ങി. ഇങ്ങനെ ഇസ്രായേൽ രാഷ്ട്രത്തിലെ ജനം വിഗ്രഹാരാധനക്കാരായിത്തീർന്നു. അക്കാരണത്താലും, ആ ജനം എതിർത്തു പിരിഞ്ഞുപോയതിനാലും യൂദരാഷ്ട്രത്തിന്റെ രാജാവായ റോബോവാമും പിൻഗാമികളും ഇടവിടാതെ അവർക്കെതിരായി യുദ്ധങ്ങൾ നടത്തിക്കൊണ്ടിരുന്നു.

ഇസ്രായേൽ രാഷ്ട്രക്കാരെ വിഗ്രഹാരാധനയിൽനിന്നും മററു ദുർമ്മാർഗ്ഗങ്ങളിൽനിന്നും പിൻതിരിക്കുവാൻ ദൈവം തുടരെ "പ്രവാചകന്മാരെ"ന്നു വിളിക്കപ്പെട്ടിരുന്ന പുണ്യശ്ലോകന്മാരെ—ഏലിയാസു്, എലിസേവൂസു് തുടങ്ങിയവരെ—നിയോഗിച്ചു. എന്നാൽ മാനസാന്തരപ്പെട്ടു നേർവഴിക്കു തിരിയുവാൻ ആ ജനവും അവരുടെ രാജാക്കന്മാരും തയാറായിരുന്നില്ല. അവരുടെ ദുഷ്ടത ദൈവകോപത്തെ ഉജ്ജ്വലിപ്പിക്കത്തക്കവിധം വർദ്ധിച്ചു. അസ്സീറിയാ രാജാവായ സൽമനാസർ ഏകദേശം ബി. സി. 718 ൽ ശക്തിയേറിയ സൈന്യത്തോടുകൂടിവന്നു് ബലിഷ്ഠമായിരുന്ന സമരിയാപട്ടണത്തെ വളഞ്ഞു് കൈവശപ്പെടുത്തുകയും, അതിലെ നിവാസികൾ മിക്കവരേയും പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. തന്മൂലം വനാന്തരംപോലെ വിജനമായിത്തീർന്ന സമരിയായെ വീണ്ടും ജനബഹുലമാക്കുവാൻവേണ്ടി അസ്സീറിയൻ രാജാവു് പേയ്ഗൺ മതക്കാരായിരുന്ന തന്റെ പ്രജകളിൽ അനേകായിരങ്ങളെ കൊണ്ടുവന്നു അവിടെ കുടിപാർപ്പിച്ചു. ഇവരും, സമരിയായിൽ അങ്ങിങ്ങായി ശേഷിച്ചിരുന്ന പഴയ നിവാസികളും കൂടിക്കലരുകയും, ഒടുവിൽ സമരിയാക്കാർ പഴയ ഇസ്രായേലിന്റെ ലക്ഷണങ്ങൾ മിക്കവാറും നഷ്ടപ്പെട്ട ഒരു പുതിയ ജനമായിത്തീരുകയും ചെയ്തു. യഹൂദമതത്തിന്റെയും പേയ്ഗൺമതത്തിന്റെയും സമ്മിശ്രമായ രൂപം അവർ സ്വീകരിച്ചു. ശരിയായ പഴയ മതത്തിൽ വിശ്വസ്തരായി നിന്നിരുന്ന യൂദായുടേയും ബെഞ്ചമിന്റെയും ഗോത്രക്കാരോടു് അവർ ദ്വേഷമുള്ളവരുമായി.

ജെരുശലെമിലെ വൈദികാധികാരികൾ മനാസെസു് എന്നൊരു പുരോഹിതനെ ദേവാലയത്തിൽനിന്നു ബഹിഷ്കരിച്ചപ്പോൾ അദ്ദേഹം സമരിയായിൽ അഭയംപ്രാപിച്ചു. അവിടെ ജെരുശലെമിനു് എതിരായി ഒരു ബലിപീഠവും സ്ഥാപിച്ചു. അങ്ങനെ യഹൂദന്മാരുടെ ആരാധനാസ്ഥാനമായ സീയോൺ മലയ്ക്കെതിരായി സമരിയാക്കാരുടെ ആരാധനാസ്ഥാനം ഗരിസിംമലയിൽ സ്ഥാപിക്കപ്പെട്ടു. അസ്സീറിയാക്കാരായ ആക്രമികളാൽ നശിപ്പിക്കപ്പെട്ട സമരിയാപട്ടണം പിൽക്കാലത്തു് ഹേറോദേശ്രാജാവു് റോമൻ സമ്പ്രദായത്തിൽ പുനരുദ്ധരിച്ചു അഗസ്റ്റസു് ചക്രവർത്തിയുടെ ബഹുമാനാർത്ഥം സമരിയായ്ക്കു് "അഗസ്തു" എന്ന പേരും നൽകി. പട്ടണത്തിന്റെ പേർ മാററപ്പെട്ടെങ്കിലും ആ രാജ്യം സമരിയാക്കാരുടെ രാജ്യമെന്നാണു് പിന്നീടും വിളിച്ചുപോന്നതു്. ഇങ്ങനെയുള്ള സമരിയാക്കാരെ ജെരുശലെമിലെ ദേശീയവാദികളും വിശ്വാസികളുമായ യഹൂദന്മാർ യഥാർത്ഥ ഇസ്രായേൽക്കാരായി പരിഗണിച്ചിരുന്നില്ല. ജെരുശലെമിന്റെ വൈദികാധികാരത്തെയും ആരാധനക്രമത്തെയും സ്വീകരിക്കാതിരുന്ന സമരിയാക്കാരെ യഹൂദന്മാർ "ശിശ്മക്കാർ" ആയി പരിഗണിച്ചിരുന്നു. അവരോടു് അത്യന്തമായ അവജ്ഞയും അവഹേളനവും പ്രദർശിപ്പിച്ചുമിരുന്നു.

ചരിത്രപരമായ ഈ പശ്ചാത്തലത്തിലാണു് സമരിയാക്കാരി ക്രിസ്തുവിനോടു പറഞ്ഞ വാക്കുകൾ മനസ്സിലാക്കേണ്ടതു്. യഹൂദനായ ക്രിസ്തു, യഹൂദന്മാരുടെ അവഹേളനാപാത്രങ്ങളായ സമരിയാക്കാരിൽ ഒരാളായ തന്നോടു്, കുടിക്കുവാൻ വെള്ളമാവശ്യപ്പെടുന്നതിന്റെ അനൗചിത്യം പുച്ഛരസത്തോടുകൂടി അവൾ ആ ചോദ്യത്തിൽ പ്രകാശിപ്പിക്കുകയാണു്. യഹൂദന്മാരും സമരിയാക്കാരും തമ്മിലുള്ള മതപരമായ അകൽച്ചയെയാണു്, അല്ലാതെ ലേഖകൻ സങ്കല്പിക്കുന്നതരം ജാതിപരമായ അകൽച്ചയെയല്ല അവൾ വിവക്ഷിക്കുന്നതു്. ഇതിനു തെളിവു് അവളുടെ വാക്കുകൾതന്നെ: "മനുഷ്യർ ആരാധനനടത്തേണ്ട സ്ഥലം ജെറുശലെം ആണെന്നു നിങ്ങൾ (യൂദന്മാർ) പറയുന്നെങ്കിലും ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണു് ആരാധനനടത്തിയിരുന്നതു്." ആകയാൽ "യഹൂദന്മാരുടെയിടയിൽ ജാതിവ്യത്യാസം തീരെ ഉണ്ടായിരുന്നില്ല" എന്ന ന്യായംപറഞ്ഞു് യോഹന്നാന്റെ സുവിശേഷത്തിലെ ഈ കഥ "ക്രിസ്തുവിന്റെ കഥയല്ല" എന്നു ലേഖകൻ വാദിക്കുന്നതു യുക്തിക്കും വസ്തുതയ്ക്കും വിപരീതമാകുന്നു.

## കഥയുടെ പൂർണ്ണരൂപം

ക്രിസ്തു ശിഷ്യന്മാരോടുകൂടി തെക്കു യൂദയായിൽനിന്നു്, വടക്കു ഗലീലായിലേക്കു യാത്രപുറപ്പെട്ടു. ഉച്ചയായപ്പോഴേക്കും രണ്ടു പ്രദേശങ്ങൾക്കും മദ്ധ്യത്തിൽ കിടക്കുന്ന സമരിയായിൽ എത്തി. കാൽനടയായി വളരെ ദൂരം സഞ്ചരിച്ചതിനാൽ വളരെ ക്ഷീണിതനായ അവിടുന്നു് സീക്കെം പട്ടണം സ്ഥിതിചെയ്യുന്ന താഴ്വരയുടെ പ്രവേശനസ്ഥാനത്തു്, "യാക്കോബിന്റെ കിണററി"നടുത്തു് വിശ്രമിച്ചു. ശിഷ്യന്മാർ ആഹാരസാധനങ്ങൾ വാങ്ങുവാൻ നേരേ പട്ടണത്തിലേക്കു പോയി.

ക്രിസ്തു ഏകാകിയായി ഇരുന്നിരുന്ന സ്ഥലം ഇസ്രായേൽ ജനത്തിന്റെ പല പുരാതനസംഭവങ്ങളേയും അനുസ്മരിപ്പിക്കുന്നതായിരുന്നു. അവിടത്തെ ഓക്കുവൃക്ഷങ്ങളുടെ താഴെയാണു് പണ്ടു് അബ്രാഹം കൂടാരമടിച്ചതും യഹോവായ്ക്കു് ഒന്നാമത്തെ ബലിപീഠം സ്ഥാപിച്ചതും. യാക്കോബ്ബു് മെസപ്പൊട്ടേമിയായിൽനിന്നു മടങ്ങിവന്നപ്പോൾ വിലയ്ക്കുവാങ്ങുകയും ഒരു കിണർ കുഴിപ്പിക്കാനുപയോഗിക്കുകയും ചെയ്തതും ക്രിസ്തു വിശ്രമിക്കുന്ന സ്ഥലമായിരുന്നു. ഇവിടെവച്ചു തന്നെയാണു് പൂർവ്വയൗസേപ്പിനുവേണ്ട ദൈവാനുഗ്രഹങ്ങൾ ലഭിച്ചതു്. അദ്ദേഹത്തിന്റെ തൈലംപൂശി സൂക്ഷിക്കപ്പെട്ട മൃതശരീരം സംസ്കരിക്കപ്പെട്ടതും ഇവിടെത്തന്നെ. സീക്കെം അനേകശതവർഷക്കാലം യൂദയായിലെ പ്രധാനപട്ടണമായിരുന്നു. അവിടെവച്ചാണു് വളരെക്കാലം ഇസ്രായേലിന്റെ രാഷ്ട്രീയകാര്യാലോചനസഭകളും കച്ചേരികളും നടത്തപ്പെട്ടതു്. ജെറുശലെം യൂദയായുടെ തലസ്ഥാനമായിത്തീർന്നശേഷവും സിക്കെമിന്റെ പ്രാധാന്യത്തിനു വലിയ കുറവുവന്നില്ല.

ക്രിസ്തുവിന്റെ കാലത്താകട്ടെ, ഈ പുരാതനമഹിമകളെല്ലാം ആ സ്ഥലത്തിനു നഷ്ടപ്പെട്ടുപോയി. ആ പ്രദേശത്തിന്റെ പേരുപോലും സമരിയാ എന്നു മാറി. സീക്കെം ശിശ്മക്കാരാൽ അധിവസിക്കപ്പെട്ട ഒരു നവീനനഗരമായിത്തീർന്നു. അവരുമായി സമ്പർക്കമുണ്ടാകാതിരിക്കുവാൻവേണ്ടി യാത്രക്കാർ വളരെ വേഗം നടന്നു് അവിടം കടന്നുപോയിരുന്നു. അത്ര അശുദ്ധമായിട്ടാണു് ആ പ്രദേശം ഗണിക്കപ്പെട്ടിരുന്നതു്. ആ പ്രദേശത്തിന്റെ ഈ പരിതാപകരമായ സ്ഥിതിയെക്കുറിച്ചുള്ള വ്യസനത്താലും യാത്രയുടെ ക്ഷീണത്താലും ക്രിസ്തു ആ കിണററിന്റെ തറയിൽ ഇരുന്നിരുന്നു. അപ്പോൾ യാക്കോബിന്റെ ആ കിണററിൽനിന്നു വെള്ളംകോരുവാൻ ഒരു ചെറിയകുടം തോളിൽവഹിച്ചുകൊണ്ടു സമരിയാക്കാരിയായ ഒരു സ്ത്രീ അവിടെ എത്തി.

## സമരിയാക്കാരി

"എനിക്കു കുടിക്കാൻ തരിക" എന്നു ക്രിസ്തു ശാന്തമായി അവളോടപേക്ഷിച്ചു. അപരിചിതനായ അവിടത്തെ അവൾ നോക്കി. വസ്ത്രംകൊണ്ടും സംഭാഷണരീതികൊണ്ടും അവിടുന്നു് യൂദയാക്കാരനാണെന്നു് അവൾ മനസ്സിലാക്കിക്കൊണ്ടു് പറഞ്ഞു: "ഒരു യഹൂദനായ നിങ്ങൾ ഒരു സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെങ്ങനെ? യഹൂദന്മാർക്കു സമരിയാക്കാരോടു യാതൊരിടപാടുമില്ലല്ലോ." ക്രിസ്തുവിന്റെ അപേക്ഷയെ അവൾ നിരസിച്ചു; അതും വലിയ പുച്ഛരസത്തോടുകൂടി. ദാഹിച്ചു വലഞ്ഞുചെല്ലുന്ന ഏതു വഴിപോക്കനും ഏററവും അപരിഷ്കൃതരായ ജാതിക്കാർപോലും വെള്ളംകൊടുക്കാൻ സന്തോഷമുള്ളവരാണെന്നു് നാം ഓർക്കണം. ആകയാൽ നിഷേധരൂപത്തിലുള്ള അവളുടെ മറുപടി, യഹൂദന്മാരും സമരിയാക്കാരും തമ്മിലുള്ള വിരോധത്തിന്റെ കാഠിന്യത്തിനു പ്രത്യക്ഷമായ തെളിവാണു്.

അവളുടെ നിർമ്മര്യാദമായ മറുപടി കേട്ട ക്രിസ്തു ഇങ്ങനെപറഞ്ഞു: "ദൈവം തരുന്നതെന്താണെന്നും, എനിക്കു കുടിക്കാൻ തരികയെന്നു നിന്നോടു ചോദിക്കുന്നതാരാണെന്നും നീ അറിഞ്ഞിരുന്നെങ്കിൽ, നീ അയാളോടു് അപേക്ഷിക്കുകയും അയാൾ നിനക്കു ജീവിക്കുന്ന വെള്ളം തരികയും ചെയ്യുമായിരുന്നു." ഈ വാക്കുകൾ വിവക്ഷിക്കുന്നതു് ദൈവം ദാനംചെയ്യുന്ന പ്രസാദവരത്തെയാണെന്നു് അവൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തു പറഞ്ഞ ജീവിക്കുന്ന വെള്ളം, കിണററിന്റെ അടിയിൽ ചിലപ്പോൾ ഇളകി തിളങ്ങിക്കൊണ്ടിരിക്കുന്നതായി താൻ പലപ്പോഴും കണ്ടിട്ടുള്ള വെള്ളമാണെന്നാണു് അവൾ വിചാരിച്ചതു്.

അവൾ ആദരപൂർവ്വം സംസാരിക്കുവാൻ തുടങ്ങി. "സ്വാമിൻ, കോരിയെടുക്കാൻ അങ്ങേക്കു പാത്രമൊന്നുമില്ല; കിണർ ആഴമുള്ളതുമാണു്. പിന്നെ എങ്ങനെ ഈ ജീവിക്കുന്നവെള്ളം തരാൻ അങ്ങേക്കു കഴിയും?" ക്രിസ്തുവിന്റെ പ്രശാന്തഗാംഭീര്യവും സംഭാഷണമാഹാത്മ്യവും കണ്ടിട്ടു്, അവിടുന്നു് ഒരു സാധാരണ യഹൂദനെക്കാൾ ഉപരിയായ ആരോ ആണെന്നു് അവൾക്കു തോന്നി. അവൾ തുടർന്നു: "അങ്ങു് ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ? അദ്ദേഹമാണു് ഈ കിണർ ഞങ്ങൾക്കു തന്നതു്. അദ്ദേഹവും അദ്ദേഹത്തിന്റെ പുത്രന്മാരും കന്നുകാലികളും അതിൽനിന്നു കുടിച്ചിട്ടുണ്ടു്." ക്രിസ്തു മറുപടി പറഞ്ഞു: "ഈതരം വെള്ളം കുടിക്കുന്ന ഏതൊരുവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവൻ ദാഹമെന്തെന്നു് പിന്നീടൊരിക്കലും അറിയുകയില്ല. ഞാൻ കൊടുക്കുന്നവെള്ളം അവന്റെ ഉള്ളിൽ ഒരു നീരുറവയായി ഭവിക്കുകയും, അതു് അവനു് നിത്യജീവൻ കൊടുക്കുവാൻ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യും." ദൈവപ്രസാദവരത്തെ അവിടുന്നു് അക്ഷയവും നിർമ്മലവുമായ ഉറവയോടു് ഉപമിക്കുകയാണു്. ഈ അർത്ഥവിശേഷവും അവൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈ ജീവിക്കുന്ന ഉറവ എവിടെയാണെന്നു കാണിച്ചുകൊടുക്കാൻ അവൾ അവിടുത്തോടപേക്ഷി

(ശേഷം 10-ാംപേജിൽ)

പത്താംപീയൂസ് മാർപ്പാപ്പായുടെ ജീവചരിത്രം പരിഷ്കരിച്ചു് കൂടുതൽ വിഷയങ്ങൾ ചേർത്തു് ഉള്ള രണ്ടാംപതിപ്പു് തയ്യാറായിവരുന്നു.

ഗ്രന്ഥകർത്താ:
തോമസ്സ് കളം എസ്. ജെ.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ററി. വി. മറിയം
ഓട്ടപ്പാലം, കായെണ്ണ P. O
N. മലബാർ

Sathya Deepam

Vol. 24 Ernakulam July 25, 1951 No. 46

ആരോഗ്യപംക്തി

# പേപ്പട്ടികടിച്ചാൽ

(കെ. പി. ജേക്കബ് ബി. എസ്‌സി., ഇരിഞ്ഞാലക്കട)

പേപ്പട്ടിവിഷം ജന്തുക്കളിൽ കണ്ടുവരുന്ന ഒരു ഭയങ്കരപകർച്ചവ്യാധിയാണ്. പേയിളകിയ ജന്തുക്കളുടെ ഉമിനീരിൽക്കൂടി അതു മനുഷ്യശരീരങ്ങളേയും ബാധിക്കുന്നതാണ്. ഈ രോഗം ലോകത്തിന്റെ എല്ലാഭാഗത്തും ഒരുപോലെ കണ്ടുവരുന്നു. ഇതു തടയാവുന്ന ഒരു രോഗമാണ്. എന്നാൽ ഒരിക്കൽ രോഗലക്ഷണങ്ങൾ അഭിവൃദ്ധിപ്പെട്ടാൽ, പിന്നെ രക്ഷനേടുക അസാദ്ധ്യമാണ്. അതു് അതിഭയങ്കരമായ ഒരു മരണത്തിൽ കലാശിക്കുന്നു

പേയിളകിയ ഒരു ജന്തുവിൽനിന്നു മാത്രമേ അതു നമ്മെ ബാധിക്കുകയുള്ളു. ആരോഗ്യമുള്ള നായ്ക്കളിൽനിന്നു് അതു പകരുന്നതല്ല. പേയിളകിയ ജന്തുക്കളുടെ ഉമിനീരിൽ ഒരുതരം വിഷദ്രവ്യം അടങ്ങിയിട്ടുണ്ടു്. അത്തരം ജന്തുക്കൾ കടിക്കുമ്പോൾ. നമ്മുടെ ത്വക്കിൽ ഉണ്ടാകുന്ന മുറിവിൽക്കൂടി ആ വിഷദ്രവ്യം രക്തത്തിൽ പ്രവേശിക്കുന്നു. ഈ വിഷദ്രവ്യം ശരീരത്തിൽ വ്യാപിക്കുന്നതു് സിര (nerve) കളിൽക്കൂടിയാണ്. അതിനാൽ ശിരസ്സിലോ, മുഖത്തോ, കഴുത്തിലോ കടിയേൽക്കുന്നതു് കൂടുതൽ അപകടകരമാണ്. അത്തരം സന്ദർഭങ്ങളിൽ. രോഗലക്ഷണങ്ങൾ പത്തുദിവസത്തിനകം പ്രത്യക്ഷപ്പെടുന്നു. എന്നാൽ കാലിലോ, കൈയിലോ ആണ് കടിയേൽക്കുന്നതെങ്കിൽ, രോഗലക്ഷണങ്ങൾ അഭിവൃദ്ധിപ്പെടുവാൻ ഒന്നോ, രണ്ടോ മാസം വേണ്ടിവരുന്നു. മുറിവു് തലച്ചോറിനടുത്താകുന്തോറും, രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുവാൻ വേണ്ട സമയം കുറയുന്നു. മുറിവു് ആഴമേറിയതും, വലുതും എങ്കിൽ ചെറുതരം മുറിവുകൾമൂലം ഉണ്ടാകുന്നതിനെക്കാൾ വേഗത്തിൽ രോഗബീജങ്ങൾ തലച്ചോറിൽ വ്യാപിക്കുകയും, രോഗലക്ഷണങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു.

നായ്ക്കളിൽ ഈ രോഗം രണ്ടുതരത്തിൽ പ്രത്യക്ഷപ്പെടാറുണ്ടു് ഒരുതരത്തിൽ അവ വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കുകയില്ല. ഏതെങ്കിലും മൂലകളിൽ കിടന്നു ഞരങ്ങുകയും, തൊണ്ടയും ശരീരാഗ്രങ്ങളും സാവധാനത്തിൽ മരവിക്കുകയും, ഒടുവിൽ ചുരുണ്ടുകൂട്ടിക്കിടന്നു് ചാവുകയും ചെയ്യുന്നു. രണ്ടാമത്തെതരത്തിലെങ്കിൽ വലിയ ബഹളമായിരിക്കും. നായ് വളരെ അസ്വസ്ഥമായിരിക്കയും, കാര്യമില്ലാതെ കടിക്കുകയും, ഓലിയിടുകയും ചെയ്യുന്നു. അതിന്റെ കണ്ണുകൾ പ്രകാശിച്ചുകൊണ്ടിരിക്കും. തൊണ്ട ക്രമേണ ചുരുങ്ങുന്നു. ശരീരത്തിന്റെ ഓരോ ഭാഗങ്ങളായി മരവിച്ചു്, മരണം സംഭവിക്കുന്നതുവരെ അതിന്റെ പെരുമാറ്റം ഭയങ്കരമായിരിക്കും.

ഈ രോഗംമൂലം ചാകുന്ന ജന്തുക്കളുടെ തലച്ചോറിൽ ഒരു പ്രത്യേകതരം വിഷബീജങ്ങൾ കാണുന്നു. ഒരു സൂക്ഷ്മദർശിനികൊണ്ടു് അവ നോക്കി മനസ്സിലാക്കാവുന്നതാണ്. തലച്ചോറിൽനിന്നോ, സുഷുമ്നാ (Spinal Cord) യിൽനിന്നോ ഈ വിഷബീജങ്ങൾ ശേഖരിച്ചു്, പരീക്ഷണാർത്ഥം മറ്റു ജന്തുക്കളിൽ കുത്തിവെച്ചാൽ അവയ്ക്കും ഈ രോഗം പിടിപെടുന്നു. അതിനാൽ ഈ രോഗം ഒരു പ്രത്യേകതരം അണുജീവികളാണു് പരത്തുന്നതെന്നു് വിശ്വസിച്ചുവരുന്നു.

നായ്, പൂച്ച, കുറുക്കൻ, ചെന്നായ്, കുതിര, പശു തുടങ്ങിയ ചൂടുരക്തമുള്ള ജന്തുക്കളെയെല്ലാം ഈ രോഗം ബാധിക്കാവുന്നതാണ്. എന്നാൽ നായ്ക്കളിലാണു് ഇതു് ഏറ്റവും കൂടുതലായി കാണുന്നതു്. അതിനാൽ ഈ രോഗം പരത്തുന്നതും പ്രധാനമായി അവ തന്നെയാണ്. ഏതുകാലത്തും ജന്തുക്കൾക്കു് പേയിളകാവുന്നതാണ്. എന്നാൽ വേനൽക്കാലത്താണു് ഇതു അധികമായി കാണുന്നതു്. അപ്പോൾ വീട്ടുമൃഗങ്ങൾ കൂടുതൽ ചുറ്റിനടക്കുന്നു.

പേയിളകിയ ഒരു ജന്തു വലിയ ഒരു അപകടമാണ്. വർഷംതോറും നിരവധി ജനങ്ങൾക്കു് അതുമൂലം മരണംതന്നെ സംഭവിക്കാറുണ്ടു്. രോഗലക്ഷണങ്ങൾ ഒരു നായിൽ പ്രത്യക്ഷപ്പെടുവാൻ ഒരാഴ്ചതൊട്ടു്, ആറുമാസംവരെ വേണ്ടിവന്നേക്കാം. പല അപായസൂചനകളും അപ്പോൾ നമുക്കു് കാണാം. സ്നേഹമായും, സൗമ്യമായും പെരുമാറിയിരുന്ന ഒരു നായുടെ പെരുമാറ്റത്തിൽ എന്തെങ്കിലും വ്യത്യാസം കാണുമ്പോൾ നാം ശ്രദ്ധിക്കണം. അതു പെട്ടെന്നു് അസ്വസ്ഥമാവുകയോ, കാരണം കൂടാതെ കടിക്കുകയോ, നിഗൂഢസ്ഥലങ്ങൾ അന്വേഷിക്കുകയോ, ദഹിക്കാത്തവസ്തുക്കൾ കടിച്ചു ചവയ്ക്കുകയോ, അതിന്റെ കീഴ്ത്താടി മരവിക്കുകയോ, ഉമിനീർ വർദ്ധിക്കുകയോ, കുരയ്ക്കുന്ന ശബ്ദം മാറുകയോ, ചെയ്താൽ ഉടനെ ഒരു മൃഗവൈദ്യന്റെ സഹായം ആവശ്യപ്പെടണം. അത്തരം ജന്തുക്കളെ സൂക്ഷിച്ചു് കൈകാര്യംചെയ്യണം. അല്ലെങ്കിൽ കടിയേറ്റെന്നുവരാം. ആരോഗ്യഡിപ്പാർട്ടുമെണ്ടിന്റെ സഹായത്താലെ മറ്റോ ഒരു ശരിയായ പരിശോധനം നടത്തണം. പേയിളകിയ ഒരു നായ്

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു് പത്തുദിവസങ്ങൾക്കകം ചാകുന്നതായിരിക്കും. രോഗലക്ഷണങ്ങൾ ഒരിക്കൽ അഭിവൃദ്ധിപ്പെട്ടാൽ പിന്നെ ഒരു നായും രക്ഷപെടുന്നതല്ല.

രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിനു് ഏകദേശം 12 ദിവസങ്ങൾക്കു മുമ്പു തുടങ്ങി, പേയുള്ള ജന്തുവിന്റെ ഉമിനീരിൽ മുൻപറഞ്ഞ വിഷദ്രവ്യം ഉണ്ടായിരിക്കും. രോഗം വർദ്ധിക്കുന്നതോടെ ഇതും വർദ്ധിക്കുന്നതാണ്. അതിനാൽ കടിക്കുമ്പോൾ ഒരു നായ്ക്കു് പേയില്ലെങ്കിലും രോഗബാധ ഉണ്ടാകാവുന്നതാണ്.

താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിച്ചു് ഈ രോഗത്തിന്റെ പകർച്ച ഏറെക്കുറെ തടയാവുന്നതാണ്.

1 കടിയേറ്റുണ്ടാകുന്ന മുറിവ്, ഉടനെതന്നെ നൈട്രിക് അമ്ലം ഉപയോഗിച്ചു്, ഒരു ഡോക്ടരുടെ സഹായത്തോടെ കരിക്കണം. വീട്ടിൽ ചികിത്സിക്കുവാൻ ഒരിക്കലും ഒരുമ്പെടരുതു്. സാധാരണ രോഗാണുസംഹാരികൾ പേയ്‌വിഷം നശിപ്പിക്കുവാൻ പര്യാപ്തമല്ല. മുറിവു് കരിക്കുന്നതിനു് ഡോക്ടർമാർ മുറിവിനു ചുറ്റും വാസ്‌ലയിൻ പുരട്ടുന്നു. പിന്നീടു് അമ്ലത്തിൽ മുക്കിയ ഒരു സ്ഫടികശലാക കൊണ്ടു് മുറിവിൽതൊടുന്നു. അവിടെ മിക്കവാറും ഒരു അടയാളവും അവശേഷിക്കുന്നതല്ല. ഉണ്ടാകുന്നെങ്കിൽത്തന്നെ അതിനു് ആ മുറിവിന്റെ വലിപ്പമേ ഉണ്ടാവൂ

2 ജന്തുക്കളിൽനിന്നും കടിയേറ്റാലുടനെ വിവരം ആരോഗ്യഡിപ്പാർട്ടുമെന്റിൽ അറിയിക്കണം. ആ ജന്തുവിന്റെ ഉടമസ്ഥനെക്കുറിച്ചുള്ള വിവരവും നൽകണം. ഉടമസ്ഥരില്ലാത്ത നായ്ക്കളെ ആരോഗ്യഡിപ്പാർട്ടുമെന്റിൽനിന്നും പരിശോധിച്ചുകൊണ്ടിരിക്കണം. സംശയിക്കത്തക്ക സാഹചര്യങ്ങളിൽ ഒരു നായോ, പൂച്ചയോ ചാകുന്നെങ്കിൽ, അതു് ആരേയും കടിച്ചിട്ടില്ലെങ്കിൽത്തന്നെ, വിവരം ഉടനെ അധികൃതരെ അറിയിക്കണം. ആ ശവശരീരം ചീയുന്നതിനുമുമ്പ്, അതിലെ തലച്ചോറു് പരിശോധിക്കേണ്ടതാണ്.

3 മുഖത്തു് കടിയേൽക്കുന്നവർ ചികിത്സ ഉടനെ ആരംഭിക്കണം. പരിശോധനയ്ക്കുശേഷം നായ്ക്കു് രോഗം ഇല്ലെന്നു് കണ്ടാൽ ചികിത്സ നിറുത്താവുന്നതാണ്. രണ്ടാഴ്ചയോളം ദിവസംതോറും കുത്തിവെക്കുക എന്നതാണ് ഇതിനുള്ള ചികിത്സ. അനാവശ്യമായി കുത്തിവെക്കുന്നതിനാൽ യാതൊരുവിധ വൈഷമ്യങ്ങളും ഉണ്ടാകുന്നതല്ല. 6 മാസത്തേക്കു് ഈ രോഗം ആ വ്യക്തിയെ ബാധിക്കുന്നതല്ല.

4 നായ്ക്കളുടെ ഉടമസ്ഥന്മാർ അവരുടെ നായ്ക്കളെ ശരിയായി പൂട്ടിയിടേണ്ടതാണ്. തെണ്ടിനടക്കുന്ന നായ്ക്കൾ ഗൃഹപരിസരങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കരുതു്. നായ്ക്കളെ സംബന്ധിച്ചുള്ള ആരോഗ്യഡിപ്പാർട്ടുമെന്റിന്റെ ശാസനകൾ അനുസരിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ രോഗത്തിന്റെ പകർച്ചയെ അവർക്കു തടയുവാൻ കഴിയുന്നു.

5 നായ്ക്കളിൽ വർഷംതോറും പ്രത്യേകം തയ്യാർചെയ്ത പേയ്‌വിഷം കുത്തിവെക്കുന്നതായാൽ (നമുക്കു് മസൂരികുത്തിവെക്കുന്നതുപോലെ) അവയ്ക്കും കുറേയെല്ലാം ഈ രോഗത്തെ പ്രതിരോധിക്കുന്നതിനു കഴിയുന്നു.

അതിനാൽ ഒരു നായ് കടിച്ചാൽ അതു് നിസ്സാരമായിക്കരുതരുതു്. ഒരുപക്ഷേ ഒരു ജീവൻ അപകടത്തിലായേക്കാം.




"ഞാൻ പാപ്പയാകയില്ല:
ദൈവത്തിനു സ്തുതി"

1903-ൽ 13-ാം ലെയോൻ മാർപ്പാപ്പാ പരലോകപ്രാപ്തനായി. പുതിയ മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പിൽ പങ്കുവഹിക്കുന്നതിനായി കർദ്ദിനാളന്മാർ റോമിലെത്തി. അക്കൂട്ടത്തിൽ വെനീസിലെ പാത്രിയർക്കീസായ കർദ്ദിനാൾ സാർത്തോയും (പത്താം പീയൂസ്) ഉണ്ടായിരുന്നു. മടക്കയാത്രയ്ക്കുള്ള ടിക്കറ്റു കൂടി വാങ്ങിയിട്ടാണ് അദ്ദേഹം വെനീസിൽനിന്നും പുറപ്പെട്ടതു്. തിരഞ്ഞെടുപ്പിനുമുമ്പു കർദ്ദിനാളന്മാർ അനൗദ്യോഗികമായ പല മീറ്റിംഗുകളും കൂടി. അവരിൽ പലരും അന്യോന്യം അറിയുകപോലുമില്ലായിരുന്നു. ഒരവസരത്തിൽ, കർദ്ദിനാൾ സാർത്തോയ്ക്കു സമീപം നിന്നിരുന്ന ഒരു ഫ്രഞ്ചുകർദ്ദിനാൾ അദ്ദേഹത്തോടു ഫ്രഞ്ചുഭാഷയിൽ ഇപ്രകാരം പറഞ്ഞു:

"Votre Eminence est sans doute archeveque en Italie· Dans quel di cese?" (സംശയമെന്യേ, തിരുമനസ്സുകൊണ്ടു് ഇറ്റലിയിലെ ഒരു മെത്രാപ്പോലീത്തയാണ്. ഏതു രൂപതയിലാണ്?)

കർദ്ദിനാൾ സാർത്തോ തനിക്കു ഫ്രഞ്ചു സംസാരിക്കാൻ അറിഞ്ഞുകൂടെന്നു ലത്തീനിൽ പറഞ്ഞു. ആകയാൽ ഫ്രഞ്ചുകർദ്ദിനാൾ ചോദ്യം ലത്തീനിൽ ആവർത്തിച്ചു അതിനു കർദ്ദിനാൾ സാർത്തോ മറുപടി പറഞ്ഞു:

"Sum Patriarcha Venetiarum" (ഞാൻ വെനീസിലെ പാത്രിയർക്കീസാണ്.)

വിസ്മയം ഒരു മന്ദഹാസത്തിന്റെ നേരിയ രേഖകൾ അപരന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു. അദ്ദേഹം ഇന്നു: "Non loqueris g llice? Ergo non es pa abilis, siquidem Papa debet gallice loqui." (അങ്ങേക്കു ഫ്രഞ്ചു സംസാരിക്കാൻ അറിഞ്ഞുകൂടെയോ? അങ്ങനെയെങ്കിൽ അങ്ങു പാപ്പാസ്ഥാനത്തിനു അർഹനല്ല; കാരണം, പാപ്പാ ഫ്രഞ്ചു സംസാരിക്കേണ്ടിയിരിക്കുന്നു."

അതു കേട്ടപ്പോൾ വലിയ ഉന്മേഷത്തോടുകൂടി കർദ്ദിനാൾ സാർത്തോ പ്രതിവചിച്ചു: "Verum est· Non sum papabilis· Deo gra ias·" (ശരിയാണ്. എനിക്കു പാപ്പാസ്ഥാനത്തിനു് അർഹതയില്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ )

"യജമാനന്റെ ഭവനത്തിൽ"

പത്താംപീയൂസുമാർപ്പാപ്പായുടെ തിരഞ്ഞെടുപ്പിനുശേഷം തിരുമനസ്സുകൊണ്ടു് ആദ്യമായി വി. പത്രോസിന്റെ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ, അവിടെ തിങ്ങിക്കൂടിയിരുന്ന ഉത്സാഹഭരിതരായ ജനാവലി ഉയർന്ന സ്വരത്തിൽ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. തിരുമേനിക്കു് അതല്പം അസഹ്യമായിത്തോന്നിയതിനാൽ, അവിടുന്നു തന്നെ അനുഗമിച്ചിരുന്ന ആർച്ചുബിഷപ്പ് മെറിഡെൽവാൽ തിരുമേനിയോടു് പറഞ്ഞു: 'യജമാനന്റെ ഭവനത്തിൽ ദാസനുവേണ്ടി അവരിതു ചെയ്യരുതാത്തതാണ്."

പൂർവ്വസ്മരണകൾ

കർദ്ദിനാൾ സാർത്തോ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടുവെന്ന വാർത്ത അദ്ദേഹത്തിന്റെ ജന്മദേശമായ റീസിലെ ജനങ്ങളെ കോൾമയിർ കൊള്ളിച്ചു ആനന്ദവും അഭിമാനവും അവിടെ ഓളം വെട്ടി. ഈ ഒച്ചപ്പാടും ബഹളവും ആളുകളുടെ പരക്കംപാച്ചിലുമെല്ലാം കണ്ടിട്ടു അവിടത്തെ സത്രത്തിലുണ്ടായിരുന്ന ഒരു വൃദ്ധനുമാത്രം കാര്യം മനസ്സിലായില്ല. അവസാനം, ആരോ വെടിവെക്കുന്ന സ്വരത്തിൽ "നമ്മുടെ ജോസഫ് സാർത്തോ മാർപ്പാപ്പായായി" എന്നു ബധിരനായിരുന്ന "കാർന്നോരു"ടെ ചെവിയിൽ വിളിച്ചുപറഞ്ഞു.

"ആരു്", ഹാ! അവൻ മാർപ്പാപ്പായായോ?" വൃദ്ധൻ ഉദ്ഘോഷിച്ചു. തൽക്ഷണം നിരവധി പൂർവ്വസ്മരണകൾ അയാളുടെ സ്മൃതിപഥത്തിൽ വന്നു അണിനിരന്നു. അക്കൂട്ടത്തിൽ, തന്നെ ശ്രവിക്കാൻമാത്രം ക്ഷമ പ്രദർശിപ്പിച്ചവരോടു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ ഒരു കാര്യം ഉണ്ടു: എത്ര പ്രാവശ്യം "ആ വികൃതി" തന്റെ ചെറിഫലങ്ങൾ പറിച്ചുതിന്നാൻ വന്നിട്ടുണ്ടെന്നും, എത്ര പ്രാവശ്യം താൻ അവനെ ഓടിച്ചുകളഞ്ഞിട്ടുണ്ടെന്നും.

"നിങ്ങളെന്നെ
സ്വീകരിക്കയില്ലായിരുന്നു അല്ലേ?"

"ലൂക്കാ" എന്ന അതിരൂപതയിലെ മെത്രാപ്പോലീത്തയായി സാമൂഹികരംഗത്തു അധഃസ്ഥിതനായ ഒരാളെയാണു 10-ാം പീയൂസ് മാർപ്പാപ്പാ നിയമിച്ചതു്. ആ പ്രദേശത്തെ ജനങ്ങൾക്കു അതു രുചിയായില്ല. ആകയാൽ ഉൽകൃഷ്ടവംശജനായ ഒരു വൈദികാദ്ധ്യക്ഷനെ തങ്ങൾക്കു നല്കണമെന്ന നിവേദനവുമായി അവരുടെ ഒരു പ്രതിനിധി മാർപ്പാപ്പായെ സന്ദർശിച്ചു. അദ്ദേഹം അവതരിപ്പിച്ച ന്യായങ്ങളെല്ലാം തിരുമനസ്സുകൊണ്ടു് ശ്രദ്ധാപൂർവ്വം ശ്രവിച്ചശേഷം, സുസ്മേരവദനനായി, അതേസമയം തന്നെ ഗൗരവം നിറഞ്ഞ സ്വരത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ഇതിന്റെയെല്ലാം അർത്ഥം ഏതാനും മാസങ്ങൾക്കുമുമ്പു, ഞാൻ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നതിനു പകരം ലൂക്കായിലെ മെത്രാപ്പോലീത്തായായി നിയമിതനായിരുന്നെങ്കിൽ നിങ്ങളെന്നെ സ്വീകരിക്കയില്ലായിരുന്നു എന്നാണ്, അല്ലേ?"

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam